# വ്യാപാരകേരളം

ഓണപ്പതിപ്പ്

പുസ്തകം 1 ലക്കം 4 പേജുകൾ 52 ഓഗസ്റ്റ് 2020





രാവുണ്ണി


സുകുമാർ കുർക്കഞ്ചേരി


വി.പി.ജോൺസ്


ഇ.ഡി.ഡേവിസ്


പി.കെ.ഭരതൻ


സന്ധ്യ ഇ.

മുഖച്ചിത്രം: സവിത ദാസ്

# എഡിറ്റേഴ്സ് പേജ്



മുഖചിത്രം: സവിത ദാസ്

കൊല്ലം ജില്ലയിലെ ആശ്രാമം സ്വദേശിനി. ഭാഷാധ്യാപിക. ചെറുകഥ, കവിത, ലേഖനം, നോവൽ എന്നിവ ആനുകാലികങ്ങളിൽ എഴുതുന്നു. ഒരു കവിത ഇംഗ്ലീഷിലേക്കും തമിഴിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 2020ൽ സാഹിത്യ രംഗത്തെ യുവപ്രതിഭകൾക്കുള്ള കാവാലം നാരായണപ്പണിക്കർ പുരസ്കാരം ലഭിച്ചു. 'ആര്യ' എന്നൊരു നോവൽ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഓഫീസ്:
**വ്യാപാരകേരളം**
(ഓൺലൈൻ മാസിക)
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്



പ്രമുഖരായ എഴുത്തുകാരുടെ ശ്രേഷ്ഠ രചനകളാൽ സമ്പന്നമാണ് വ്യാപാരകേരളം മാസികയുടെ ഓണപ്പതിപ്പ്. ആദ്യമായാണ് മാസിക ഓണപ്പതിപ്പ് പുറത്തിറക്കുന്നത്. ഭീതിജനകമായ ഒരു പ്രതിസന്ധികാലം മുഖാമുഖം നിൽക്കേ, നിശ്ചിത സമയത്തുതന്നെ ഓണപ്പതിപ്പ് പ്രസിദ്ധീകരിക്കാനായതിൽ ചാരിതാർത്ഥ്യമുണ്ട്.

ഉള്ളുലക്കുന്ന രചനകൾ വഴി കവിയും കഥാകാരനും ലേഖന കർത്താക്കളും വായനക്കാരോട് സംവദിക്കുന്നത്, വ്യത്യസ്ത ജീവിത യാഥാർത്ഥ്യങ്ങളാണ്. ഒരാൾ പൂളിയെടുത്ത ജീവിത കാമ്പാകില്ല മറ്റൊരാളുടേത്. ആ വ്യത്യസ്തത രചനകളിൽ ദൃശ്യമാകുമ്പോൾ, ഓണപ്പതിപ്പ് ഒരു സദ്യവട്ടമായി മാറുന്നു.

'കാവ്യക്കേച്ചർ' എന്ന പുതു സാഹിത്യശാഖക്ക് രൂപം നൽകിയ രാവുണ്ണിയുടെ പരീക്ഷണ കാവ്യരൂപം ഓണപ്പതിപ്പിന് തിലകക്കുറിയായി ചേർത്തിട്ടുണ്ട്. ലബ്ധപ്രതിഷ്ഠരായ എഴുത്തുകാരോടൊപ്പം പുതു തലമുറക്കും പ്രത്യേക പതിപ്പിൽ ഇടം നൽകിയിരിക്കുന്നു.


സമൂഹമാധ്യമങ്ങളിലെ സ്ത്രീ സാന്നിധ്യം, കവിതാ പതിപ്പ്, കഥാപതിപ്പ് എന്നിങ്ങനെ വ്യാപാരകേരളം പ്രസിദ്ധീകരിച്ച പ്രത്യേക പതിപ്പുകൾക്കു ശേഷമാണ് ഈ ലക്കം ഓണപ്പതിപ്പായി മാറ്റിയത്. പതിവായി ഓണപ്പതിപ്പുകൾ പ്രസിദ്ധീകരിച്ചു വന്ന ചില അച്ചടി മാധ്യമങ്ങൾ ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ പിന്മാറിയിട്ടുണ്ട്. ഈ ലക്കം ഓണപ്പതിപ്പാക്കണമെന്ന മാസികാ പ്രവർത്തകരുടെ തീരുമാനത്തിന് പിന്നിൽ ഈ പിന്മാറ്റ സൂചനകളും കാരണമായിട്ടുണ്ട്.

കൂടിച്ചേർന്നുള്ള ആഘോഷങ്ങൾക്ക് സാധ്യതയില്ലാത്ത ഈ ഓണക്കാലം, വായനയുടെ ആഘോഷമാക്കാൻ പ്രിയ വായനക്കാരെ സാദരം ക്ഷണിക്കുന്നു.

**-സി.ആർ.രാജൻ,**
എഡിറ്റർ

കാവ്യക്കേച്ചർ





രാവുണ്ണി

# പരിഹാരശാല

ചട്ടുകം, കോടാലിക്കൈ, പിടിവള്ളി,
മലർപ്പൊടി, കുറുവടി, പഴഞ്ചാക്ക്,
ഓട്ടക്കലം, ആപ്പ്, അള്ളു് ,കൈതോല,
തേടിയ വള്ളി എന്നിവർ
സുപ്രീം കോടതിക്കു മുമ്പിൽ
പ്രതിഷേധയോഗം ചേർന്നു
കണ്ടാമൃഗം,ഹിപ്പോപൊട്ടമസ്,
കഴുത, പട്ടി, കുറുക്കൻ,
ഈനാമ്പേച്ചി ,മരപ്പട്ടി,ഒട്ടകം എന്നിവർ
കേട്ടറിഞ്ഞ് ഐക്യദാർഢ്യവുമായി
അവിടെ എത്തി

അപമാനം കൊണ്ടെനിക്കിരിക്കാൻ
വയ്യേ എന്ന് അധ്യക്ഷൻ
ഇതിലും ഭേദം മരണമാണ് എന്ന്
ഉദ്ഘാടകൻ
അഭിമാനത്തോടെ ജീവിക്കാൻ
വയ്യെന്ന് മുഖ്യ പ്രഭാഷക

'നീചരും കുടിലരും വിഡ്ഢികളും
നിർഗുണരുമായ സഹജീവികളെ



വിശേഷിപ്പിക്കാൻ
മനുഷ്യർ ഞങ്ങളടെ പേര്
ദുരുപയോഗിച്ചു വരുന്നു
ഇത് വംശീയമായ അധിക്ഷേപമാണ്
മതനിന്ദയുമാണ്.
ഞങ്ങളെ മനുഷ്യരോടുപമിക്കുന്നതും
മനുഷ്യരെ ഞങ്ങളോടുപമിക്കുന്നതും
സഹിക്കാൻ പറ്റൂല
അയ്യയ്യയ്യയ്യേ....

അതിനാൽ
ഇത്യാദി  ഉപമകളും ഉൽപ്രേക്ഷകളും
കണ്ടു കെട്ടാനും
ടി പ്രയോഗങ്ങൾ നടത്തിയ
എഴുത്തുകാരേയും മാധ്യമരേയും
നേതാക്കളേയും
മരണം വരെ തൂക്കിലിടാനും
ഉത്തരവാകണം.‘

‘വിശാലൗ ബെഞ്ചഹ ‘ എന്ന്
ബഹു കോടതി
ഉടനടി (ന്ന് ച്ചാൽ കാൽ നൂറ്റാണ്ടിനു ശേഷം)
ഉത്തരവിട്ടു.
കറുത്ത കോട്ടും
കറുത്തകണ്ണടയും കരിങ്കൊടിയും
കരിമഷിക്കണ്ണുകളുമുള്ള ഭരണഘടനാ
വിദഗ്ധ ഉത്തരവിനെ ഇപ്രകാരം
വിശദീകരിച്ചു:
‘ഇതൊരു പൊതുതാല്പര്യഹർജിയായി പരിഗണിച്ച്
കോടതി സ്വമേധയാ
കേസെടുത്തിരിക്കുന്നു.
പ്രശ്നത്തിന്റെ ഗൗരവം
കണക്കിലെടുക്കുമ്പോൾ
ഇതിലൊരു ഭാഷാപ്രശ്നം
അന്തർഭവിച്ചിട്ടില്ലേ എന്നാലോചിക്കുന്ന കാര്യം
വിശാലബഞ്ചിനു വിട്ടിരിക്കുന്നു.‘

പിന്നെയും കാൽ നൂറ്റാണ്ടു നീണ്ടുനിന്ന
ചിന്തൻ ബൈട്ടക്കിനുശേഷം
വിശാല ഉവാച:
‘മതനിന്ദ ആവർത്തിക്കാതിരിക്കാനും
വംശീയാധിക്ഷേപം തടയാനും
ക്രമസമാധാനം സംരക്ഷിക്കാനും വേണ്ടി
ഒരു സമവായ നീക്കം എന്ന നിലയിൽ
പ്രതികൾക്ക് ഓരോ ഉഗ്രശാസനയും
ഈരണ്ട് തൈർസാദവും ഉടൻ നല്കുക

പരാതിക്കാർക്ക്
വേറൊരു മലയാള ഭാഷ പണിതു
കൊടുക്കുക

കോടതി അനിശ്ചിതകാലത്തേക്ക്
പിരിഞ്ഞിരിക്കുന്നു.‘

കഥ





സുകുമാർ കൂർക്കഞ്ചേരി

# ഒറ്റച്ചെരുപ്പ്

**വീ**ടിനു നേരെ മുന്നിൽ കിഴക്കു പടിഞ്ഞാറായി ചെറിയ ഒരിടവഴിയുണ്ട്. വെളുപ്പിന് എഴുന്നേറ്റാൽ പത്മിനി ആ വഴിയിലൂടെ കുറച്ചു നേരം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നത് ഒരു ശീലമാക്കിയിട്ടുണ്ട്. തടി ഒരൽപം കൂടുകയും അതിഥിയായെത്തിയ മുട്ടുവേദന മടങ്ങി പോകാതിരിക്കുകയും ചെയ്തപ്പോൾ സ്കറിയ ഡോക്ടറാണ് കൊളസ്ട്രോൾ ഒന്നു പരശോധിക്കാൻ പറഞ്ഞത്. പിന്നീട് റിസൾട്ട് നോക്കി അദ്ദേഹം തന്നെയാണ് ചെറിയൊരു ഗുളികയും പതിവായി കുറച്ചു നടത്തവും നിർദ്ദേശിച്ചത്.

റിട്ടയർമെന്റ് ജീവിതം നടന്ന് തീർക്കുന്നത് അയാളും ഒരു വ്രതമായി സ്വീകരിച്ചിരുന്നു. നടക്കാനിറങ്ങും മുമ്പ് ഉമ്മറത്ത് വന്നു കിടക്കുന്ന പത്രങ്ങളൊക്കെ ഒന്നു മറിച്ചു നോക്കണം. ചാരുപടിയിൽ ലൈറ്റിട്ടിരുന്ന് അയാൾ പത്രങ്ങളുടെ ഹൃദയഭൂമിയിലേക്ക് പ്രവേശിക്കുമ്പോൾ പത്മിനി ഗേറ്റ് തുറന്ന് ഇടവഴിയിലേക്ക് പോകുന്നു. ഏതാണ്ട് അര മണിക്കൂറെങ്കിലും കഴിഞ്ഞിട്ടാവും അയാൾ എഴുന്നേൽക്കുന്നത്. അപ്പോഴേക്കും നടത്തം പൂർത്തിയാക്കി പത്മിനി മടങ്ങുന്നത് കാണാറുണ്ട്.

എന്നാൽ പതിവിന് വിപരീതമായി അന്നയാൾ പത്മിനിയെ ഇടവഴിയിൽ കണ്ടില്ല. അയാൾ ഇറങ്ങും മുമ്പേ നടത്തം അവസാനിപ്പിച്ച് അവൾ തിരിച്ചു വന്നതായും കണ്ണിൽപ്പെട്ടില്ല. ചെറിയ

ഇടവഴി നീണ്ടുചെന്ന് ടാറിട്ട പ്രധാന പാതയിലേക്ക് ചേരുന്നിടത്തെ വിളക്കുകാലിന്റെ ചുവടുവരെ അയാൾ എത്തി നോക്കി. ചുറ്റുപാട് എവിടെയും ആളനക്കം തുടങ്ങിയിട്ടില്ല. തൊട്ടടുത്ത പറമ്പിൽ പണി നടക്കുന്ന വലിയ ഫ്ളാറ്റുസമുച്ചയം ഒരു തരി വെളിച്ചം പോലുമില്ലാതെ ഇരുട്ടു പുതച്ചു നിൽപ്പുണ്ട്. അയൽവീടുകളിലെ അടുക്കള ഭാഗത്തു മാത്രം ഇത്തിരിവട്ടം വെളിച്ചമുണ്ട്. ഒരുപക്ഷേ പത്മിനി എപ്പോഴെങ്കിലും കയറി പോയിട്ടുണ്ടാവാം. സംശയം ഉറപ്പിക്കാനായി അയാൾ മടങ്ങിച്ചെന്ന് വിളിച്ചു നോക്കി. ' പത്മിനീ– പത്മിനീ.. താനെപ്പോഴാണെടോ തിരിച്ചെത്തിത്? '

ഇല്ല. അവൾ വീട്ടിലെത്തിയ ലക്ഷണമൊന്നുമില്ല. ഒരുപക്ഷേ ഇന്നൊരു ദിവസം കുറച്ച് കൂടുതൽ നടക്കാമെന്നു വിചാരിച്ചിട്ടുണ്ടാവും.

അയാൾ പതിവുനടത്തം ഉപേക്ഷിക്കാൻ പോയില്ല. പത്മിനി പതുക്കെവന്നോളും. ഉമ്മറവാതിൽ ശരിക്കും ചാരിയിട്ടില്ലേ എന്ന് ഒന്നുക്കൂടി ഉറപ്പാക്കായിട്ട് ഇറങ്ങി. തെരുവു വിളക്കുകൾ അണയാൻ ഇനിയും സമയം ബാക്കിയാണ്.

വായനശാലാവളവിലെ പള്ളിയുടെ മിനാരത്തിലുള്ള കുരിശുരൂപവും പുണ്യാളന്റെ പ്രതിമയും നോക്കി അതുവഴി പോകുന്നവർ നെഞ്ചിൽ കുരിശുവരയ്ക്കുന്നതും വിരൽമുത്തുന്നതും പതിവു കാഴ്ചയാണ്. നിത്യേന എത്ര ജീവനുകൾ എടുത്താലും പതിവായി ഇറച്ചിതിന്നണമെന്ന ശാഠ്യം കൊണ്ടു നടക്കുന്നവർ ഈ കുരിശടയാളത്തിനു മുമ്പിലെങ്കിലും എളിമയോടെ വണങ്ങി നിൽക്കുന്നത് ദൈവത്തിന്റെ മഹത്വമല്ലാതെ മറ്റെന്താവാനാണെന്ന് അയാളോർത്തു.

കുറച്ചുമാറി അമ്പലനടയിലെ ആലിൻ കൊമ്പിന്റെ തുഞ്ചാംതുഞ്ചത്ത് മഞ്ഞയും ചുവപ്പും കൊടിക്കൂറകൾ അഹന്തയുടെ അടയാളം കണക്കെ കാറ്റത്ത് നെഗളിപ്പ് കാട്ടുന്നുണ്ട്. ഭൂമിയിൽ ഒരാൽമരക്കൊമ്പത്തെ കൊടിയുടെ പൊക്കം ജീവിതത്തിന്റെ പൊക്കം തന്നെയെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടാവും. വഴിവക്കിലെ അനാഥരായ നായ്ക്കളോടും തൊട്ടടുത്ത ഷെഡ്ഡിൽ കെട്ടിയിട്ടു വളർത്തുന്ന ആടുകളോടും ഉറക്കെ സംസാരിച്ചുകൊണ്ടു നിന്നയാൾ അയാളെ കണ്ട് മുഖം തിരിച്ചു. മൃഗങ്ങളോട് സംവദിക്കുന്ന തന്റെ ഭാഷ ഈ പരിഷ്ക്കാരിക്കു മനസ്സിലാവില്ലെന്നു വിചാരിച്ചു കാണും. ബസ്സ്റ്റോപ്പിലെ തിണ്ണയിൽ ചുരുണ്ടു കിടന്ന പട്ടി അയാളുടെ കാലൊച്ച കേട്ടു തല ഉയർത്തുകയും നിരുപദ്രവിയായ ഒരാളുടെ സാന്നിദ്ധ്യമാണെന്നറിഞ്ഞ് അപകടസാദ്ധ്യത മണക്കാതെ വീണ്ടും ചുരുണ്ടുകൂടുകയും ചെയ്തു.

കഴിഞ്ഞ രണ്ടു ദിവസത്തെ തോരാത്ത മഴയിൽ പുല്ലയിലെ കോൾപ്പാടം നിറഞ്ഞു കവിഞ്ഞിരുന്നു. പാടത്തിനു നടുക്കുള്ള തുരുത്തിലെ താമസക്കാർ വട്ടിയും കുട്ടയും കുട്ടികളുമായി അന്നന്നത്തെ അപ്പം തേടി അരയ്ക്കൊപ്പം വെള്ളത്തിലൂടെ നടന്നു വരുന്നു. പാടത്തിനിക്കരെയാണ് അവരുടെ നിത്യജീവിതത്തിന്റെ വിത്തുകൾ കുഴിച്ചിട്ടിരിക്കുന്നുത് – ഉപ്പും മുളകും അരിയും കിട്ടുന്ന പലവ്യഞ്ജന കട മുതൽ കുഞ്ഞുങ്ങൾ പഠിക്കുന്ന പള്ളിക്കൂടം വരെ. പാൽ അളവെടുക്കുന്ന സഹകരണസംഘം സ്വജന പക്ഷപാതവുമായി വെളുപ്പിനേ തുറന്നു വെച്ചിരിക്കുന്നത് വരുന്നവഴി അയാൾ കണ്ടിരുന്നു. എത്രകാലം നാടു ഭരിച്ചിട്ടും സാധാരണക്കാരുടെ സങ്കടമൊന്നും നേതാക്കന്മാർ കാണാതെ പോവുന്നതെന്തേ എന്നയാൾക്ക് അത്ഭുതം തോന്നി. ഒരു പക്ഷെ പൊന്തിപ്പൊന്തി വരുന്ന ആകാശപ്പാതകളും പെരുകുന്ന മിന്നൽ വാഹനങ്ങളും കാഴ്ചയെ തടസ്സപ്പെടുത്തുന്നത് കൊണ്ടാവാം.

മുക്കിലെ ചായപ്പീടികയിൽ നിന്നും മധുരമിടാത്ത ഒരു ചായയും കുടിച്ച് അയാൾ മടങ്ങി. സാധാരണ കുറച്ചധികം നേരം നടന്ന് ശരീരം വിയർത്തിട്ടേ മടങ്ങാറുള്ളൂ. പത്മിനി ചിലപ്പോൾ പതിവിലധികം നടന്നു ക്ഷീണിച്ചാവും വന്നിട്ടുണ്ടാവുക. ഇന്നിനി തനിക്കു വേണ്ടി ചായ ഇട്ട് തരാൻ ഉടനെ അടുക്കളയിലേക്ക് കയറേണ്ടതില്ലെന്ന് അവളോട് പറയണം.

വീട്ടിലെത്തി കോളിങ്ങ് ബെല്ലിൽ വിരലമർത്തി അയാൾ ഉദ്വേഗത്തോടെ കാത്തുനിന്നു. അയാളെത്തുമ്പോൾ എന്നും പത്മിനി ഉള്ളറ വാതിൽ തുറന്നിടാറുള്ളതാണ്. അടുക്കളയിൽ നിന്നുള്ള ബൾബിന്റെ പ്രകാശം ചിലപ്പോൾ മുറ്റത്തേക്ക് തെറിച്ചു കിടക്കുന്നതും കാണാറുണ്ട്. എന്നാൽ ഇന്നെന്തു പറ്റിയാവോ? എത്രനേരം കഴിഞ്ഞിട്ടും പ്രതികരണമൊന്നുമില്ലാഞ്ഞ് അയാൾ ഇറയത്തേക്കു കയറിച്ചെന്നു. ആശങ്കയോടെ വാതിലിൽ മുട്ടുകയും ഉറക്കെ വിളിച്ചു നോക്കുകയും ചെയ്തു: 'പത്മിനീ..... പത്മിനീ'

അടഞ്ഞ വാതിൽപ്പാളികൾ അയാൾ നടക്കാനിറങ്ങുമ്പോൾ ചാരിയിട്ടിരുന്നത് അ

തേ പടി തന്നെ! വിരലുകളുടെ ചെറിയ മർദ്ദം കൊണ്ടു തന്നെ ഉടമസ്ഥനോടു വിധേയത്വം കാട്ടി വാതിൽപ്പാളികൾ അകന്ന് മാറി നിന്നു. അയാൾ എല്ലാ മുറികളിലും ഓടി നടന്നു വിളിച്ചു. പിന്നെ അതേ വേഗത്തോടെ പുറത്തേക്കിറങ്ങി.

അടുത്ത പറമ്പിൽ ഗൾഫുകാരൻ ലോറൻസ് നിർമ്മിക്കുന്ന കൂറ്റൻ ഫ്ളാറ്റ് സമുച്ചയം അന്യനെ പോലെ നിലകൊള്ളുന്നു. പണി ഏതാണ്ട് പൂർത്തീകരിച്ചെങ്കിലും വാതിലുകളും ജനലുകളും പിടിപ്പിച്ചിട്ടില്ല. അയാൾ പ്രതീക്ഷയോടെ അങ്ങോട്ട് ഓടിക്കയറി. നോട്ടക്കാരൻ ജോസഫിനെ കണ്ടാൽ എന്തെങ്കിലും വിവരം കിട്ടിയാലോ?

ജോസഫിനെ അയാളാദ്യം കാണുന്നത് ഒരിക്കൽ ഒന്നു ഫോൺചെയ്തോട്ടെ എന്ന് ചോദിച്ചു കൊണ്ട് വീട്ടിൽ വരുമ്പോഴാണ്. കയ്യിലിരുന്ന മൊബൈൽ ഫോൺ നീട്ടിയപ്പോൾ വാങ്ങിയില്ല. ലാന്റ് ഫോൺ ഉപയോഗിച്ചോട്ടെ എന്നു ചോദിച്ചപ്പോൾ സ്വീകരണമുറിയിലേക്കു ചൂണ്ടി അനുമതി കൊടുത്തു. ജോസഫ് ഏതോ സ്ത്രീയോട് സംസാരിക്കുന്നത് കേട്ടു: 'മാഡം, ഞാനിവിടെ ഫ്ളാറ്റു പണിയുന്നിടത്തു നിന്നാണ് വിളിക്കുന്നത്. ജോലിയൊന്നുമില്ല. കാര്യമായ പഠിപ്പുമില്ല. പ്രായമായ അച്ഛനും അമ്മയും നാലു സഹോദരിമാരുമുണ്ട്. ജീവിക്കാൻ ഒരു വഴിയുമില്ല. ഇവിടെ ഒരു നോട്ടക്കാരന്റെ പണിയെങ്കിലും തന്നു സഹായിച്ചാൽ നൂറു പുണ്യം കിട്ടും.'

ഒറ്റ ശ്വാസത്തിൽ ഇത്രയും പറഞ്ഞ് ജോസഫ് മറുപടിക്ക് കാതോർക്കുന്നതും കണ്ടു. അതു കഴിഞ്ഞ് ഫോൺ വെച്ച് ഇറങ്ങുമ്പോൾ അയാൾ ചോദിച്ചു 'നിങ്ങളിപ്പോൾ സംസാരിച്ചത് ആ ഗൾഫുകാരന്റെ ഭാര്യയോടല്ലേ? സാരമില്ല – നിങ്ങൾക്കു വേണമെങ്കിൽ മറ്റൊരു ജോലി തരപ്പെടുത്താൻ ചിലപ്പോൾ എനിക്കു കഴിഞ്ഞേക്കും'

'ചുമ്മാതെ സാറെ'

– ജോസഫ് ചിരിച്ചു.

'ഞാനിപ്പോഴും അവരുടെ ജോലിക്കാരൻ തന്ന്യാ. കൊച്ചമ്മയുടെ മനസ്സറിയാനായി ഒന്നു ശബ്ദം മാറ്റി വിളിച്ചു നോക്കീതാ. മറുപടി ഞാനൂഹിച്ചതു തന്നെ. ഇവിടെയിപ്പോൾ നല്ലൊരു ജോലിക്കാരനുണ്ടെന്നും പുതിയൊരാൾക്കു വേണ്ടി അയാളെ ഒഴിവാക്കാൻ പറ്റില്ലാന്നും! കേട്ടപ്പോൾ ഒരുപാട് സന്തോഷം. നമ്മളെപ്പറ്റി നമ്മൾതന്നെ കരുതുന്നല്ലല്ലോ ശരിയായ അഭിപ്രായം. മറ്റുള്ളവരിൽ നിന്നും കേൾക്കണം. അങ്ങനെയല്ലെ സാറെ?'

അങ്ങനെയല്ല എന്നു പറയാനാണ് അയാൾക്കു തോന്നിയത്. കാരണം സ്വയം വിലയിരുത്തലാണ് ഒരാളുടെ വളർച്ചയിൽ പങ്കുവഹിക്കുന്നതെന്ന് എത്രയോ മുമ്പേ അയാൾ മനസ്സിലാക്കിയിട്ടുള്ളതാണ്. അന്യന്റെ വിലയിരുത്തലിൽ ആധികാരികത ഒട്ടുമുണ്ടാവില്ലെന്നും! അവ യഥാർഥ പ്രശ്നങ്ങളിലേക്കും അതിന്റെ ആഴങ്ങളിലേക്കും വെളിച്ചം വീശണമെന്നില്ല. സ്വയം വിലയിരുത്തൽ ശേഷി നഷ്ടമാകുമ്പോഴോ അതിനു തയ്യാറാകാതെ വരുമ്പോഴോ ആണ് ഒരാൾക്ക് മറ്റുള്ളവരുടെ വിധി നിർണ്ണയത്തിനു മുമ്പിൽ കീഴടങ്ങേണ്ടി വരുന്നത്.

ജോസഫ് അത്രയും നേരം അയാളെ തന്നെ ശ്രദ്ധിച്ചു നിൽപ്പായിരുന്നു.

തോൽക്കാൻ മനസ്സില്ലാത്തവരുടെ മുമ്പിൽ തോൽവിയും കീഴടങ്ങുകയാണു പതിവ്. നിരന്തരമായ ശ്രമം കൊണ്ടാവില്ല ആരും വിജയ ശ്രീലാളിതരാവുന്നത്. വിജയിക്കുന്നതു വരെയുള്ള പരിശ്രമത്തിലാണ്. പ്രവൃത്തി പരാജയപ്പെടുന്നതിനു മുമ്പേ മനസ്സു കീഴടങ്ങിയേക്കാം. പരാജയപ്പെട്ട മനസ്സിനു വേണ്ടി പ്രവർത്തിക്കാൻ പിന്നെ ശരീരത്തിനു താല്പര്യമുണ്ടാവുന്നതുമല്ല.

ജോസഫിനെ പരാജയപ്പെടുത്തേണ്ട എന്നു കരുതി അയാൾ പറഞ്ഞു: 'നിങ്ങൾ ആളു സമർത്ഥൻ തന്നെ. ഒരു പക്ഷെ ഞാൻ വിചാരിച്ചതിനേക്കാൾ അധികം'.

പിന്നീട് എന്നും ജോസഫ് പത്രവും ആവശ്യപ്പെട്ടു വന്നു. വീട്ടിൽ വരുത്തുന്ന രണ്ടു മലയാള പത്രങ്ങളും എടുത്തുക്കൊടുക്കുമ്പോൾ ജോസഫ് ചോദിച്ചു: 'ആ ഇംഗ്ലീഷ് പത്രം എന്തിനാ ഒഴിവാക്കിയത്? അതും കൂടി വായിച്ച് ഒന്നിച്ചു തിരിച്ചു തന്നാൽ പോരെ?'

അയാൾ അത്ഭുതം മറച്ചുവെച്ചില്ല. അപ്പോൾ ജോസഫിന് ഇംഗ്ലീഷും അറിയാമോ? പഠിപ്പില്ലെന്ന് പറഞ്ഞിട്ട്!

വലിയ ചിരി സമ്മാനിച്ചു കൊണ്ട് ജോസഫ് പത്രങ്ങളും കൊണ്ടു വർക്ക് സൈറ്റിലേക്കു പോയി.

ഒരാൾ ബാഹ്യമായ ആകൃതിയ്ക്കപ്പുറം ആന്തരീക വ്യക്തിത്വവും കൂടി ചേർന്നതാണെന്ന് അയാൾ മനസ്സിലാക്കിയിട്ടുണ്ട്. എന്നാൽ ആരുടെയെങ്കിലും അമ്പരിപ്പിക്കുന്ന രഹസ്യങ്ങൾ തേടി ഓരോ മുഖത്തിന്റെയും പ്രത്യേകതകൾ സൂക്ഷ്മതയോടെ പഠിക്കേണ്ട കാര്യമൊന്നും ഒരു കാരിക്കേച്ചറിസ്റ്റിനെപ്പോലെ അയാൾക്കില്ലായിരുന്നു. കാരി

ക്കേച്ചറിസ്റ്റുകളുടെ ഭാഷയിൽ മനുഷ്യമുഖത്തിന് ഒരു നൂറു ഭാവങ്ങളുണ്ടാവാം. എന്നാൽ ജോസഫിന്റെ മുഖത്ത് എപ്പോഴും ഒരേ ഭാവം മാത്രമേ അയാൾക്കു കാണാൻ കഴിഞ്ഞിരുന്നുള്ളൂ.

ജോസഫ് വിശ്രമിക്കാറുള്ള ഷെഡ്ഡിലും ഭക്ഷണം വെച്ചു കഴിക്കുന്ന മുറിയിലും അയാൾ ഓടിച്ചെന്നു നോക്കി. മനസ്സിലെ വേവലാതികൾ പങ്കുവെയ്ക്കാൻ ഒരാൾക്കൂടി ഒപ്പം ഉണ്ടാകുന്നത് ആശ്വാസമായിരിക്കുമെന്ന് അബോധപ്പൂർവ്വമായെങ്കിലും അയാളാഗ്രഹിച്ചു. എവിടെയും ആരെയും കണ്ടില്ല. പുറത്തിറങ്ങി വിശാലമായ പറമ്പിന്റെ ഓരം ചേർന്നു പണിയുന്ന ഫ്ളാറ്റിന്റെ സമുച്ചയത്തിന്റെ ചുറ്റും അയാൾ പത്മിനിയെ തേടി. അകലെ മാറി പണ്ടെന്നോ കല്ലുവെട്ടിയ മട പുലർന്നിട്ടും ഇരുട്ടിനെ കൈവിടാൻ മടിച്ചു നിൽക്കുന്നു. അടുത്തു ചെല്ലുമ്പോൾ അയാളെ ഞെട്ടിച്ചു കൊണ്ട് വള്ളി പൊട്ടിയ ഒറ്റച്ചെരുപ്പ് കണ്ണിൽപ്പെട്ടു. അത് പത്മിനിയുടേത് തന്നെയാണെന്ന്കൂടി തിരിച്ചറിഞ്ഞപ്പോൾ അതുവരെയില്ലാത്ത ഒരു ഭയം അയാളെ പിടികൂടി.

'പത്മിനി' - ഇരുട്ടുമൂടിയ ഗർത്തത്തിലേക്കു നോക്കി അയാൾ നെഞ്ചിടിപ്പോടെ ഉറക്കെ വിളിച്ചു. പിന്നെ ആലോചിക്കാൻ നിൽക്കാതെ മൺതിട്ടകൾ ചവിട്ടി ചരിവുകളിലൂടെ താഴോട്ടിറങ്ങുമ്പോൾ പത്മിനി ചുമലിൽ പിടിച്ചതു പോലെ!

'ഏട്ടാ.. വേണ്ടാട്ടോ...'

നല്ലതല്ലെന്നു തോന്നുന്ന ഏത് കാര്യത്തിനും മുതിരുമ്പോഴും അവളങ്ങനെ നിരുത്സാഹപ്പെടുത്താറുള്ളതാണ്. ലാളനകളും ചേർത്തു പിടിച്ചുള്ള സാന്ത്വനമൊന്നും പ്രതീക്ഷിച്ചു കൊണ്ടല്ല പത്മിനി എന്തെങ്കിലും ചെയ്യാറുള്ളത്. അവളെ കേൾക്കുകയും ഒപ്പം സമയം ചെലവഴിക്കുകയും ജന്മദിനവും വിവാഹവാർഷികവും ഓർത്തു വെച്ച് സമ്മാനങ്ങൾ വാങ്ങി നൽകുകയും ചെയ്യുന്നു. പ്രത്യക്ഷത്തിൽ തീരെ ചെറുതെന്നു തോന്നുന്ന കാര്യങ്ങൾക്കൊന്നും വേണ്ടി പത്മിനി കാത്തിരിക്കാറേയില്ല. എന്നാൽ പുരുഷൻ പങ്കാളിയിൽ നിന്ന് എപ്പോഴും ബഹുമാനവും കരുതലും പ്രതീക്ഷിക്കുന്നുണ്ട് എന്നറിഞ്ഞിട്ടോ അല്ലാതെയോ പത്മിനി സദാ സ്വന്തം ചുമതലകൾ തെറ്റാതെ നിർവഹിച്ചു പോന്നു. മാനസിക സംഘർഷങ്ങളുണ്ടാവുമ്പോൾ സാന്ത്വനവും പ്രതിസന്ധികളിൽ അയാൾക്കു പിന്തുണയും നൽകി. അതുകൊണ്ടു തന്നെ അവളുടെ വിലക്ക് അവഗണിക്കുവാൻ അയാൾക്കായില്ല.

താഴോട്ടിറങ്ങുന്ന കല്ലുവെട്ടു മട ഇരുട്ടു മൂടിയ ഗർത്തം കണക്കെ അയാളുടെ വിളിക്ക് മറുവിളി തരാതെ മൗനം പൂണ്ടു. ഏതാനും നിമിഷങ്ങൾ കൂടി പത്മിനിയുടെ സ്പർശം അയാളെ മുകളിൽ തന്നെ പിടിച്ചുനിർത്തിയെങ്കിലും ഉള്ളിൽ എരിയുന്ന ആശങ്കയുടെ അഗ്നി നിരന്തരം അയാളെ പൊള്ളിച്ചു.

പിന്നെ താഴോട്ട് താഴോട്ട് മൺചരിവുകളിലൂടെ ഓടിയിറങ്ങുമ്പോൾ അശുഭകരമായ ഓർമ്മപ്പോലെ വീണ്ടും ജോസഫ് മനസ്സിലേക്കു വന്നു.

വായിച്ചു തീർന്ന പത്രങ്ങൾ തിരികെ കൊണ്ടു തരുമ്പോൾ ഒരു ദിവസം ജോസഫ് പറഞ്ഞു:'പത്രമൊന്നും വായിച്ചു കൂടാ എന്റെ സാറെ. കൊലയുടെയും പീഡനത്തിന്റെയും വാർത്തകളേയുള്ളൂ എന്നും. ഇങ്ങനെ കൊല്ലാനും പീഡിപ്പിക്കാനും എങ്ങന്യാ മനുഷ്യർക്ക് കഴിയുന്നതാവോ? മദയാന കുത്തിക്കൊല്ലും പോലെയാണ് മനുഷ്യൻ മനുഷ്യനെ കുത്തിക്കൊന്നെന്നു പറയുന്നത്. ഏഴ് ദിവസം പ്രായമായ കുഞ്ഞും എഴുപത് കഴിഞ്ഞ മുത്തശ്ശിയും എത്ര ആഘോഷമായിട്ടാണ് പീഡിപ്പിക്കപ്പെടുന്നത്!'

കൊടുംതണുപ്പിലും അയാളുടെ ശരീരമാസകലം വിയർക്കുന്നുണ്ടായിരുന്നു. കണ്ടുകിട്ടാത്ത മറ്റേ ചെരുപ്പിനൊപ്പം പത്മിനി ഉണ്ടായിരിക്കണേ എന്നയാൾ ആഗ്രഹിച്ചു. ഓടിയിറങ്ങിച്ചെല്ലുമ്പോൾ ഒപ്പം ഒളിച്ചുകടന്ന വെളിച്ചത്തിന്റെ ഒരു തുള്ളി അടിത്തട്ടിലെ ഓളങ്ങളൊതുങ്ങിയ ചെറിയ ജലാശയം അയാൾക്കു കാട്ടിക്കൊടുത്തു. പത്മിനിയുടെ കാണാതെപോയ ചെരുപ്പിനു വേണ്ടി കണ്ണുകൾ ജലോപരിതലത്തിൽ തിരയുമ്പോഴും അയാൾ നിരന്തരം അവളുടെ പേരു ചൊല്ലി ഉറക്കെ വിളിച്ചു.

പെട്ടെന്ന്, എവിടെനിന്നോ ഒരു കൈ മെല്ലെ അയാളുടെ ചുമലിൽ വീണു.

'ഇരയുടെ പേര് ഒരിടത്തും പറയരുതെന്നല്ലേ സാറെ നമ്മളൊക്കെ കേട്ടിരിക്കുന്നത്? എന്നിട്ടും?'

ഇരുട്ടിന്റെ നേർത്ത പാട ഭേദിച്ച് ജോസഫ് മുന്നിൽ നിന്നു ചിരിക്കുന്നു. ആ വലതു കൈപ്പടം നീണ്ടുനീണ്ട് അയാളുടെ നേർക്കുവരുന്നു. വായും മൂക്കും പൊത്തിപ്പിടിക്കാൻ പാകത്തിൽ ഒരു കവുങ്ങിൻ പാള കണക്കെ അത് വലുപ്പം വെയ്ക്കുന്നു. ●

# ദേശീയ സ്വാതന്ത്ര്യസമ്പാദനത്തിന്റെ ചരിത്രവും വർത്തമാനവും



ഈ. ഡി. ഡേവീസ്

ഇന്ത്യാരാജ്യം മഹാമാരിയുടെ പിടിയിൽ അകപ്പെട്ട് അതിജീവനത്തിനായി പടപൊരുതുന്ന സന്ദർഭമാണിത്. ഇതിനിടയിലും കേന്ദ്ര സർക്കാർ യുദ്ധോപകരണങ്ങൾ വാങ്ങിക്കൂട്ടുന്നതിലും യുദ്ധോത്സുകത ജനങ്ങളിലേക്ക് പകരുന്നതിനും പ്രത്യക്ഷവും പരോക്ഷവുമായി കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. ഏകദേശം നാൽപ്പതിനായിരം കോടിരൂപയുടെ ആയുധങ്ങൾ വാങ്ങുന്നതിന് കാണിക്കുന്ന ജാഗ്രത കോവിഡിനെ നേരിടുന്നതിൽ ഉണ്ടോ എന്നത് സംശയകരമാണ്. എങ്കിൽ ഇന്ത്യയിലെ സാധാരണ മനുഷ്യർ മുന്നറിയിപ്പില്ലാതെ ലോക്ഡൗൺ പ്രഖ്യാപിച്ചപ്പോൾ നടന്നു തളർന്ന് റോഡിൽ വീണും റോഡപകടങ്ങളിൽപ്പെട്ടും പട്ടിണിക്കിടന്നും മരിക്കുകയില്ലായിരുന്നു. അവർക്ക് മാനുഷികമായ പരിഗണന നല്കാൻ സർക്കാർ എന്തുചെയ്തു? ഇന്ത്യൻ പട്ടാളത്തെ ഉപയോഗിച്ചാൽ അവരെ എത്ര വേഗം അവരുടെ വീടുകളിൽ എത്തിക്കാമായിരുന്നു.

മൻ കി ബാത്ത് എന്ന വീമ്പിളക്കി പ്രസംഗകന് മനുഷ്യർ എന്നു പറഞ്ഞാൽ എല്ലാ മനുഷ്യരും പെടുകയില്ല. തങ്ങളുടെ



**ലോക്ക് ഡൗണിൽ റേഷൻ മുടങ്ങിയതിനെ തുടർന്ന് പ്രതിഷേധിക്കുന്നവർ. അമൃത്സറിനടുത്ത് റസൽപുർ കലനിൽ നിന്നുള്ള ദൃശ്യം.**

വർഗീയ-നവലിബറൽ നയങ്ങളെ പാലൂട്ടുന്നവർ മാത്രമാണ് 'രാജ്യസ്നേഹികൾ'. കുത്തകകളുടെ വായ്പകൾ എഴുതിത്തള്ളുന്നതിൽ കാണിക്കുന്ന ആവേശത്തിമർപ്പ് വിലക്കയറ്റം നിയന്ത്രിക്കുന്നതിലോ കർഷകരെ ആത്മഹത്യയിലേക്ക് നയിക്കുന്ന കടവായ്പ എഴുതി തള്ളുന്നതിലോ ഇല്ല എന്നത് പകൽപോലെ സുവ്യക്തമാണ്.

ഇത്തരമൊരു സാഹചര്യത്തിൽ നിന്ന് ഇന്ത്യൻ ജനത പിന്നിട്ട വഴികളെ പറ്റിയും ജനാധിപത്യ സംവിധാനം നേരിടുന്ന അപകടാവസ്ഥയെപ്പറ്റിയും ഓർക്കുന്നത് അനുപേക്ഷണീയമാണ്. ഏതാണ്ട് ഒരു നൂറ്റാണ്ടു കാലത്തെ രക്തം ചൊരിഞ്ഞുള്ള സഹനസമരങ്ങളുടെയും ജീവിത ത്യാഗങ്ങളുടെയും പരമ്പരകളെ തുടർന്നാണ് 1947 ആഗസ്റ്റ് 15 ന് ഇന്ത്യ രാഷ്ട്രീയ സ്വാതന്ത്ര്യത്തെ സാക്ഷാൽക്കരിച്ചത്. മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും രവീന്ദ്രനാഥ് ടാഗോറും മറ്റ് ഒട്ടനവധി നേതാക്കളും ചേർന്നാണ് ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്ക് നയിച്ചത്. അവരാണ് ഇന്ത്യക്ക് ജനാധിപത്യ സംവിധാനം സമ്മാനിച്ചത്. അതോടെ ഇന്ത്യ ജനാധിപത്യവ്യവസ്ഥയുടേ തന്നെ വലിയ പരീക്ഷണശാലയായി വളർന്നു. രാജ്യം മുന്നോട്ടു പോയി. മുഴുപ്പട്ടിണിയുടെ കാലം പോയി. ഭക്ഷ്യക്ഷാമം പമ്പ കടന്നു. ശുചിത്വവും ആരോഗ്യവും ബഹുഭൂരിപക്ഷത്തിനും നേടാനായി. പകർച്ചവ്യാധികൾ നിയന്ത്രിക്കാനായി. വിദ്യാഭ്യാസവും സാക്ഷരതയും ബഹുഭൂരിപക്ഷത്തിനും സാധിതമായി. വാർത്താവിനിമയ രംഗത്തും ബഹിരാകാശ പര്യവേഷണരംഗത്തും ഇന്ത്യ ലോക ശ്രദ്ധ നേടി. ജവഹർലാൽ നെഹ്റു പ്രഥമ പ്രധാനമന്ത്രി ആയപ്പോൾ നടത്തിയ ആസൂത്രിതമായ കർമ്മ പദ്ധതികളും പരിശ്രമങ്ങളും ആണ് ഇന്ത്യക്ക് അത്തരത്തിൽ വളരാനുള്ള അടിത്തറ പാകിയത്. രാഷ്ട്രീയ ജീവിതവുമായും ജനജീവിതവുമായും ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും നെഹ്റുവിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ വ്യാപിച്ചിരുന്നു. പോരായ്മകൾ നിരത്താൻ പലതുമുണ്ട്. പക്ഷെ നേടിയതൊന്നും വിസ്മരിക്കാനാകില്ല. നമ്മുടെ മുതുമുത്തച്ഛന്മാർക്ക് ലഭിക്കാതിരുന്ന ഒരുപാട് സൗകര്യങ്ങൾ ഇന്നത്തെ തലമുറ അനുഭവിക്കുന്നുണ്ട് എന്നോർക്കുക.


വീടുകളിലേക്ക് തിരിച്ചു പോകാൻ യാത്രാസൗകര്യങ്ങൾ ഇല്ലാതെ അരക്ഷിതരായി തീർന്ന അന്യസംസ്ഥാന തൊഴിലാളികൾ ബംഗളൂരുവിൽ.

ഇന്ന് സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള സങ്കൽപം മാറിയിരിക്കുന്നു. അതുകൊണ്ട് അന്നത്തെ തലമുറയുടെ സ്വപ്നമല്ല ഇന്നത്തേത്. അന്ന് ബ്രിട്ടീഷ് കോളനി വാഴ്ചയുടെയും ജന്മിത്വത്തിന്റെയും ചൂഷണവും അസ്വാതന്ത്ര്യവും മർദ്ദക വാഴ്ചയുമാണ് പ്രശ്നം. ഇന്നത്തെ തലമുറക്ക് അതുണ്ടാക്കിയ ഭീകരമായ മനുഷ്യാവസ്ഥകളെക്കുറിച്ച് പറഞ്ഞാൽ ഒട്ടും ഉൾക്കൊള്ളാനാവില്ല. മനുഷ്യൻ എന്ന നിസ്സഹായാവസ്ഥക്കു മുമ്പിൽ അപമാനിതനായി തലത്താഴ്ത്തി നടക്കാനാണ് വിധി. ജാതിപരമായ അസ്വാതന്ത്ര്യങ്ങൾ തന്നെ നിരവധിയാണ്. കീഴ്ജാതിക്കാരായി വകഞ്ഞിടപ്പെട്ടവരുടെ അസ്വാതന്ത്ര്യങ്ങൾ അത്രമേൽ അപാരമാണ്. അതിന്റെ തീക്ഷ്ണത അത്തരം സമുദായങ്ങളിൽ ജനിച്ചു ജീവിക്കുന്ന ഇന്നത്തെ തലമുറയ്ക്കും പോലുമറിയില്ല. അക്കാലത്താണ് മഹാകവി കുമാരനാശാൻ ഇങ്ങനെ എഴുതിയത്.


സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം

(ശേഷം പേജ് 51)

# വ്യാജ സാക്ഷികളുടെ സത്യവാങ്മൂലങ്ങൾ



**വി. പി. ജോൺസ്**



യു ഡിഡ് ഇറ്റ്?

നീയത് ചെയ്തു?

അതെ ശരി തന്നെയായിരിക്കാമത്. ഞാനും ഇക്കാര്യത്തിൽ ചിലപ്പോൾ തെറ്റുകാരനായിരിക്കാം. എന്നാൽ ഞാൻ സത്യമായും നിങ്ങളോടു ശപഥം ചെയ്തു പറയുന്നു; എനിക്കൊരിക്കലും അപ്രകാരം ചെയ്യാൻ കഴിയുമായിരുന്നില്ലെന്ന്. പിന്നെ അതെങ്ങനെയാണ് സംഭവിച്ചുപോയത്?

സംയമനം കൈവെടിയാതെ ഞാൻ പറയാൻ തുടങ്ങി. ഞാൻ എല്ലാം തുറന്നു തന്നെ പറയാം. നിങ്ങൾ ക്ഷമാപൂർവ്വം എല്ലാം കേട്ടുകൊള്ളണം എന്നു മാത്രം. നിങ്ങൾക്കത് വിശ്വസിക്കുകയോ വിശ്വസിക്കാതിരിക്കുകയോ ചെയ്യാം. അത് നിങ്ങളുടെ ഇഷ്ടം. എനിക്കതിലൊട്ടും നീരസമില്ല. ഇനി ഒരു കാര്യം കൂടി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു.

എന്താ? എന്താണത്? വേഗം ഒന്നു പറഞ്ഞ് തീർക്ക്.

ഇരുവരും വല്ലാതെ ഉൽക്കണ്ഠാകുലരും ആകാംക്ഷാഭരിതരും ജിജ്ഞാസുകളുമൊക്കെ ആയിമാറിയിരിക്കുന്നു. അവർ മുറുമുറുക്കാൻ തുടങ്ങി.

എന്താണ് നിങ്ങൾ അങ്ങനെ വാക്കുകൾ അനാവശ്യമായി വലിച്ചു നീട്ടുന്നത്? പറയാനുള്ളത് വൈകിക്കാതെ പറഞ്ഞ് തീർക്ക്.

ഞാൻ ഉടൻ തന്നെ ഉച്ചത്തിൽ മറുത്തുരിയാടി.

'നിങ്ങൾക്കു പ്രയാസമില്ലെങ്കിൽ നമുക്കൊരുമിച്ച് നാളെ നീതിന്യായകോടതിയെ സമീപിക്കാം. നടന്ന കാര്യങ്ങൾ വള്ളി പുള്ളി തെറ്റാതെയും അണുവിട വ്യതിചലിക്കാതെയും അക്കമിട്ടു തന്നെ നമുക്ക് ന്യായാധിപസമക്ഷം ബോധിപ്പിക്കാം. ബഹുമാനപ്പെട്ട കോടതി ഒരന്തിമ തീരുമാനമെടുത്തുക്കൊള്ളട്ടെ. എന്താ സമ്മതക്കുറവൊന്നുമില്ലല്ലൊ? ഏതെങ്കിലും തരത്തിൽ വിയോജിപ്പ്?

ങേ...? എന്താ പറഞ്ഞത്?കോടതിയിൽ പോകാമെന്നോ?'എടുത്ത പടി അയാൾ ചാടിക്കയറി.

പൊടുന്നനെ അയാളുടെ ശബ്ദം താണു. മുഖം വല്ലാതായി. മുഖത്തുണ്ടായിരുന്ന മന്ദഹാസം മാഞ്ഞു. കണ്ണുകൾ ചുവന്നു. കവിളുകൾ കോപജ്വാലയിൽ ഉരുകിക്കൂടി. പുരികങ്ങൾ മുള്ളുകൾ പോലെ എഴുന്നു നിന്നു. ശബ്ദമാകെ ചിലമ്പിച്ചിതറി. എന്താ അയാൾ ധരിച്ചുവശായതാവോ?

അത്തരം ഒരു സംഗതി സംഭവിക്കുകയേയില്ല. അയാൾ അറുത്ത് മുറിച്ച് ചിലമ്പിച്ച സ്വരത്തിൽ വിളിച്ചുകൂവി. ഇല്ല.... ഇല്ല... അങ്ങനെയൊന്നും സംഭവിക്കാൻ പോകുന്നില്ല. എനിക്ക് നല്ല തീർച്ചയുണ്ട്. ഞാനും വിട്ടുകൊടുക്കാൻ സന്നദ്ധനല്ലായിരുന്നു. ഇതിനിടക്ക് തികച്ചും അവിശ്വസനീയമായ ഒരു നീക്കം ഞാൻ നേരിട്ടു കണ്ടു.

അതു വരെ എല്ലാം നിശബ്ദമായി കേട്ടു കൊണ്ടു നിന്നിരുന്ന ലെയോഷ അയാളെ പിന്തുണക്കാനെത്തിയത് എന്നെ സംഭ്രമിപ്പിച്ചു കളഞ്ഞു.

ലെയോഷയും കൂറുമാറുകയാണോ? എന്റെ സ്വരമിടറി. കാലടിയിലെ മണ്ണ് ഇളകി പോവുകയാണോ?

'പബ്ലിക് പ്രോസിക്യൂട്ടറുടെ ഓഫീസിൽ വെച്ച് നിങ്ങൾ വിശദീകരിച്ചത് ഇപ്രകാരമൊന്നുമായിരുന്നില്ലല്ലോ?

ഞാൻ ക്ഷുഭിതനായി ശുണ്ഠിയെടുത്തു. 'ഓ... അതുകൊണ്ടൊക്കെത്തന്നെയാണ് ഞങ്ങളിപ്പോൾ സത്യപ്രസ്താവനയുടെ ഉടുപ്പുകൾ ഊരി മാറ്റി പുത്തൻ ഉടുപുടവകൾ അണിയുന്നത്!'

ഇരുവരും ഒളിച്ചുകെട്ടലില്ലാതെ തറപ്പിച്ചു പറഞ്ഞു – വ്യാജം പറയുന്നവർക്ക് നിയമം വ്യവസ്ഥ ചെയ്യുന്ന വമ്പിച്ച കൂലി എന്താണെന്നറിയില്ലേ ഇരുവർക്കും? – ഞാനൊന്നു കണ്ണുരുട്ടാൻ ശ്രമിച്ചു നോക്കി. പ്രായം അത്യാവശ്യമൊക്കെ ആയില്ലേ നിങ്ങൾക്ക്?

ഞാൻ വീണ്ടും ഇടങ്കോലിട്ടു. നിങ്ങളുടെയത്ര നിയമ പരിജ്ഞാനമില്ലെങ്കിലും ചിലതൊക്കെ ഒരു പൗരൻ എന്ന നിലയ്ക്ക് എനിക്കുമറിയാം.

എന്റെ വാക്കുകൾ അയാളെ പ്രക്ഷുബ്ധനാക്കിയിരിക്കണം. അയാൾ ഒരു മാത്ര മൗനം കൊണ്ടൊരു മറകെട്ടി.

ലെറ്റീഷയുടെ പിൻബലമാണയാൾക്കു കരുത്തേകുന്നത്! ഞാൻ ഉദ്വേഗത്തോടെ ലെറ്റീഷയുടെ കണ്ണുകളിലേക്കു നോക്കി. ലെറ്റീഷ ഇപ്പോൾ ശിരസ്സു കുനിച്ചു. – അലക്സാണ്ടർ ചാണ്ടി മൗനം ഭജിക്കുന്നത് നീ കാണുന്നില്ലേ ലെറ്റീഷ? ലെയോഷയെ ഞാൻ ലെറ്റീഷയെന്നാണ് വാത്സല്യപൂർവ്വം വിളിക്കാറ് പതിവ്. ജ്ഞാനസ്നാന നാമം മാത്രമാണ് ലെയോഷയെന്നത്. അലക്സാണ്ടർ ചാണ്ടിക്കൊപ്പം ലെറ്റീഷയുമിങ്ങനെ സഞ്ചരിക്കുന്നതെന്ത്?

എന്റെ തലക്കല്ലിളകി, പൊടുന്നനെ ലെറ്റീഷ ശബ്ദിച്ചു.

ഞങ്ങളുടെ പ്രാണനേക്കാൾ വലുതാണോ, നീ പറയുന്ന ഈ പരിരക്ഷ? ഉവ്വോ.

എനിക്ക് വാക്കു മുട്ടി. വാക്കു മുട്ടുമ്പോൾ എന്റെ നാക്ക് കുഴയാറാണ് പതിവ്.

●

# രണ്ടു പെൺകവിതകൾ



സന്ധ്യ ഇ.


**ഒരേ മാസികയുടെ രണ്ടു താളുകളിൽ**
**രണ്ടു പെണ്ണുങ്ങൾ**
**അവരുടെ കവിതയുമായി ഒതുങ്ങിയിരുന്നു.**

**പരസ്പരം കാണാതെ**
**അറിയാതെ**
**വായിക്കാതെ**

എല്ലാ പാത്രവും കഴുകി
എല്ലായിടവും അടിച്ചു തുടച്ച്
ഒരു സാരി വാരിച്ചുറ്റി
തേക്കാത്ത ബ്ലൗസിട്ട്
ഏറ്റവും മോഹിച്ച ഒരു കല്യാണത്തിനോ
പിറന്നാളിനോ ഇറങ്ങുമ്പോൾ
കഴിഞ്ഞില്ലേ ഒരുക്കം എന്ന പരാതിയിൽ
കുറ്റബോധത്തോടെ ഇറങ്ങുന്നവൾ
ഒന്നു പാളി കണ്ണാടിയിൽ നോക്കും പോലെ
അപ്പോഴും കണ്ണിൽപ്പെട്ട ഒരളകം
തന്നെ ഒരിറ്റ് സുന്ദരിയാക്കുന്നല്ലോ എന്ന കുഞ്ഞു
സന്തോഷം പങ്കുവെക്കാൻ കഴിയാത്തവളെപ്പോലെ
അവർ കവിതയിലേക്കൊന്നു എത്തി നോക്കി
തിടുക്കത്തിൽ പണികൾക്കിടയിലേക്ക് ഊളിയിട്ടു

നാളുകൾ കഴിഞ്ഞ് അവരിലൊരുവൾ
പരിചിതമായ വരികളിൽ മറ്റൊരു പേര് കണ്ടമ്പരന്നു
മറ്റേയാൾ ഒരേ കവിത രണ്ടു പേരിൽ
കൊടുത്തെന്നു സങ്കടപ്പെട്ടു
ആരോടു പറയാൻ എന്നു
നെടുവീർപ്പിട്ടു

യുഗങ്ങൾക്കു മുമ്പ് ഒരേ
നക്ഷത്രത്തിൽ നിന്നുതിർന്ന
രണ്ടുമണൽത്തരികൾ
അവയ്ക്കുമാത്രം മനസ്സിലാകുന്ന
ഭാഷയിൽ അഗ്നിപർവത
സ്ഫോടനങ്ങളുടെ, പേമാരിയുടെ,
കൊടുങ്കാറ്റിന്റെ, ഹിമപാതത്തിന്റെ,
ഒഴുക്കിന്റെ, നീണ്ട യാത്രയുടെ
തീരാക്കഥകൾ പറഞ്ഞുകൊണ്ടിരുന്നു
നിരൂപകർ കവിതാ
മോഷണത്തെക്കുറിച്ച് സംസാരിച്ചു
കവിതകൾ പരസ്പരം ചേർന്നു നിന്ന്
സമാധാനിപ്പിച്ചു.



കഥ

# ചെറുവിരൽ



പി.കെ.ഭരതൻ

ലാലേട്ടന്റെ ചായക്കടയിൽ വെച്ചാണ് അയാളെ കണ്ടത്.

ഞങ്ങളുടെ കണ്ണുകൾ തമ്മിൽ ഒന്നുരസി.

ഒരു തീപ്പൊരിയപ്പോൾ എന്റെ ഉള്ളിൽ ജ്വലിച്ചു. ഉണരുംമുമ്പ് ജ്വാല കെട്ടുപോയി. ലാലേട്ടൻ ആരെയും ശ്രദ്ധിക്കുന്നില്ലെന്ന മട്ടിൽ തിളച്ച എണ്ണയിലേക്ക് 'പഴംനാക്കുകൾ' മാവിൽ മുക്കിയിടുകയായിരുന്നു. എണ്ണയിൽ വീഴുമ്പോഴുള്ള പഴംനാക്കിന്റെ കരച്ചിൽ കേട്ട് ഞാൻ പത്രത്തിൽ കണ്ണുകളെ മേയാൻ വിട്ടു. കണ്ണുകൾ വേലി പൊളിച്ച് അയാളിലേക്ക് തന്നെ സൂത്രത്തിൽ പടർന്നുകയറി. കീശയിൽനിന്നും വലതുകൈകൊണ്ട് ഒരു പത്തു രൂപ നോട്ട് വലിച്ചെടുത്തു. ഒന്നും പറയാതെ രാജശേഖരമേനോൻ എന്ന ചായമാഷിന്റെ നേരെ നീട്ടി.

അലമാരിയുടെ മുകളിൽ ഒളിപ്പിച്ചുവെച്ച പുകയിലയിൽനിന്നും ഒരു കഷണം അയാൾ ലാലേട്ടൻ കാണാതെ പൊട്ടിച്ചെടുക്കുന്ന തിരക്കിലായിരുന്നു. ധൃതിയിൽ



പുകയില പല്ലുകൾക്കിടയിലേക്ക് തിരുകി. ഒന്നും സംഭവിക്കാത്തതുപോലെ പത്തുരൂപ നോട്ട് വാങ്ങി മേശയിലേക്കിട്ടു. ഒരു ചില്ലു ഗ്ലാസെടുത്ത് അല്പം ചൂടുവെള്ളം ഒഴിച്ച് ചരിച്ചുകളഞ്ഞു. കെറ്റിലിനു മുകളിൽ വെച്ചിരിക്കുന്ന പാലെടുത്ത് കുറച്ച് ഗ്ലാസിലൊഴിച്ചു. വായിലെ തുപ്പൽ നിയന്ത്രിച്ച് ചായമാഷ് ചോദിച്ചു.

'കാലത്ത് കണ്ടില്ലല്ലോ...'

അയാൾ പ്രതികരിക്കുംമുമ്പ് മറുപടിയെത്തി.

'എങ്ങനെയാ.. വര്ാ... ഇതല്ലേ തരം...'

എണ്ണയിൽ കിടന്നു പുളയുന്ന പഴമ്പൊരിയിലേക്ക് നോക്കി ലാലേട്ടൻ പറഞ്ഞു.

അയാൾ ചായമാഷെ നോക്കി പതുക്കെയൊന്നു ചിരിച്ചു.

ചാത്രപ്പില് ഒരു കാരണോരു മരിച്ചു....

ചായഗ്ലാസ് വാങ്ങുമ്പോൾ ഇടതുകൈയിലെ ചെറുവിരൽ കാണാമെന്നു മോഹിച്ചു. പക്ഷെ നിരാശനായി.

ആ ഒറ്റമുറി ചായക്കടയിൽ എന്തു പറഞ്ഞാലും എല്ലാവരും കേൾക്കും. അതുകൊണ്ടാകാം രാജശേഖരമേനോൻ എന്ന ചായമാഷ് ഒരു ഗോഷ്ഠി കാണിച്ച് തന്റെ അമർഷം അടക്കിയത്. പുകയില വായിൽ തിരുകിയ കൈകൊണ്ട് ചായയെടുക്കുന്നതും ഇടയ്ക്കിടെ പോയി പരിസരത്താകെ തുപ്പിയിടുന്നതും കണ്ടാണ് പലരും ചായ കുടിക്കാൻ വരാത്തതെന്ന പരാതി ലാലേട്ടൻ പലരോടും പറഞ്ഞിട്ടുണ്ട്. അക്കാര്യം അവരിൽ പലരും ചായമാഷിനോടും പറഞ്ഞിട്ടുണ്ട്. തന്റെ വിലയിടിച്ചുകാണിച്ച് അർഹിക്കുന്ന കൂലി തരാതിരിക്കാനുള്ള അടവാണെന്നാണ് രാജശേഖരമേനോന്റെ ന്യായവാദം. പേരുകേട്ട തറവാട്ടിൽ ജനിച്ച താൻ ഇവിടെ നില്ക്കേണ്ടവനല്ലെന്ന് നാഴികക്ക് നാല്പതുവട്ടം പറയുന്നതും ലാലേട്ടനുള്ള മറുപടിയാണ്. പുലി പുല്ലും തിന്നില്ല. ആനയെ തൊഴുത്തിലും കെട്ടില്ല. ചെത്താനും കള്ളുവില്ക്കാനും പോകേണ്ടവൻ ചായക്കച്ചവടത്തിനിറങ്ങിയാൽ ഇതയൊക്കെ പ്രതീക്ഷിച്ചാൽ മതി. തന്റെ പേരും പ്രശസ്തിയും കൊണ്ടാണ് ഇങ്ങനെയൊക്കെ നടന്നുപോകുന്നത്. വൈകുന്നേരമാവുമ്പോൾ അഞ്ഞൂറിന്റെ നോട്ടുകൾ അണ്ടർവെയറിന്റെ പോക്കറ്റിൽ വയ്ക്കണമെന്ന ഒരൊറ്റ വിചാരം മാത്രമേ മുതലാളി എന്നു പറയുന്ന ഈ ചെറ്റയ്ക്കുള്ളൂ എന്നാണ് ചായമാഷിന്റെ കണ്ടെത്തൽ.

'മേന്നെ ഒരു ചായയെട്ക്ക' എന്നല്ലാതെ അയാളുടെ പേര് ഇവിടെ ആരെങ്കിലും പറയാറുണ്ടോ?

ഇത്തിരി പൊകല വായിലിടും എന്നല്ലാതെ എന്താ എനിക്ക് യോഗ്യതക്കുറവ്. ഒരാളും എന്റെ നേരെ ചെറുവിരലനക്കീട്ടില്ല.... ഈ പെട്ടീല് എത്ര പണം വീണാലും ഒരൊറ്റപൈസ പോകില്ല... എന്നെപ്പോലെ ഒരാളെ ഇയാൾക്ക് തപസ്സിരുന്നാൽ കിട്ട്വോ. തരം കിട്ടിയാൽ കക്കേണോരല്ലേ എല്ലാം... എന്നൊക്കെ ശബ്ദമില്ലാതെ അയാൾ പറയുകയായിരുന്നു.

അയാൾ ചായ കുടിച്ച് കഴിഞ്ഞശേഷം ഗ്ലാസ് ചായമാഷിനെ ഏല്പിച്ചു. വീണ്ടും പോക്കറ്റിൽനിന്ന് ചില്ലറയെടുത്തു ചായമാഷിനു കൊടുത്തു. ഒരു സിഗരറ്റും തീപ്പെട്ടിയും പലഹാരടിന്നിന്റെ മേൽ വച്ചു. അതെടുക്കുമ്പോഴോ സിഗരറ്റ് കത്തിക്കുമ്പോഴോ അയാളുടെ ഇടതുകൈയിലെ ചെറുവിരൽ കാണാൻ കഴിയുമെന്നു ഞാൻ പ്രതീക്ഷിച്ചു.

അയാൾ, പക്ഷെ അല്പം മാറിപ്പോയാണ് സിഗരറ്റ് കത്തിച്ചത്.

പത്രത്തിലെ അക്ഷരങ്ങൾ മാഞ്ഞുപോയി. അവിടെ ഒരു കുട്ടിയുടെ മുഖം തെളിഞ്ഞുവന്നു. ഒമ്പതോ പത്തോ വയസുള്ള കുട്ടി.

ചീവീടു പോലെ ഒച്ചയുണ്ടാക്കുകയും മൺവഴിയിലെ ചെളിവെള്ളം കാലുകൊണ്ട് തട്ടിത്തെറിപ്പിച്ച് രസിക്കുകയും ചെയ്യുന്നവൻ. എന്റെ ഒപ്പം ഒരേ ബെഞ്ചിലിരുന്നവൻ. ചട്ടയില്ലാത്ത സ്ലേറ്റും അരയിലുറയ്ക്കാത്ത ട്രൗസറുമായി വരുന്നവൻ. നാലാം ക്ലാസിലെ എന്റെ കൂട്ടുകാരൻ. ലാലേട്ടന്റെ ചായക്കടയിലെ ഒരേയൊരു ബെഞ്ചിലിരുന്നു പത്രം വായിക്കുന്ന എന്റെ മുന്നിലതാ കുറച്ചകലെ സിഗരറ്റും വലിച്ച് നില്ക്കുന്നു. ഒരു സന്ധ്യയ്ക്ക് തീക്കനൽ കരച്ചിൽ കോരിയൊഴിച്ച് അപ്രത്യക്ഷനായവൻ. നാടും വീടും കാലവുമൊക്കെ ഒരു നിമിഷംകൊണ്ട് മാച്ചുകളഞ്ഞ് അവനിതാ ഒരു തീജ്വാലയായി എന്നിൽ കത്തിക്കൊണ്ടിരിക്കുന്നു. അവനിവിടെയെവിടെയോ ഉണ്ടായിരുന്നു. ഞാനൊരു പക്ഷെ ഇവനെ കണ്ടീട്ടുണ്ടായിരിക്കും. ഇപ്പോഴെന്താണ് ഇവനെ ഇങ്ങനെ കാണാനായത്? സ്വയം ഭൂവായ ചോദ്യം. നാല്പത് രൂപയ്ക്കു പകരം പുകയിലയുടെ നനവോടെ തന്ന ബാക്കി രൂപ തൊണ്ണൂറുണ്ടാകുമെന്ന് അമ്പതുരൂപ നോട്ട് കണ്ടതോടെ ഞാനൂഹിച്ചു. എണ്ണിനോക്കാതെ പോക്കറ്റിൽ വച്ചു. അപ്പോഴാണയാൾ കടന്നുവന്നത്. പോക്കറ്റിലിരിക്കുന്ന രൂപ എന്നെ തലങ്ങും വിലങ്ങും വെട്ടിയിടുമ്പോഴാണ് ലാലേട്ടനിലേക്കും മേനോനിലേക്കുമൊക്കെ ഓടിക്കയറാൻ ശ്രമിച്ചത്.

എവിടെയും പൊറുതിപ്പെടാതെ നില്ക്കുമ്പോഴാണയാളിലേക്ക് വീണ്ടും ഓടിയിറങ്ങിയത്. അയാളന്ന് ഒമ്പതോ പത്തോ വയസുള്ള കുട്ടിയായിരുന്നു. അവന്റെ അമ്മാമയുടെ ചപ്രത്തലമുടി കെട്ടിവയ്ക്കാറില്ല. മുഷിഞ്ഞ ജഗന്നാഥന്റെ ചട്ടയും മു

ണ്ടിലും മുറുക്കിതുപ്പിയതിന്റെ അവശിഷ്ടങ്ങളുണ്ടാകും. നെറ്റിയിലൂടെ പേനിറങ്ങി പുരികത്തിൽ താമസിക്കുന്നത് കണ്ട് അവൻ ആർത്തുചിരിക്കും. മുറുക്കാൻ ചെല്ലത്തിൽ വെറ്റിലയും അടയ്ക്കകഷണത്തിനുമിടയിൽനിന്ന് ശർക്കരത്തുണ്ടെടുത്ത് കൊടുക്കും. കായംകുളം കൊച്ചുണ്ണിയുടെയും സെബാസ്ത്യാനോസ് പുണ്യാളന്റേയും കഥ പറയും. വല്ലപ്പോഴും വെയ്ക്കുന്ന പോത്തിറച്ചി ആരും കാണാതെ പാത്രത്തിലെടുത്ത് അമ്മാമയും അവനും തിന്നും. മൂത്രക്കുമ്മലോ കെട്ടമണമോ സഹിച്ച് അമ്മാമയെ കെട്ടിപ്പിടിച്ച് കിടന്നുറങ്ങും. അപ്പന്റെ രണ്ടാംകെട്ടിലെ ഭാര്യയെ ഇളയമ്മയെന്നു വിളിക്കുന്നത് കേൾക്കരുതെന്ന് അമ്മ താക്കീത് കൊടുത്തു. വിശക്കുമ്പോൾ ആരുടെ മൊതലും എടുത്തു തിന്നാമെന്നു പഠിപ്പിച്ചതും അമ്മാമയാണ്. സ്കൂളിൽനിന്നും അവന് അക്ഷരങ്ങളും അക്കങ്ങളും മാത്രം കിട്ടിയപ്പോൾ അമ്മാമയിൽ നിന്നാണ് അവന് ജീവിതം എന്താണെന്നറിയാനായത് പള്ളിപ്പറമ്പിലെ കവുങ്ങും തെങ്ങും മാവും പ്ലാവും പുളിയും മാതളവുമൊക്കെ അച്ചനും കപ്യാരുമുണ്ടാക്കിയതല്ല. ദൈവത്തിനതൊട്ടു തിന്നാനും പറ്റില്ല. പിന്നെയെന്താ നമുക്കെടുത്താൽ. ദൈവത്തിന്റെ മൊതലെടുത്താൽ ദൈവത്തിനോട് പറയാം. അച്ചനോടു കുമ്പസാരിക്കണ്ട. നല്ല പഴുക്കയടക്കകൾ കണ്ട് അമ്മാമ നിറഞ്ഞു ചിരിച്ചു. കുശാലായി മുറുക്കി. അമ്മാമയുടെ സന്തോഷമാണവന്റെ സ്വർഗരാജ്യം. ഇടവക പാതിരി അപ്പനെ പള്ളിമേടയിലേക്ക് വിളിപ്പിച്ചു. കണ്ണടപ്പനായി കൊടുത്തു. ചൂളംവിളിയല്ലാതെ മറ്റൊന്നും കേൾക്കാൻ പറ്റിയില്ല. എന്നോടൊപ്പം കളിച്ചുകൊണ്ടിരുന്നപ്പോഴാണ് അപ്പൻ വന്നത്. വിളികേട്ട് ശരവേഗത്തിൽ പാഞ്ഞു. വെള്ളപൂശുന്ന കോല് പുറത്തിരിക്കുന്നു. അപ്പന്റെ തലയിലും മുഖത്തും മുണ്ടിലുമെല്ലാം കുമ്മായും പരന്നിട്ടുണ്ട്. വന്നയുടനെ അമ്മാമയോട് ചിരവയും വെട്ടുകത്തിയും കൊണ്ടുവരാൻ ആജ്ഞാപിച്ചു. മട്ടുംമാതിരിയും പന്തിയല്ലെന്നറിഞ്ഞ് അമ്മാമ പകച്ചുനിന്നു.

രണ്ടാംഭാര്യയും മകളും ഓടിവന്നു. അവരെ മുറിക്കകത്താക്കി വാതിലടച്ചു. ഓടിക്കിതച്ചെത്തിയ അവനെ മുന്നിലിരുത്തി. ചിരവ ചെരിച്ചുവച്ചു. കൈ ബലമായി പിടിച്ച് ചെറുവിരൽ വിടർത്തി അതിന്റെ അറ്റത്ത് പിടിച്ചു.

ഇവൻ കൊണ്ടുവരുന്നതൊക്കെ അമ്മയല്ലേ വാങ്ങിവയ്ക്കാറ്. അമ്മാമ സ്തംഭിച്ച് തൂണായി.

കൊന്നപാപം തിന്നാ തീരും.... അമ്മ തന്നെ ചെയ്യല്ലേ നല്ലത്...

വേണ്ടടാ.... നീ വേണേൽ എന്റെ കൈയ് വെട്ടിക്കോ. ഈ നാവും മുറിച്ചോ. അമ്മാമ കുനിഞ്ഞ് അവന്റെ അരികിലേക്ക് വരാൻ ഓങ്ങുംമുമ്പേ വെട്ടികത്തി പറഞ്ഞു... പള്ളിപ്രസംഗം കേട്ടാലും ബൈബിള് വായിച്ചാലൊന്നും ഈ രോഗം മാറില്ല. ഇനി നീ കക്കരുത്...

വെട്ടുകത്തി ചിരവയിൽ വീണു കരഞ്ഞു.

ഇല്ല്യപ്പച്ചാ... അമ്മേ... ചെറുവിരലിന്റെ ചെറിയൊരു കഷണം അമ്മാമയുടെ മുണ്ടിലേക്ക് തെറിച്ചുവീണു.

വാതിൽ തുറന്ന് ഓടിവന്ന രണ്ടാനമ്മയുടെയും കുഞ്ഞിന്റെയും മുഖത്തേക്ക് ചോര തെറിച്ച് പുള്ളികൾ കുത്തി.

കൈകുടഞ്ഞുകൊണ്ട് അവൻ പുറത്തേക്കോടി.

എന്റെ മുന്നിലൂടെയാണ് അലറിക്കരഞ്ഞുകൊണ്ട് അവൻ ഓടിപ്പോയത്. ഞാനല്പനേരം കണ്ണടച്ചിരുന്നു. ഇരുട്ട് തുളച്ചുകീറി കരച്ചിൽ, സൂചി ചെവിയിൽ....

മാഷേ... ചൂട്ടോടെ ഒരു പഴംപൊരി തിന്നു നോക്ക്യേ...

ലാലേട്ടൻ കോരിക മുന്നിലേക്ക് നീട്ടി.

ഒരെണ്ണം എടുക്കാൻ തുടങ്ങുംമുമ്പ് കീശയിലേക്ക് കൈയിട്ടു.

'കാശൊക്കെ പിന്നെയെടുക്കാം....'

'അതല്ല... ഈ കാശ്... മുഴുവനാക്കും മുമ്പ്, ഈ കാശ് ആ കാശ്...'

മാഷ് ഇതൊരെണ്ണം എടുത്തേ...

ഒരെണ്ണമെടുത്തു. കൈ ചുട്ടുപൊള്ളി. കുടഞ്ഞു. ചുറ്റും നോക്കി. ചോരതെറിച്ചോ.

അയാൾ സിഗരറ്റ് കുറ്റി വലിച്ചെറിഞ്ഞ് ലാലേട്ടന്റെ അരികിലേക്ക് വന്നു.

ഒരു പത്തുരൂപ നോട്ട് ഇടതുകൈയിൽ ചൂണ്ടാണിവിരലിനും തള്ളവിരലിനുമിടയിൽ... വലതുകൈകൊണ്ട് ഒരു പഴംപൊരിയെടുത്തു. ഞാനപ്പോൾ അയാളുടെ ഇടതുകൈയിലെ ചെറുവിരലിലേക്ക് നോക്കുകയായിരുന്നു. എന്റെ ഹൃദയം കിടുകിടായിടിക്കുന്നുണ്ടായിരുന്നു.

●



ഫ്രാങ്കോ ലൂയിസ്

# പൊള്ളുന്ന സ്വർണം



ഫ്രാങ്കോ ലൂയിസ്

നയതന്ത്ര ബഗേജിൽ 23 തവണ 230 കിലോ സ്വർണം കള്ളക്കടത്തു നടത്തിയതിന്റെ കുറ്റാന്വേഷണ വിശേഷങ്ങൾ അപസർപ്പക കഥപോലെ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കള്ളക്കടത്തു നായിക സ്വപ്ന സുരേഷിന്റെ ലോക്കറിൽനിന്ന് ഒരു കോടി രൂപയും ഒരു കിലോ സ്വർണവുമാണ് പിടിച്ചെടുത്തത്.

മുഖ്യമന്ത്രി പിണറായി വിജയന്റെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കരൻ പ്രതിക്കൂട്ടിലാകുമോയെന്നാണു കേരളം ഉറ്റുനോക്കുന്നത്. എൻഐഎയും കസ്റ്റംസും അദ്ദേഹത്തെ ചോദ്യംചെയ്തത് മണിക്കൂറുകളോളമാണ്.

കഴിഞ്ഞ നാലു വർഷവും മുഖ്യമന്ത്രി ഒപ്പുവച്ചത് ശിവശങ്കരൻ ചൂണ്ടുവിരൽ കാണിച്ചിടത്തും പെൻസിൽകൊണ്ടു ഗുണനചിഹ്നം ചാർത്തിയിടത്തുമാണ്. അതേ, പ്രിൻസിപ്പൽ സെക്രട്ടറി പറയുന്നതിടത്താണു മുഖ്യമന്ത്രി ഒപ്പിടുക. അത്രയും വിശ്വസ്തൻ. എല്ലാ ഫയലും മുഖ്യമന്ത്രിക്ക് ആഴത്തിൽ പഠിക്കാനാവില്ല. അതുകൊണ്ടാണു വിശ്വസ്തനായ സീനിയർ ഐഎഎസ് ഓഫീസറെ ഉത്തരവാദിത്വമുള്ള പ്രിൻസിപ്പൽ സെക്രട്ടറിയായി നിയോഗിക്കുന്നത്.

സ്വർണക്കടത്തിലെ ആദായം രാജ്യസുരക്ഷയ്ക്കു ഭീഷണിയാകുന്ന വിധത്തിൽ തീവ്രവാദ സംഘങ്ങളിലേക്കു പോയിട്ടുണ്ടോയെന്ന് എൻഐഎ അന്വേഷിക്കുന്നുണ്ട്. സ്വപ്ന എന്ന സുന്ദര മുഖം ഇപ്പോൾ പർദയിൽ ഒളിച്ചിരിക്കുന്നു. എന്തെല്ലാം ഒളിപ്പിച്ചിട്ടുണ്ടെന്ന് കണ്ടെത്താനുള്ള അന്വേഷത്തിലാണ് എൻഐഎ. അവരുടെ സേർച്ച് ലൈറ്റ് മുഖ്യമന്ത്രിയുടെ ഓഫീസ് വരേയും സെക്രട്ടേറിയറ്റ് വരേയും എത്തി.

സ്വപ്നയുടെ വശ്യമായ ചിരിക്കു മുന്നിൽ പുഞ്ചിരിച്ചു നിന്ന മന്ത്രിമാരടക്കമുള്ള പ്രമുഖരുണ്ട്. യുഡിഎഫ് ഭരണകാലത്തെ സോളാർ നായിക സരിതയുമായി സ്വപ്നയെ താരതമ്യം ചെയ്തവരുണ്ട്. സരിതയല്ല സ്വപ്നയെന്നാണു സിപിഎം നേതാക്കൾ പറയുന്നത്.

യുഎഇ കോൺസുലേറ്റിലെ അറ്റാഷെയും കുടുങ്ങുമോ? അറബിയായ അറ്റാഷെയ്ക്ക് സ്വർണക്കടത്തിൽ ബന്ധമുണ്ടെന്നാണ് സ്വപ്നയുടേയും കൂട്ടരുടേയും മൊഴി.

സാഹചര്യത്തെളിവുകളും അതിലേക്കാണു വിരൽ ചൂണ്ടുന്നത്.

എൻഐഎയുടെ ചോദ്യങ്ങൾ വരുന്നതിനു മുമ്പേ അറ്റാഷെ യുഎഇയിലേക്കു മുങ്ങി. ഒരു കിലോ സ്വർണം കടത്താൻ ആയിരം ഡോളർ എന്ന നിരക്കിലാണ് അറ്റാഷെയുടെ കള്ളക്കടത്തു വിഹിതമെന്നാണു സ്വപ്ന പറയുന്നത്. നയതന്ത്ര പരിരക്ഷയുള്ള ഇയാളെ എങ്ങനെ കസ്റ്റംസും എൻഐഎയും ചോദ്യം ചെയ്യും, എങ്ങനെ പ്രതിക്കൂട്ടിലാക്കും? രാജ്യം മുഴുവൻ ഉറ്റുനോക്കുകയാണ്.

## പന്തീരായിരം രൂപ കൂടി

സ്വർണം കള്ളക്കടത്തിന്റെ നിറം പിടിപ്പിച്ച വിശേഷങ്ങൾ ഒരു വശത്തു ചൂടുപിടിക്കുമ്പോൾ സ്വർണം പൊള്ളുകയാണ്. പവന് ഒറ്റ വർഷംകൊണ്ട് പന്തീരായിരം രൂപയാണു വില വർധിച്ചത്. ആറു മാസത്തിനിടെ എണ്ണായിരം രൂപയും. ഒരു പവൻ ആഭരണമായി കിട്ടണമെങ്കിൽ പണിക്കൂലിയും നികുതിയും അടക്കം നാൽപതിനായിരത്തിലേറെ രൂപ മുടക്കണം.

കോവിഡ് പ്രതിസന്ധിയും ലോക്ഡൗൺ തകർച്ചയും മൂലം ആഘോഷങ്ങൾ ഇല്ലാതാകുകയും സ്വർണത്തിനു ഡിമാൻഡ് പകുതിയായി കുറയുകയും ചെയ്തരിക്കുകയാണ്. എന്നിട്ടാണ് അതിഭീമമായ വില വർധന.

ഈ വരികൾ കുറിച്ച ജൂലൈ 25 ന് പവന് 38,120 രൂപയായി. 4765 രുപയാണ് ഗ്രാമിന്റെ വില. ആറു മാസംമുമ്പ് ജനുവരി 25 ന് പവന് 29,744 രൂപയായിരുന്നു വില. 8,376 രൂപയുടെ വർധന. കഴിഞ്ഞ വർഷം ജൂലൈ 25 ന് പവന് 25872 രൂപയായിരുന്നു. ഒരു വർഷത്തിനിടെ 12,284 രൂപയുടെ വർധന.

സ്വർണത്തിന്റെ രാജ്യാന്തര വിലതന്നെ മുകളിലേക്കു കുതിക്കുകയാണ്. ലോകരാജ്യങ്ങളെല്ലാം പലിശ വെട്ടിക്കുറയ്ക്കുന്നതിനാൽ പല നിക്ഷേപകരും സുരക്ഷിത നിക്ഷേപമായാണു സ്വർണത്തെ കാണുന്നത്. അടുത്ത രണ്ടു വർഷത്തേക്കു പലിശ നിരക്ക് വർധിക്കാനിടയില്ല. സുരക്ഷിത നിക്ഷേപമെന്ന നിലയിൽ സ്വർണത്തന്റെ വില ഇനിയും വർധിക്കുമെന്ന സൂചനകളാണു ലോകവിപണി നൽകുന്നത്. വേൾഡ് ഗോൾഡ് കൗൺസിലിന്റെ വിലയിരുത്തലും അതാണ്.

അന്താരാഷ്ട്ര വിപണിയിലെ വിലക്കയറ്റത്തിനു പുറമേ, രൂപയുടെ വിലത്തകർച്ചയും സ്വർണം വിലക്കയറ്റത്തിൽ പെട്രോളൊഴിച്ചെന്നു പറയുന്നവരുണ്ട്. അതേ, പെട്രോളിനും ഡീസലിനും വില അനുദിനം വർധിപ്പിച്ചിട്ടുണ്ട്. ഒറ്റ മാസംകൊണ്ടു ലിറ്ററിനു പത്തിലേറെ രൂപയാണു വർധിപ്പിച്ചത്. ഡീസലിനു 12 രൂപയോളം വർധിപ്പിച്ചു.

ഡോളർ നിരക്കിൽ ഇന്ത്യൻ രൂപയുടെ മൂല്യം ഭീമമായി ഇടിഞ്ഞിട്ടില്ല. ജൂലൈ 25 നു ഡോളർ നിരക്ക് 74.72 രൂപയാണ്. മേയ് 25 ന് 76 രൂപയായിരുന്നു.

## തളരുന്ന വിപണി

സ്വർണത്തിന്റെ ഏറ്റവും വലിയ വിപണിയാണ് ഇന്ത്യ. വിവാഹം, പ്രസവം, പിറന്നാൾ എന്നിങ്ങനെ കുടുംബങ്ങളിലെ ഏത് ആഘോഷത്തിനും സ്വർണാഭരണങ്ങൾ വാങ്ങിക്കൂട്ടുന്നവരാണ് ഇന്ത്യക്കാർ. അവ അണിഞ്ഞ് പത്തുപേരെ കാണിക്കുന്നത് അൽപത്തമായല്ല, പ്രൗഢോജ്വലമായാണ് ഇന്ത്യക്കാർ കാണുന്നത്. സുരക്ഷിത നിക്ഷേപമെന്ന നിലയിൽകൂടിയാണ് ഇന്ത്യൻ കുടുംബങ്ങൾ ഇത്തരം അവസരങ്ങളിൽ സ്വർണാഭരണങ്ങൾ വാങ്ങിക്കൂട്ടുന്നത്.

ഇന്ത്യൻ കുടുംബങ്ങളിൽ 25,000 ടൺ സ്വർണാഭരണങ്ങളുണ്ടെന്നാണ് വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്ക്. ക്ഷേത്രങ്ങളുടെ ഖജനാവുകളിലും അനേകം ടൺ സ്വർണശേഖരമുണ്ട്.

കഴിഞ്ഞ വർഷം ഇന്ത്യയുടെ സ്വർണം ഇറക്കുമതി 690.4 ടണ്ണായിരുന്നു. അതിനു മുൻ വർഷം 760.4 ടണ്ണായിരുന്നു. ഈ വർഷം കഴിഞ്ഞ വർഷത്തേതിന്റെ പകുതി മാത്രമേ ഉണ്ടാകൂവെന്നാണു വിലയിരുത്തൽ. ഓരോ വർഷവും 200 ടൺ സ്വർണം കള്ളക്കടത്തായി ഇന്ത്യയിൽ എത്തുന്നുണ്ട്. കഴിഞ്ഞ വർഷം ഇറക്കുമതിച്ചുങ്കം 12.5 ശതമാനമാക്കി വർധിപ്പിച്ചിരുന്നു.

ഈ നിലയ്ക്കു വില വർധിച്ചാൽ സാധാരണക്കാർ സ്വർണ വിപണിയിൽനിന്നു മാറി നിൽക്കുമെന്നു കരുതുന്നവരുണ്ട്. കോവിഡ് നിയന്ത്രണങ്ങൾക്കിടയിൽ വിവാഹം ലളിതമാക്കിയതോടെ ആഭരണഭ്രമവും കുറഞ്ഞിട്ടുണ്ട്. ആഭരണ സംസ്കാരംതന്നെ കുറഞ്ഞുവരുന്ന പ്രവണത.

ലോകമെങ്ങുമെന്ന പോലെ കേരളത്തിലെ ജ്വല്ലറികളിലും വിൽപന കുറഞ്ഞിരിക്കുകയാണ്. പ്രമുഖ സ്വർണാഭരണ നിർമാതാക്കളും വ്യാപാര ശൃംഖലകളുടെ സാരഥികളും അടക്കമുള്ളവർ ഇപ്പോഴുള്ള ഈ പ്രതിഭാസത്തെ അതിസൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്.

## നൂറ്റാണ്ടു മുമ്പ് 13 രൂപ

സ്വർണത്തിന്റെ പഴയ വിലവിവരം പരിശോധിക്കുന്നതു കൗതുകകരമാണ്. 1925 ൽ പവന് 13.75 രൂപയായിരുന്നു വില. ഓരോ വർഷത്തേയും മാർച്ച് 31 ലെ നിരക്ക് താഴെ.

| | |
|---|---|
| 1925 | 13.75 |
| 1950 | 72.75 |
| 1975 | 396 |
| 1980 | 975 |
| 1985 | 1573 |
| 1990 | 2493 |
| 1995 | 3432 |
| 1996 | 3784 |
| 1997 | 3432 |
| 1998 | 2966 |
| 1999 | 3106 |
| 2000 | 3212 |
| 2001 | 3073 |
| 2002 | 3670 |
| 2003 | 3857 |
| 2004 | 4448 |
| 2005 | 4550 |
| 2006 | 6255 |
| 2007 | 6890 |
| 2008 | 8892 |
| 2009 | 11077 |
| 2010 | 12280 |
| 2011 | 15560 |
| 2012 | 20880 |
| 2013 | 22240 |
| 2014 | 21480 |
| 2015 | 19760 |
| 2016 | 21360 |
| 2017 | 21800 |
| 2018 | 22600 |
| 2019 | 23720 |
| 2020 | 30640 |

# കോവിഡും വാക്സിനും

കോവിഡ് വൈറസ് ആക്രണത്തിനിടെയായിരുന്നു അതിർത്തിയിൽ ചൈനീസ് കൈയേറ്റം. കൈയേറ്റവും സംഘർഷവുമെല്ലാം കെട്ടടങ്ങി. കൈയേറ്റത്തിന്റെ ബാലൻസ് ഷീറ്റ് കേന്ദ്ര സർക്കാരിനു മാത്രം അറിയാം. എന്നാൽ കോവിഡിന്റെ ബാലൻസ് ഷീറ്റ് ലോകരാജ്യങ്ങളെല്ലാം പുറത്തുവിടുന്നുണ്ട്.

കോവിഡ് വൈറസിനെതിരേ വാക്സിൻ വികസിപ്പിച്ചെടുക്കുന്ന തിരക്കിലാണ് ലോകം. ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ വാക്സിൻ പരീക്ഷണം വിജയപടവുകളിലാണ്. വാക്സിൻ വിജയിക്കട്ടെ.

അനുദിനം കോവിഡ് മരണവും രോഗബാധയും വർധിക്കുകയാണ്. ഒടുവിലിപ്പോൾ ഇന്ത്യയിൽ കോവിഡ് വൈറസ് കൂട്ടക്കുരുതി തുടങ്ങിയിരിക്കുന്നു. രോഗവ്യാപനത്തിലും മരണത്തിലും ലോകത്ത് ഒന്നാം സ്ഥാനത്തേക്കുള്ള കുതിപ്പിലാണു നാം. ലോകത്തും ഇന്ത്യയിലും കേരളത്തിലും കഴിഞ്ഞ മൂന്നു മാസത്തെ കോവിഡ് മരണത്തിന്റേയും രോഗബാധയുടേയും വിവരം താഴെ കാണാം. മേയ്, ജൂൺ, ജൂലൈ 25 തീയതികളിലെ കണക്കാണിത്.

| | മേയ് | | ജൂൺ | | ജൂലൈ | |
|---|---|---|---|---|---|---|
| | മരിച്ചവർ | രോഗബാധിതർ | മരിച്ചവർ | രോഗബാധിതർ | മരിച്ചവർ | രോഗബാധിതർ |
| കേരളം | 06 | 897 | 23 | 3,727 | 55 | 16,995 |
| ഇന്ത്യ | 4,024 | 1,38,536 | 14,907 | 4,72,985 | 31,406 | 13,37,022 |
| ലോകം | 3,46,319 | 54.90 ലക്ഷം | 4,83,884 | 95.15 ലക്ഷം | 6,41,727 | 1.59 കോടി |

**സാമൂഹിക അകലം, മാസ്ക് ധരിക്കൽ, ഇടക്കിടെ കൈകൾ സോപ്പിട്ടു കഴുകൽ എന്നിങ്ങനെയുള്ള ജാഗ്രത തുടർന്നില്ലെങ്കിൽ നമ്മളെല്ലാം കോവിഡ് രോഗികളാകും. ജീവിത വ്യഗ്രതയോടെയുള്ള ഓട്ടത്തിനിടയിൽ സുരക്ഷിതത്വം മറക്കരുത്. ജീവനോളം വിലയുള്ള സുരക്ഷ.**



# നല്ലോണം പാടാം!

**ഓണപ്പാട്ടില്ലാതെ സംഗീതപ്രേമികൾക്ക് എന്തോണം! പാട്ടോർമകളാണ് അവരുടെ ഓണം. വരികളിലും ഈണങ്ങളിലും ആനന്ദഭരിതമായ ഒരു കാലം നിറച്ചുവച്ചിരിക്കുകയാണ് ഓണപ്പാട്ടുകൾ... ഓണം കൊറോണ കൊണ്ടുപോയാലും ഓർമകൾ പൂത്തുലഞ്ഞു നിൽക്കും...**




തേജശ്രീ

ഓണംപോലുമില്ലാത്ത കൊല്ലമാണ്, പിന്നെയല്ലേ ഓണപ്പാട്ട് എന്നു തോന്നാം. പക്ഷേ പാട്ടെങ്കിലും വേണ്ടേ! വേണം എന്നു തന്നെയാണ് ഉത്തരം. മലയാളത്തെ സംബന്ധിച്ച് ഓണപ്പാട്ടിന് വലിയൊരു സാംസ്കാരിക ചരിത്രമുണ്ട്. മനസിന് ആനന്ദവും ആഘോഷവും പകർന്ന ചരിത്രം. എവിടെനിന്നോ ഇപ്പോൾ ഉത്രാടപ്പൂനിലാവേ വാ എന്ന പാട്ട് ഒഴുകിവരുന്നില്ലേ?

## നാടൻപാട്ടുകാലത്തുനിന്ന് കാസറ്റുകാലത്തേക്ക്

മനസുനിറയെ കളിപ്പാട്ടുകളും പൂപ്പാട്ടുകളും സമ്മാനിച്ചിട്ടുണ്ട് ഓണം. വാമൊഴിയായി തലമുറകൾ കൈമാറിവന്ന പാട്ടുകൾക്ക് ഇന്നും മങ്ങലേറ്റിട്ടില്ല. മാവേലി നാടുവാണീടും കാലം എന്ന പാട്ടുമുതൽക്ക് പൂവേ പൊലിയും ഓണത്തപ്പാ കുടവയറാ വരെ ഒരുനിര പാട്ടുകൾ. ഓരോന്നും കേൾക്കുമ്പോൾ ഓർമയിലേക്ക് ഒരായിരം നിറങ്ങളും മണങ്ങളും രുചികളും കയറിവരും. നമ്മളോരോരുത്തരും സ്വപ്നസുന്ദരമായ ഒരു കാലത്തേക്കു തിരിഞ്ഞുനടക്കും. ഗൃഹാതുരതയിൽ ഇത്രമാത്രം അഭിരമിക്കാൻ എന്തിരിക്കുന്നു എന്നു ചോദിക്കാം. കാലം മാറിയില്ലേ എന്ന ചോദ്യം ന്യായം. പക്ഷേ, ഇതൊക്കെയല്ലാതെ എന്തുണ്ട് നമുക്കാനന്ദിക്കാൻ!

എല്ലുമുറിയെ പണിതവർക്ക് ആശ്വസിക്കാനും ആഹ്ലാദിക്കാനുമുള്ളതാണ് ഓണം ഉൾപ്പെടെയുള്ള ആഘോഷകാലം. നിലമുഴലിനും ഞാറുവിതയ്ക്കുമ്പോഴും കൊയ്ത്തിനും മെതിക്കും പാട്ടുപാടിയവർ ആഘോഷത്തിനും പാടുന്നത് സ്വാഭാവികം. ഓണം എന്ന സമൃദ്ധിയാഘോഷത്തിന് കളികൾ ഒപ്പമെത്തി. പൂവിറുക്കലിനും ഊഞ്ഞാലാട്ടത്തിനും തുമ്പിതുള്ളലിനും കുമ്മാട്ടിക്കളിക്കും ജലോത്സവത്തിനും പാട്ടുകളുണ്ടായി... ഒപ്പമുള്ള പ്രണയത്തിനും!

കവിതയും സംഗീതവും സാങ്കേതികവിദ്യയും പുരോഗമിച്ചത് ഓണപ്പാട്ടുകൾക്ക് അനുഗ്രഹമായി. സിനിമയിലൂടെയും മറ്റും കൂടുതൽ പ്രൊഫഷണലുകൾ ഈ രംഗത്തേക്കു വന്നു. പിന്നെയും സുന്ദരമായ പാട്ടുകളുണ്ടായി.

പ്രതിഭാധനരായ ഗാനരചയിതാക്കളും സംഗീതസംവിധായകരും ഗായികാഗായകന്മാരുമുണ്ടായി എന്നതാണ് മലയാളത്തിന്റെ ഓണപ്പാട്ടുകളെ മികവിന്റെ ഔന്നത്യത്തിലേക്കു കൊണ്ടുപോയത്. സിനിമകളിലൂടെയും കാസറ്റുകളിലൂടെയും പാട്ടുകളുടെ വസന്തകാലമായി.

1970ൽ എച്ച്എംവി സ്റ്റീരിയോ റെക്കോർ

ഡിംഗിൽ പുറത്തിറരക്കിയ മധുരഗീതങ്ങളായിരുന്നു മലയാളത്തിലെ ആദ്യത്തെ ലളിതസംഗീത ആൽബം. അതായത് അരനൂറ്റാണ്ടു മുമ്പാണ് സുന്ദരഗീതങ്ങളുടെ യുഗത്തിനു തുടക്കം. ശ്രീകുമാരൻ തമ്പിയുടെ ഗാനരചനയും ദക്ഷിണാമൂർത്തി സ്വാമിയുടെ സംഗീതവും ചേർന്നപ്പോൾ പിറന്നത് അസൽ ഗാനാമൃതം. അതിലെ കരിനീല ക്കണ്ണുള്ള പെണ്ണേ എന്ന പാട്ടിന് ഇന്നും ആരാധകരുണ്ട്. ഓണസ്മൃതികളുമായി ഉണ്ടായിരുന്ന പാട്ട് തുയിലുണരൂ തുയിലുണരൂ തുമ്പികളേ എന്നു തുടങ്ങുന്നതാണ്.

1983ലാണ് ചരിത്രംകുറിച്ച് തരംഗിണിയുടെ ഉത്സവഗാനങ്ങൾ എന്ന കാസറ്റ് ഇറങ്ങിയത്. ഉത്രാടപ്പൂനിലാവേ വാ, എന്നും ചിരിക്കുന്ന സൂര്യന്റെ തുടങ്ങിയ പാട്ടുകൾ കേൾക്കാത്ത മലയാളികൾ അധികമുണ്ടാവില്ല. അഞ്ചുലക്ഷത്തിലേറെ കാസറ്റുകളാണ് തരംഗിണി വിറ്റഴിച്ചത്. ശ്രീകുമാരൻ തമ്പിയുടെ വരികൾക്ക് രവീന്ദ്രൻ മാസ്റ്ററായിരുന്നു സംഗീതം. യേശുദാസിന്റെ ശബ്ദസാന്നിധ്യം പ്രത്യേകം പറയേണ്ടല്ലോ!

ബിച്ചു തിരുമല- രവീന്ദ്രൻ മാസ്റ്റർ, ഒ.എൻ.വി കുറുപ്പ്- ജെറി അമൽദേവ് ദ്വയങ്ങൾ തുടങ്ങി ഗിരീഷ് പുത്തഞ്ചേരി- വിദ്യാസാഗർ കൂട്ടുകെട്ടുവരെ പാട്ടുകൈനീട്ടങ്ങൾ തുടർന്നു.

കാസറ്റ്- സിഡി യുഗം ഓർമയായതോടെ ഓണപ്പാട്ടുകൾ എന്ന സങ്കല്പത്തിനു കാര്യമായ ഉടവുതട്ടി. എന്നാലും ആ പാട്ടുകളിൽ ഇന്നും ഓണം പൂർണമാണ്.

## ഒഎൻവിയും വയലാറും

ഓർമകളുടെ വിശാലമായ ആകാശത്തേക്ക് മലയാളിയെ കൈപിടിച്ചു നടത്താൻ ഒ.എൻ.വി കുറുപ്പിനു പ്രത്യേക കഴിവായിരുന്നു. ആവണി പൊന്നൂഞ്ഞാലിൽ ആടിവാ കിളിപ്പെണ്ണേ (ചിത്രം- ഓണപ്പുടവ, സംഗീതം- എം.ബി. ശ്രീനിവാസൻ) എന്ന പാട്ടിൽ ഓണക്കാലം ഉണർന്നു നിൽക്കുകയാണ്. സലിൽ ചൗധരിയുടെ അതിസുന്ദരമായ ഈണത്താൽ ധന്യമായ വരികളാണ് ഓണപ്പൂവേ പൂവേ.. ഓമൽ പൂവേ.. പൂവേ (ചിത്രം- ഈ ഗാനം മറക്കുമോ). സലിൽദാ ഒരുക്കിയ ഓർക്കസ്ട്രേഷൻ അക്കാലത്ത് മലയാളിക്ക് വിസ്മയം സമ്മാനിച്ചിരുന്നു.

ഒന്നാം തുമ്പീ നീയോടിവാ.. (ചിത്രം- സമയമായില്ലാ പോലും, സംഗീതം- സലിൽ ചൗധരി), തുമ്പീ വാ തുമ്പക്കുടത്തിൻ.. (ചിത്രം- ഓളങ്ങൾ, സംഗീതം- ഇളയരാജ), അത്തപ്പൂവും നുള്ളി തൃത്താപ്പൂവും നുള്ളി... (ചിത്രം- പുന്നാരം ചൊല്ലി ച്ചൊല്ലി, സംഗീതം- ജെറി അമൽ ദേവ്), പാതിരാക്കിളി വരു പാൽക്കടൽക്കിളി.. (ചിത്രം- കിഴക്കൻ പത്രോസ്, സംഗീതം- എസ്.പി. വെങ്കടേഷ്) തുടങ്ങി ഒ.എൻ.വിയുടെ പാട്ടുകളുടെ നിര നീളുന്നു. ജോൺസൺ മാസ്റ്ററുടെ ഈണത്തിൽ ഒരു മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം എന്ന ചിത്രത്തിനുവേണ്ടി എഴുതിയ പൂവേണം പൂപ്പട വേണം പൂവിളിവേണം എന്ന പാട്ടും ഒ.എൻ.വിയുടെ ഭാവനാവസന്തം സുഗന്ധം പടർത്തുന്നതാണ്.

തുമ്പീ തുമ്പീ വാ വാ.. (ചിത്രം- കൂടപ്പിറപ്പ്, സംഗീതം- കെ. രാഘവൻ മാസ്റ്റർ) എന്ന വരികളിലാണ് സിനിമയ്ക്കുവേണ്ടി വയലാർ ആദ്യമായി ഓണക്കാലം കൊണ്ടുവന്നത്. ശാന്ത പി. നായരുടെ ആലാപനം പാട്ടിനെ അനുപമമാക്കുകയും ചെയ്തു.

ഓമനത്തിങ്കളിനോണം പിറക്കുമ്പോൾ.. (ചിത്രം- തുലാഭാരം, സംഗീതം- ദേവരാജൻ മാസ്റ്റർ), മേലേമാനത്തെ നീലപ്പുലയിക്ക്.. (ചിത്രം- കൂട്ടുകുടുംബം, സംഗീതം- ദേവരാജൻ മാസ്റ്റർ), പൂവേ പൊലി പൂവേ... (ചിത്രം- ചെമ്പരത്തി, സംഗീതം- ദേവരാജൻ മാസ്റ്റർ), മാവേലി വാണൊരു കാലം.. (ചിത്രം- കുറ്റവാളി, സംഗീതം- ദക്ഷിണാമൂർത്തി) തുടങ്ങി ഒട്ടേറെ പാട്ടുകളിൽ വയലാർ ഓണത്തിന്റെ സമത്വഭാവന വിടർത്തി.

തുടക്കത്തിൽ പറഞ്ഞതുപോലെ, ഇത്തവണ ഓണം എങ്ങനെയാകുമെന്നു പറയാനാവില്ല. കഴിഞ്ഞ രണ്ടു വർഷങ്ങളിലും പ്രളയം ഓണത്തെ മുക്കിക്കളഞ്ഞതാണ്. കോവിഡിന്റെ കളി എന്തായാലും പുലിക്കളിയെ തോൽപ്പിക്കുമെന്നും ഉറപ്പാണ്. ഓണപ്പാട്ടുകൾ വരുമോ എന്നു കണ്ടറിയണം. അതേസമയം, പാട്ടുകളുടെ പിറവിക്ക് നല്ല സമയമാണ് പൊതുവേ. സോഷ്യൽ മീഡിയ വഴി സുന്ദരഗാനങ്ങൾ വിടരുമെന്നാണ് വലിയ പ്രതീക്ഷ. അടുത്തയിടെ ഏറെ വൈറലായ ഓരോണപ്പാട്ടിന്റെ വരികൾ ഒന്നുകൂടി ഓർക്കാം...

ഓണം വന്നല്ലോ ഊഞ്ഞാലിട്ടല്ലോ... ●

# പലായനം



അവന്റെ കൈപ്പത്തിയുടെ വലുപ്പത്തിൽ
നീലനിറമുള്ള ഒരു ഹൃദയം ഞാൻ വരച്ചുകൊടുത്തു.

അതിനുചുറ്റും പറന്നു പോവുന്ന മഞ്ഞപ്പൂമ്പാറ്റകൾ
അവൻ കൂട്ടിച്ചേർത്തു.
ജ്യോമെട്രിബോക്സിലെ
സ്കെയിലും പെൻസിലുമെടുത്ത്
അവയ്ക്ക് പറക്കാനുള്ള പാതയെ
ഞാൻ നീട്ടിവരച്ചു.
അവന്റെ പൂക്കൾ തുന്നിയ മേടുകൾ പിന്നിട്ട്
പുഴയോളങ്ങൾക്ക് മീതെ പൊടിപ്പുചിറകിൽ മിടിച്ച്.

വലിയൊരു വിമാനമായാലോയെന്ന്
ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ
ഒരു വിമാനക്കുതിപ്പിൽ ഉയർന്നുയർന്നു പോയി.
നമ്മുടെ ഇന്ദ്രിയകാമനകളെ
ഉണർത്തിയെടുക്കുന്ന
കെട്ടിപ്പിടുത്തത്തിന്റെ കനൽനോവുകൾ വലിഞ്ഞു പൊട്ടണം.
ഉച്ചവെയിൽപ്പടിയിൽ
സന്ധ്യയുടെ പിൻവാങ്ങലിന്റെ നൊമ്പരനിഴൽ .
അപരിചിതഭാവത്തിൽ നീയെനിക്ക് തന്ന വിരൽച്ചൂട്.
അതിവേഗം എന്നിലേക്കെത്തിയ
ചുംബനത്തിന്റെ ഇളം മധുരമുറിവുകൾ.
ജാലകക്കാഴ്ച ഇരമ്പിക്കയറുന്ന ചുവർത്തട്ടിലെ
എഴുത്തുയുദ്ധങ്ങളുടെ മേൽ
വിശ്രാന്തി കവർന്നെടുത്തുപോയ വിമാനച്ചിറകുള്ള പേന.

വലിഞ്ഞു പൊട്ടണം.
എല്ലാം ഉരുക്കിയീ തീയിലൊഴിക്കണം.
കാർമേഘവിശപ്പുകൾ
ഉരുകിവീഴുന്ന തുരുത്തുകളിൽ എത്ര നേരം
ഒളിപ്പിച്ചു വയ്ക്കാൻ കഴിയും എന്റെ മേഘച്ചുഴികളെ.

എത്ര ഇറുകെയാണ്
കുന്നിൻപുറംപോലെ പച്ചച്ച കുഞ്ഞുഗൃഹം.
ഉള്ളിലൊരു പ്രാവ് നഖം ആഴത്തിൽ കൊത്തിവലിക്കുന്നു.

ജാലകക്കൊളുത്തുകളെ ഊരിമാറ്റി.
ശ്വാസക്കവചക്കെട്ടൂരി ഭൂമിയെ
പ്രാണന്റെ കാറ്റിൽ തുറന്ന് വിട്ടു.
പറന്നു നടക്കട്ടെ

ശലഭങ്ങൾ, പാറ്റകൾ, പക്ഷികൾ ,പ്രാണികൾ, പുഴുക്കൾ, മാനവർ.
പറന്നുപറന്നവയെങ്കിലും ഉടൽ നിറച്ചും
മനം നിറച്ചും
ശ്വാസപ്രപഞ്ചത്തെ പുതയ്ക്കട്ടെ

അവന്റെ നീല ഹൃദയപുസ്തകത്തിലെ മേഘച്ചുഴികളിൽ
മഞ്ഞപാപ്പാത്തിച്ചിറകിന്റെ അടങ്ങാത്ത മിനുത്ത തുടിപ്പുകൾ.



സ്റ്റെല്ല മാത്യു

# എല്ലാം വെറുതെ ...





ജയപ്രകാശ് എറവ്

കവിത

**ഓ**ർമ്മകളുടെ തെളിച്ചത്തിന്
മഴവില്ലഴക് .
വിരിയുന്ന ഒരോന്നിലും സപ്തവർണരാജികൾ ചൊരിഞ്ഞങ്ങനെ.
അതിരില്ലാ ചക്രവാളത്തിലെക്ക്
അതങ്ങ് പറക്കും.
ഉഷസ്സിൽ വിരിയും കർമ്മസാക്ഷിയെ പോലെ,
പിന്നെ നടനമാടിത്തിമിർക്കും.
ഭൂമിയിലെ വസന്തോത്സവത്തിൽ .
ഓർമ്മകൾക്ക് മധുരാഭിലാഷത്തിന്റെ നിർവൃതി.
അത്രമേൽ ഹൃദ്യമാകുന്ന
സുരഭില നിമിഷത്തിൽ –
എനിക്കും നിനക്കുമിടയിൽ
ഇനി ചൊല്ലാനുള്ളത് എന്താണ് ....?
വീണുടയുന്ന വാക്കുകളുടെ മരണമൊ ?
പരിഭവങ്ങളിൽ ചിതറി വീഴുന്ന
മൗനസഞ്ചാരമൊ .....!
അസ്തമിച്ച് പോവുന്ന ചുണ്ടിലെ പുഞ്ചിരിയൊ ,
എല്ലാം തൊട്ടരികെ ഉണ്ടെന്നാലും
സ്വന്തമാക്കാൻ കഴിയാത്ത കാലത്തിന്റെ സങ്കടമൊ ....?
സങ്കല്പത്തിന്റെ രഥവേഗം തകർന്ന കിതപ്പോ .....!
എല്ലാം വെറുതെയെന്ന് തോന്നുന്നുവൊ ...?
എങ്കിലും സന്ധ്യയുടെ വർണത്തുടിപ്പിലും
രാവിന്റെ നനവാർന്ന ശിശിരകാല പുതപ്പിലും
പുലർകാല തെളിച്ചത്തിലും
മന്ദംമന്ദമായി വന്നണയുന്നത്
സുഖകരമായൊരു ഓർമ്മ മാത്രം.

# കൺസൽട്ടന്റ്

ചെറുകഥ



ജോസെ ലിയോൺസ്



ആന്റണി: 'നീ കുറെ കാലായീലോ കൺസൾട്ടണ്ടെന്നുപറയാൻ തുടങ്ങീട്ട്. ഞങ്ങൾ പ്രായമായവർക്കു ഈ ഐ.റ്റി വാക്കുകളൊന്നുംമനസിലാവില്ല.ടീവിയിൽകൺസൾട്ടണ്ടെന്നുകേട്ടാൽഅഴിമതിഎന്നാണല്ലോസ്ഥിരംകേൾക്കുന്നത്...ഇതല്ലപുലിവാലാണോ ? '

വെങ്കി: 'ചേട്ടാ ഇത് ഐ.റ്റി വരുന്നതിനു മുമ്പുള്ള വാക്കാണ്. ചേട്ടന് ഐ.റ്റിക്കാരോട് വല്ല വിരോധമുണ്ടോ?'

ആന്റണി: 'എന്നാലും പച്ച മലയാളത്തിൽ നിനക്ക് പറഞ്ഞു തന്നുകൂടെ ..'

വെങ്കി: 'ചേട്ടന് മനസിലാവണ ഭാഷ എന്ന് പറയുമ്പോൾ?'

ആന്റണി: 'മലയാളം.'

വെങ്കി:"പിടികിട്ടി.ചേട്ടാ, ചേട്ടൻ പള്ളിയിൽ കുമ്പസാരിക്കുമ്പോൾ പള്ളിയിലെ അച്ചൻ എന്താണ് ചെയ്യാ?"

ആന്റണി: "കേട്ടിരിക്കും..."

വെങ്കി: "അതെ, അത് തന്നെ. ഞങ്ങളുടെ അടുത്ത് പ്രശ്നമായി വരുന്നവരെ ഞങ്ങൾ കേട്ടിരിക്കും."ആന്റണി: "അതിനോ ഇത്ര ശമ്പളം?"

**2**

വെങ്കി: "ചേട്ടോ കുറ്റങ്ങൾ കേട്ടാൽ പിന്നെ പള്ളിയിലെ അച്ചൻ എന്ത് ചെയ്യും?"

ആന്റണി: "മനുഷ്യരായാൽ തെറ്റ് പറ്റും... രണ്ടു പ്രാർത്ഥന ചൊല്ലിഞങ്ങളോട് പരിഹാരം ചെയ്യാൻ പറയും."

വെങ്കി: "ഞങ്ങളും അത് ചെയ്യും. എന്റെ അന്തോണി ചേട്ടാ, തെറ്റുകൾ കൂടിയാൽ ചിലവുകളും കൂടും പ്രാർത്ഥനയും കൂട്ടേണ്ട വരും."

ആന്റണി: "എന്നാലും നിങ്ങൾ എല്ലാവരോടും ഒരേ കാര്യം തന്നെയല്ലേ പറയുന്നത്."

വെങ്കി: "അല്ല. അത് ഞങ്ങളുടെ ട്രേഡ് സീക്രട്ട് ആണ്. പുറത്തു പറയില്ല. രോഗിക്കനുസരിച്ചുമാറ്റങ്ങൾ ഉണ്ടാകും."

ആന്റണി: "അപ്പൊ നിന്റെ ജോലി, പള്ളിയിലെ അച്ചന്റെ കുമ്പസാരം കേൾക്കുന്നപോലെയാണ്. അങ്ങനെ മനുഷ്യന് മനസിലാവണ ഭാഷയിൽ പറയ്...'

വെങ്കി: "ജ്യോതിഷിയുടെഅടുത്ത്പോകുന്നപോലെയും."

ആന്റണി:"നീഏതെങ്കിലുംഒന്ന്പറയൂ;ജ്യോതിഷിയോ? പാതിരിയോ?"

വെങ്കി: "പ്രശ്നങ്ങൾ കേൾക്കുക,പ്രശ്നപരിഹാരം നൽകുക."

ആന്റണി: "പ്രശ്നങ്ങൾ ഒന്നുമില്ലെങ്കിലോ?

വെങ്കി: "രണ്ടുവർഷത്തിനുള്ളിൽ എന്തെങ്കിലുംപ്രശ്നങ്ങൾ പറയുക."

**3**

ആന്റണി: "നല്ലതൊന്നുംപറഞ്ഞൂടെ?"

വെങ്കി: "ഞങ്ങൾ പറയുന്നതെല്ലാം നല്ലതിനാണ്."

ആന്റണി:"നിങ്ങൾക്ക് ഉദ്യോഗ കയറ്റം ഉണ്ടാകുമ്പോൾ എന്ത് പേരാണ് വിളിക്കുക? അപ്പോഴും ഇതേ പേര് തന്നെയാണോ?"

വെങ്കി: "അല്ല. ജൂനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ്,സീനിയർ കൺസൾട്ടന്റ്.... പിന്നെ പേരില്ല."

ആന്റണി:"ഹ്മ്മ്... മനസിലായി.. വികാരി , ബിഷപ്പ് ,കർദിനാൾ പിന്നെ പോപ്പ്...അങ്ങനെയല്ലേ?"

വെങ്കി: "ഒരു ചെറിയ വ്യതാസം; ഞങ്ങൾ കൺസൾറ്റൻസിനു പോപ്പ് പദവിയില്ല...മണിക്കൂറിനാണ് ശമ്പളം.എത്ര മണിക്കൂർ കുമ്പാസാരിപ്പിച്ചു എന്നത് ഒരു മാനദണ്ഡം. പിന്നെ ബിഷപ്പ് കൺസൾട്ടന്റിന് വികാരി കൺസൾട്ടന്റിനേക്കാൾ ശമ്പളം കൂടുതലാണ്..."

ആന്റണി:"അത് ശരിയാ; വലിയ വലിയ പാപങ്ങൾ കേൾക്കുന്നവർക്കും പ്രശ്ന പരിഹാരങ്ങൾ നല്കുന്നവർക്കും കൂടുതൽ ശമ്പളം... മനസിലായി, മനസിലായി. ഇപ്പൊ നിന്റെ ജോലി ശരിക്കും മനസിലായി...'

വെങ്കി: "പാപങ്ങളല്ല...ജോലികൾ...ഒരു ഉദാഹരണം പറഞ്ഞതാണ് ആന്റേട്ടൻ മറക്കരുത്."

രണ്ട് കവിതകൾ

# ഓണത്തിലേയ്ക്കുള്ള ഹൃദയവഴികൾ



രമ പിഷാരടി

മഴയിലേയ്ക്ക് നടന്നു പോകുന്നൊരു-
വഴിയിൽ സൂര്യന്റെ ജാലകച്ചില്ലിലായ്

ജടമുടിയിൽ നിന്നിറ്റ് വീഴും മേഘജല-
കണങ്ങൾ  തിളങ്ങിച്ചിരിക്കവെ

എവിടെ? ഓണമെന്നെന്നോട് ചോദിച്ച-
ചെറിയ പക്ഷിയൊന്നെന്റെയീ  കൂട്ടിലായ്

പുതിയ കാലപ്രമാണങ്ങൾ, പാട്ടുകൾ
സ്വരജതി, പദവർണ്ണങ്ങൾ, കീർത്തനം

ഇടമുറിയാത്ത  വാദ്യഘോഷാരവം
ജലതരംഗത്തിൽ വീണുമായുന്ന പോൽ

മരണഗർജ്ജനമിത്രമേൽ  മൗനമായ്
മനസ്സിനെ  വന്ന്  മൂടിനിൽക്കുന്നപോൽ

പുഴ കടന്നു പോകും  കടൽപ്പക്ഷികൾ
പതിയെ, പതിയെയെന്നോതുന്നു കാതിലായ്

ഇലകളിൽ നിന്ന്  ശലഭവർണ്ണങ്ങളിൽ
ജലസമാധിതന്നോർമ്മപ്പെരുക്കങ്ങൾ

അഴികളോരോ മനസ്സിന്റെ വാതിലും
ഇരുളിനാൽ  ചുറ്റി  മെല്ലെയടയ്ക്കിലും

ഹൃദയമാ,മതിൽക്കെട്ടിന് ചുറ്റിലും
പവിഴമല്ലികൾ നട്ട് പോകുന്ന പോൽ

മഴ പൊഴിഞ്ഞപോൽ  പൂക്കൾ വിടർന്ന പോൽ
മിഴിയിലാകെ നിലാവ് തെളിഞ്ഞ പോൽ

ചെറുകിളികൾ പറന്ന് നീങ്ങീടുന്നു
വഴികളിൽ സാന്ധ്യവാനം തിളങ്ങുന്നു

മലകടന്ന് പോകും വഴിയെങ്കിലും
ചുരമിരുട്ടിലാണെങ്കിലുമപ്പുറം

ഒരു വിളക്കുമായ് സൂര്യൻ വരും പോലെ
ചിതയിൽ നിന്നൊരു ഫീനിക്സ് വരും പോലെ

അഴികളിൽ നിന്ന് ഞാനീ പ്രപഞ്ചത്തെ
മിഴിയിലേക്ക് തുറന്ന് വയ്ക്കുന്നിതാ

ഹൃദയമോണമായീടുന്ന  പോലെയോ
പ്രകൃതി മെല്ലെ തലോടുന്ന പോലെയോ !



## ഇന്നു ഞാനുണർത്തുന്നു

# സ്മൃതിയിലെ ചിങ്ങവാതിൽ

ഇന്നു ഞാനുണർത്തുന്നു മനസ്സിലെ
ചിങ്ങവാതിൽ, കസവുപുടവകൾ
കുഞ്ഞു തുമ്പകൾ, ചെങ്കദളിപ്പൂക്കൾ
ശംഖുപുഷ്പങ്ങൾ, സ്വർണ്ണജമന്തികൾ
പാരിജാതം, കുറുമൊഴി, ചെത്തികൾ
വാടിടാത്ത വാടാമല്ലിപ്പൂവുകൾ
തൂവെളിച്ചം തുളുമ്പിവീഴും മുല്ല-
പ്പൂവുകൾ, രാജമല്ലിയിതളുകൾ

വെണ്മതൂവുന്ന മന്ദാരപ്പൂവുകൾ
ചെമ്പകം, പിച്ചി, ചെമ്പരത്തിപ്പൂക്കൾ
പ്രേമസങ്കല്പമെന്നും പ്രണയാർദ്ര
ഭാവമാർന്നുവിടരുന്ന റോസുകൾ
വെള്ളിലകളോറഞ്ചുനിറമാർന്ന
മിന്നിടും പട്ടുനക്ഷത്രപ്പൂവുകൾ
പുണ്യമേറ്റിയുഷസന്ധ്യകൾ തീർഥ-
മെന്നുമേകും തുളസീദളങ്ങളും

നീണ്ടമുറ്റം നിരയൊത്ത വൃത്തങ്ങൾ
പൂക്കുടകൾ, പൊന്നോട്ടുവിളക്കുകൾ
നാക്കിലയിൽ പ്രപഞ്ചം കൊതിക്കുന്ന
നാട്ടറിവിന്റെ സ്വാദുകൾ,  സദ്യകൾ

ഇന്നു ഞാനുണർത്തുന്നു  പഴയതാം
ചിങ്ങവാതിലൂഞ്ഞാൽപ്പടിയോർമ്മകൾ
കണ്ണിലെന്നും  തിളങ്ങും പുലരിതൻ

വർണ്ണമാർന്ന പുതിയ നിനവുകൾ
കത്തിയാളിയ സൂര്യമദ്ധ്യാഹ്നങ്ങൾ

കൈയിൽ കുങ്കുമം തൂവിയ സന്ധ്യകൾ
ബാല്യമോടിക്കളിച്ച ത്രികാലങ്ങൾ,
സ്നേഹസൗഹൃദമൂറിയ കൗമാരം
അഗ്നിനീറ്റിയ യൗവ്വനജ്വാലകൾ;
രക്തചന്ദനമദ്ധ്യാഹ്നതീക്ഷ്ണത
നീൾനിഴൽ മാഞ്ഞ നിശ്ശബ്ദതയ്ക്കുള്ളിൽ
നോവിനെ കണ്ട സായാഹ്നവീഥികൾ

കണ്ണിണയിൽ തിളങ്ങിയ സൂര്യനെ
മെല്ലെ മൂടിയ  കാർമേഘഗദ്ഗദം
ചിങ്ങവാനത്തിൽ നിന്നുമറിയാതെ
പെയ്തുപോയ മഴനീർക്കുരുന്നുകൾ
ബോധമുൾബോധമൗനച്ചിമിഴുകൾ
ശോക,താപരഹിതമുൾക്കാഴ്ച്ചകൾ

ഞാനുണർത്തുന്നു നീൾനിലാച്ചില്ലയിൽ
കൂടുകൂട്ടുന്നോരോണക്കിനാക്കളെ
ഞാനുണർത്തുന്നു വീണ്ടും സ്മൃതിയുടെ
സ്നേഹവാതിൽ, പ്രകാശം, വിളക്കുകൾ
ഞാനറിയുന്നു വീണ്ടും സ്മൃതിയുടെ
നേരുകൾ, സുഗന്ധം, കൃപ, ഭൂമിയെ
ഞാനെടുക്കുന്നു വീണ്ടുമെന്നുള്ളിലെ
ഓണമാകുന്ന ഹൃദ്യമാം പൂവിനെ..

കഥ





ഡോ. പി. സജീവ്കുമാർ.

# പറിച്ചു നടുമ്പോൾ ശ്രദ്ധിക്കേണ്ടത്

മൂന്നാംഘട്ട ലോക്ക് ഡൌൺ, കാലത്ത്, ഇളവുകളുടെ ഭാഗമായി ബൈക്കിൽ പുറത്തേക്കിറങ്ങാൻ അനുമതി കിട്ടിയപ്പോൾ നഗരഹൃദയത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ തന്റെ കുഞ്ഞുഷോപ്പിലേക്ക് ചെന്നതായിരുന്നു പ്രകാശൻ. ഒരു പ്രധാന പത്രത്തിന്റെ, ടൌൺ ബ്യൂറോ, കെ. എസ്. എഫ്. ഇ. ബ്രാഞ്ച്, ടാക്സ് പ്രാക്ടീഷണറുടെ ഓഫീസ്, കംപ്യൂട്ടർ സർവ്വീസിംഗ് ഷോപ്പ് എന്നിവയൊക്കെയാണ് ഷോപ്പിംഗ് കോംപ്ലക്സിലെ ചില സ്ഥാപനങ്ങൾ. അവിടെ കുഞ്ഞു ഷോപ്പിൽ, കായ വറവിന്റെ വിൽപ്പനയാണ് അയാൾ നടത്തിയിരുന്നത്. കായ വറുത്ത്, പായ്ക്കറ്റിലാക്കിയിരുന്നത് അയാളുടെ വീട്ടിൽ ആയിരുന്നു. കാര്യമായ കച്ചവടമൊന്നും നടന്നിരുന്നില്ല. ഒരു സഹായിയെ കടയിൽ നിർത്തിയിരുന്നു. ചില ബേക്കറികളിൽ നിന്ന് ഓർഡർ പിടിച്ച്, അവിടെ പാക്കറ്റുകൾ എത്തിക്കലായിരുന്നു, കടയുടെ മേൽനോട്ടത്തിനു പുറമെ അയാൾ ചെയ്തിരുന്നത്.പലയിടങ്ങളിൽ നിന്നായി കുറെ ഓർഡർ കിട്ടാറുമുണ്ട്.

ഇവിടെ, ഇഷ്ടപ്പെട്ട് വന്ന്, വാടകക്കാരനായതല്ല. അയാളുടെ ജീവിതചുറ്റുപാടുകൾ വച്ച് ഇവിടെ ഷോപ്പ് നടത്തി കൊണ്ടുപോകാൻ പറ്റുകയുമില്ല. പ്രളയത്തിൽ, നഗര പ്രാന്തത്തിലുള്ള കട വെള്ളത്തിൽ മുങ്ങിപ്പോയപ്പോൾ നഷ്ടം സഹിച്ച്, ഇവിടെ വരാൻ നിർബന്ധിതനാവുകയായിരുന്നു. അന്ന് അടിയന്തിര സാ

ഹചര്യം സൃഷ്ടിച്ച സമ്മർദ്ദവും ഉണ്ടായിരുന്നു.

അല്പം വാടക കുറഞ്ഞ മറ്റെവിടെയെങ്കിലും ഒരു മുറി കിട്ടിയാൽ, അങ്ങോട്ട് മാറണമെന്ന് വിചാരിച്ചുവെങ്കിലും നടന്നില്ല. ഇവിടെ കച്ചവടം വലിയ തോതിൽ നടക്കുന്നുമില്ല.നഷ്ടം ഇല്ലെന്നു മാത്രം. സത്യത്തിൽ ലോക്ക് ഡൌൺ തുടങ്ങിയ സമയത്തു കടയിൽ സ്റ്റോക്ക് കാര്യമായി ഉണ്ടായിരുന്നില്ല. അതു കൊണ്ടു വീട്ടിലിരുന്ന സമയത്തു നെഞ്ചിടിപ്പ് അധികമായില്ല.

കഴിഞ്ഞ കാലങ്ങളിൽ പലതരം, ബിസിനസ്സ് സംരംഭങ്ങളിൽ ഏർപ്പെട്ട് കൈപൊള്ളിയ അനുഭവം ആണ് അയാൾക്കുള്ളത്. പലതും കൃത്യമായി മനസ്സിലാക്കാതെ എടുത്തുചാടി,തുടങ്ങിയതും, ചില സുഹൃത്തുക്കളെ അമിതമായി വിശ്വാസത്തിലെടുത്ത് അബദ്ധം പിണഞ്ഞതും ആയിരുന്നു. അതുകൊണ്ടുതന്നെ അതെല്ലാം നഷ്ടത്തിൽ അവസാനിക്കുകയും, അയാൾ കടക്കെണിയിൽ അകപ്പെടുകയും ചെയ്തു.

അതിനൊക്കെ ശേഷമാണ് ഇപ്പോഴത്തെ കച്ചവടത്തിലേക്ക് അയാൾ എത്തിയത്.

കൊറോണ വൈറസ് തന്നെപ്പോലെയുള്ള കച്ചവടക്കാരുടെ വയറ്റത്തടിച്ചിരിക്കുകയല്ലേ. ഒന്നരമാസമായി ഒരു രൂപയുടെ വരുമാനമില്ല.

കടയിലെ സ്ഥിതി എന്താവും. ആകെ അലങ്കോലപ്പെട്ടു കിടക്കുകയാവും. ഇങ്ങനെ ചിന്തിച്ചു തലയിലെ ഓളം നഷ്ടപ്പെട്ടനിലയിൽ അയാൾ, ബൈക്ക് ഷോപ്പിംഗ് കോംപ്ലക്സിന്റെ മുന്നിൽ നിർത്തി. ഒന്നു, രണ്ടു കാറും, കുറച്ചു ബൈക്കുകളും പാർക്ക് ചെയ്യാനുള്ള സ്ഥലമേ അവിടെ ഉണ്ടായിരുന്നുള്ളു. അയാളുടെ മുറി ഒരറ്റത്തായിരുന്നു.ആ കെട്ടിടത്തിലെ ചെറിയ മുറിയും അതു തന്നെ. ഷട്ടർ തുറന്നു മുറിക്കകത്തു കയറി. മുറിയിൽ അടച്ചിട്ടതിന്റെ കുഴപ്പങ്ങൾ കണ്ടു.കെട്ടിക്കിടന്ന വായുവിന്റെ രൂക്ഷമായ ഗന്ധം. തറയിൽ പൊടിയും, പൂപ്പലും. റാക്കിൽ

കറുമുറു കടിക്കാൻ വരുന്നവരെ കാത്തിരുന്നു മടുത്ത കായ വറവിന്റെ പാക്കറ്റുകൾ. കുറച്ചു നേരം അവിടെയിരുന്നു.വെറുതെ എന്തൊക്കെയോ ചിന്തിച്ചു.മനസ്സിൽ പണിതിരുന്ന കോട്ടകൾ തകർന്നു വീണതിന്റെ വിഷമം ഉറഞ്ഞു കിടക്കുന്നു. പ്രതീക്ഷകളോടെയല്ലേ ഓരോന്നും ചെയ്യുന്നത്.

നിനച്ചിരിക്കാതെയായിരുന്നല്ലോ, കൊറോണയുടെ, വരവും, തുടർന്ന് ഉണ്ടായ അടച്ചുപൂട്ടലും. ഇതിന്റെ പ്രത്യാഘാതങ്ങൾ എന്നാണ് തീരുക,എന്നു പറയാനാവില്ല. സാമ്പത്തികമായി തകർന്നിരിക്കുന്നു. ചെറുകിട വ്യവസായത്തിനുള്ള ലോൺ എടുത്തിട്ടു തുടങ്ങിയ ബിസിനസ്സ് ആണ്. മോറോട്ടോറിയം ഉണ്ടെങ്കിലും, പലിശയടക്കം അടച്ചു തീർക്കേണ്ടേ.

അയാൾ അഞ്ചാറു പാക്കറ്റുകൾ, എടുത്തു പൊതിഞ്ഞു.

ഷട്ടർ താഴ്ത്തി. പൊതി,ഒരു തുണി സഞ്ചിയിലാക്കി ബൈക്കിൽ തൂക്കിയിട്ടു.

വലത്തുഭാഗത്തുള്ള മതിലിന്റെയും, കെട്ടിടത്തിന്റെയും ഇടയിൽ ആണ് ബിൽഡിംഗിന്റെ പുറകിലേക്ക് ഉള്ള ചെറിയ വഴി. പുറകിൽ ടോയ്ലെറ്റ്. കൈകഴുകാൻ ഉള്ള പൈപ്പ്. ഇവിടെ നിന്നും വെള്ളം ഒഴുകുന്ന പരിസരത്ത്, നനവു കിട്ടുന്ന രീതിയിൽ നാലഞ്ചു ചട്ടികളിൽ പൂച്ചെടികൾ വച്ചിരുന്നു. പുറകിൽ മണ്ണിലാണ്ടു നിന്നിരുന്ന ബോഗൺവില്ല ചെടികളുടെ കമ്പുകൾ മുറിച്ചാണ് ചട്ടികളിൽ നട്ടത്.ഏതാനും മാസങ്ങൾക്കു മുമ്പായിരുന്നു അത്.

അയാൾ പൈപ്പ് തുറന്നു കൈകൾ കഴുകി.

ചട്ടികളിൽ നിന്നിരുന്ന ചെടികൾ വാടിക്കരിഞ്ഞിരിക്കുന്നു. ലോക്ക് ഡൌൺ ആയിരുന്ന സമയത്ത് ആരും വരാതിരുന്നതിനാൽ ചെടികൾക്ക് പൈപ്പ് ഉപയോഗിക്കുമ്പോൾ കിട്ടുമായിരുന്ന ജലം കിട്ടാതെ കരിഞ്ഞതാണ്. എന്നാൽ പുറകിലെ മണ്ണിൽ വേരാഴ്ത്തി, നേരത്തെ നിന്നിരുന്ന ബോഗൺവില്ലകൾ വാടാതെ അവിടെയുണ്ട്. അവയിൽ ഇപ്പോഴും കടുംനിറമുള്ള പൂക്കളുണ്ട്.

അയാൾ തിരിച്ചു വരുമ്പോൾ മറ്റു പല വ്യാപാരസ്ഥലങ്ങളിലേയും ചെടിച്ചട്ടികൾ ശ്രദ്ധയോടെ വീക്ഷിച്ചു. അതും വാടി നിൽക്കുകയായിരുന്നു.

വീട്ടിലേക്കുള്ള മടക്കയാത്രയിൽ, ചട്ടിയിൽ കരിഞ്ഞു പോയ ചെടി തന്നെപ്പോലെയാണല്ലോ എന്നു പ്രകാശൻ ആലോചിച്ചു. കാരണം തീരെ അനുയോജ്യമല്ലാത്ത സ്ഥലത്തു ഷോപ്പ്, നടത്തി

ബിസിനസ്സിൽ താൻ നഷ്ടത്തിലേക്കു കൂപ്പുകുത്തുകയാണ്.

അതെ, ബിസിനസ്സ് ആയാലും, ചെടി പറിച്ചു നടുകയായാലും, ശ്രദ്ധിച്ചില്ലെങ്കിൽ, പിന്നെ കാര്യങ്ങൾ കൈവിട്ടു പോകുമെന്ന് അയാൾ

തന്നോട് തന്നെ, ഒരു സമാധാനത്തിനായി പറഞ്ഞു. എല്ലാം അനുഭവപാഠങ്ങളായി കൺമുന്നിൽ തന്നെ. എന്നിട്ടും....

●



ശ്രീജ വിജയൻ

അടക്കിയൊതുക്കി വച്ച
അലമാര
ജീവിത രഹസ്യങ്ങളുടെ പ്രതീകമാണ്.
മടക്കിയൊതുക്കി വച്ചിരിക്കുന്ന വ........
തൂങ്ങിക്കിടക്കുന്നവ......
എത്രയൊതുക്കിയാലും കുഴഞ്ഞു -
മറിഞ്ഞു കിടക്കുന്നവ.
പറയാൻ പാടില്ലെന്നറിഞ്ഞിട്ടും -
പടർന്നു.പരക്കുന്നവ ...


ആരോടും പറയരുതെന്ന
തുടക്കത്തോടെ
സഞ്ചാരത്തിനിറങ്ങുന്നവ

കാലമേറെ കഴിഞ്ഞാലും
വെളിച്ചം കാണാതെയൊടുങ്ങിത്തീരുന്നവ

അനാവൃതമായി പ്രഭ ചൊരിയുന്നവ
വഴികാട്ടിയായിത്തീരുന്നവ
സമസ്യയായി തുടരുന്നവ ...'

ഉള്ളിലൊതുങ്ങാതെ .......
അഴയിലിടുന്ന ചിലവ
ദൈനംദിന ചാരികൾ
നിർഗുണ പരബ്രഹ്മങ്ങൾ..
സ്വൈരവിഹാരികൾ...

നിമ്നോന്നതങ്ങളുടെയീ
ചേരലിൽ
വരൂ
നമുക്ക്
പുതിയ കഥ മെനയാം.
ഗൂഢ വഴി തിരയാം.



# രഹസ്യങ്ങൾ

# ഒരു ഗൈദ്ര കഥ

രാധ വായിൽ ചെറു ചൂടുവെള്ളമാക്കി കുപ്ളിച്ചു കൊണ്ടിരിക്കുമ്പോഴാണ് പലവിധ തുണിതരങ്ങളുമായി തുണിക്കാരൻ മാപ്പിള വീടിൻറെ പടി കയറിവന്നത്.അയാളെ കണ്ടപ്പോൾ രാധ വായിലെ വെള്ളം മുറ്റത്തേയ്ക്ക്

നീട്ടിതുപ്പി.

ഒരു ചെറു കിതപ്പോടെ കൈയിലെ തടിച്ചബാഗ് താഴെയിറക്കി വെച്ച് തുണിക്കാരൻ രാധയെ നോക്കി ചിരിച്ചു .രാധയുടെ വീടിൻറെ മുറ്റത്ത് പടർന്നു പടർന്നു പന്തലിച്ച കാട്ടുമരത്തിലെ വയലറ്റുപൂക്കൾ മനോഹരമായ പൂക്കളംതീർത്തു പരന്നു കിടന്നു.

ആ മരം ഏപ്രിൽ മെയ് മാസങ്ങളിൽ ഇറുന്നനെ പൂക്കാറുണ്ട്. നിറയെ പൂത്തുലഞ്ഞ പൂക്കൾ ആ മരത്തിലെ ഇലകളെ പാടെ അപ്രത്യക്ഷമാക്കാറുണ്ട്.ഗൈദ്ര യിൽ വന്ന കാലംതൊട്ട് രാധ ആ പൂക്കളുടെ വസന്ത കാലത്തിനായി കാത്തിരിയ്ക്കാറുണ്ട്.

ഗൈദ്ര യിലെ തണുപ്പുറഞ്ഞ ഇളം വെയിൽ അവളുടെ മേലേയും തുണിക്കാരൻറെ മേലേയും ചിത്രങ്ങൾ വരച്ചു .

കറുത്തനിറമുള്ള തുണിക്കാരന് വെയിലിപ്പോൾ സുവർണ്ണനിറം പൂശിയിരിക്കുന്നു.രാധ അങ്ങനെ ചിന്തിച്ച് അയാൾ കാണാതെ ഒരു ചെറു പുന്ചിരി തൂകി.

തുണിക്കാരൻ മാപ്പിള

ഇപ്പോൾ അവളുടെ വീടിൻറെ വരാന്തയിൽ ചമ്രം പടിഞ്ഞ് ഇരുന്ന് ബാഗിൻറെ സിബ് തുറക്കുകയാണ്.രാധയുടെ വീടിൻറെ ഇരുഭാഗത്തും കുനു കുനെ വീടുകളുണ്ട്.

അവിടെ ചിരപരിചിതനായ അയാൾ ചുറ്റുമുള്ള വീടുകളിലേയ്ക്ക് നോക്കി ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. വേഗം

വരിൻ പെണ്ണുങ്ങളെ.

എനിക്ക് അന്തിയാകുമ്പോഴെയ്ക്കും അങ്ങു മന്ചൂരെത്തണം.കൊറോണ ക്കാലമായതിനാൽ വണ്ടി കൾ ചെക്ക് പോസ്റ്റ് കടത്തിവിടുന്നില്ലത്രേ..ഇതാ പുതു പുത്തൻ മോഡൽ ചുരിദാറുകളും സാരികളും..എല്ലാവരും വന്നെടുക്കൂ...

അയാളുടെ ഉച്ചത്തിലുള്ള ആശബ്ദം കേട്ടാകണം



രേഖ തോപ്പിൽ

അടുത്ത വീട്ടിലെ സരസൂ ഇറങ്ങി വന്നു.

അവളുടെ ചെറിയ കറുത്തമുഖത്ത് ഭംഗി യുള്ള പല്ലുകൾ തിളങ്ങി .അവളുടെ ബ്രാ ഉപയോഗിയ്ക്കാത്ത നൈറ്റിയ് ക്കുള്ളിൽ ഓമക്കായ മുലകൾ തൂങ്ങിയാടി.

സരസൂ അന്നെ കാണാനാ ഞാനിത്ര ദൂരം നടന്നു വന്നത് ..

തുണിക്കാരൻ വെളുക്കെ ചിരിച്ചു .അ



രികെ നിന്ന രാധ അതു കേട്ടതിൻറെ ജാള്യത സരസൂ വിൻറെ മുഖത്തു തെളിഞ്ഞു. രാധ കൈയിലെ ഗ്ളാസ്സ് അകത്തേയ്ക്ക് വെയ്ക്കാനെന്ന വ്യജേന അവിടെ നിന്നു ഒഴിഞ്ഞു മാറി.

പച്ച നീല ചുകപ്പ് പലനിറത്തിലുള്ള ചുരിദാറുകൾ മഴവിൽ വർണ്ണങ്ങൾ ഇണചേരുന്ന സാരികൾ.എല്ലാം തുണിക്കാരൻ വന്നു ചേർന്ന പെണ്ണുങ്ങളുടെ മുന്നിലേയ്ക്കായി എടുത്തിട്ടു.

പെണ്ണുങ്ങൾ ആർത്തി നിറഞ്ഞ കൗതുകത്തോടെ എല്ലാം എടുത്തു വിടർത്തിനോക്കി മണത്തുനോക്കി ഉടലിൽ ചേർത്തു വെച്ച് ചന്തം നോക്കി.അപ്പോൾ പൊടുന്നനെ ഒരു ചെറു കാറ്റിൽ ഒരുകൂട്ടം വയലറ്റു പൂക്കൾ ആ തുണിതരങ്ങൾക്കുമേലെ ഉതിർന്നു വീണു.

ആ മരത്തിലെ തത്ത ക്കിളികൾ കൂടിനിന്ന പെണ്ണുങ്ങളെ പോലെ കിലു കിലെ ചിലച്ചുകൊണ്ട് ദൂരേയ്ക്ക് പറന്നു പോയി.

കൂടി കിടക്കുന്ന തുണിതരങ്ങളിൽ നിന്ന് ഒരു വയലറ്റു ചുരിദാർ എടുത്ത് രധയുടെ കൈയിൽ കൊടുത്ത് തുണിക്കാരൻ പറഞ്ഞു

രാധയ്ക്ക് ഈ കളർ നന്നായി ചേരും.

അയ്യോ എനിക്ക് ഒന്നും വേണ്ട..ഞാൻ വെറുതെ കാണാൻ..

വാങ്ങി ക്കോളൂ നല്ല നെറാണത്..അടുത്ത്നിന്ന സരസൂ അവളെ നിർബന്ധിച്ചു .വേണ്ട ഏട്ടൻ വന്നാൽ വഴക്കു പറയും

അങ്ങനെ പറഞ്ഞു രാധ വെറുതെ സരസൂ ഭംഗി നോക്കുന്ന ഫിഫോൺ സാരിയിൽ വിരലോടിച്ച് ..കൊള്ളാം മെന്ന് കള്ളം പറഞ്ഞു.

കച്ചവടം കഴിഞ്ഞ തുണിക്കാരൻ ബാഗ് ചുമലിൽ തൂക്കി മുറ്റത്തെ വയലറ്റു പൂക്കളെ ചവിട്ടിയരച്ച് മുഖത്തൊരു വിൽപനചിരിയുമൊട്ടിച്ചുവെച്ച്

നടന്നു പോയി.

രാധയ്ക്ക് മുറ്റത്തെ അലങ്കരിയ്ക്കുന്ന ആവയലറ്റു പുക്കളോട് വല്ലാത്ത സ്നേഹവും സഹതാപവുമായിരുന്നു.ആ വയലറ്റു പൂക്കൾ തീരെ ആയുസ്സു കുറഞ്ഞ സ്വപ്നങ്ങളാണ്.പ്രണയിച്ചു മതിയാവാത്ത കാമിനികളാണ്.

അന്ന് വൈകുന്നേരം തിരിയും എണ്ണയുമെടുത്ത്

അവൾ കൃഷ്ണൻറെ അമ്പല ത്തിലേയ്ക്ക് നടന്നു .ആനേരത്താണ്.അവളുടെ ഭർത്താവിൻറെ വലിയ ആഫീസർ അവളെ കൈ കാട്ടി അരികിലേയ്ക്ക് വിളിച്ചത്.വൃദ്ധൻ അവളുടെ അച്ഛനോളം പ്രായമുള്ളവൻഈയിടെ അയാൾക്ക് ഷുഗർ രോഗം കൂടുതൽ ആണത്രേ..രാധ മടിയ്ക്കാതെ അവളുടെ സമീപത്തേയ്ക്ക് നടന്നു ചെന്നു .അയാളുടെ വീട്ടിൽ പണിയ്ക്കുവരുന്ന കനത്തനിതംബവും വലിയ മുലകളുമുള്ള പ്രേമ മുറ്റത്തുവരച്ചുവെച്ച കോലത്തിലേയ്ക്ക് രാധ നോക്കി.

ആ പ്രേമേടെ അത്ര നല്ല സ്വഭാവമൊന്നുമല്ല കേട്ടോ അവൾക്ക് നിറയെ കസ്റ്റമേർസുണ്ടത്രേ..ഇന്നലെ കൂടി സരസൂ രാധയോടങ്ങിനെ പറഞ്ഞു ഉച്ചത്തിൽ ചിരിച്ചു ..എട്ടൻറെ ഓഫീസറുടെ ശരീരത്തിലെ നരച്ചമുടി വാർദ്ധക്യത്താൽ നിറംകെട്ട കണ്ണുകൾ കരിമംഗല്യത്താൽ കറുപ്പുവീണ കവിൾതടം എല്ലാം രാധ ശ്രദ്ധിച്ചു.

എന്തിനാണെന്നെ വിളിച്ചത് ?രാധയോടയാൾ ഉത്തരം പറയാതെ മിടയിറക്കി.

അവളുടെ ചുവന്നുതുടുത്ത ചുണ്ടുകളിലേയ്ക്കും ദുപ്പട്ടതെന്നിമാറി കിടക്കുന്ന മാറിടത്തിലേയ്ക്കും അയാളുടെ നിയന്ത്രമില്ലാത്ത കണ്ണുകൾ സന്ചരിച്ചു. നേരം വിളക്ക് വെയ്ക്കാറായിഎനിക്ക് പോകണം അവൾ അവിടെ നിന്ന് അയാളുടെ അനുവാദത്തിന് കാത്തുനിൽക്കാതെ ഇറങ്ങി നടന്നു .

ചെരാതിൽ എണ്ണയൊഴിച്ച്തിരിവെയ്ക്കുമ്പോൾ അവൾ കണ്ണനോട് പരാതി പറഞ്ഞു.

ദേ..ആ തുണിക്കാരൻ മാപ്പിളയും ഏട്ടൻ റെ ഓഫീസറുമൊന്നും അത്ര നല്ലതല്ല കണ്ണാ..

കണ്ണനു മുന്നിൽ രാധ കത്തിച്ച വിളക്കിൽ സ്വർണ്ണദീപം തെളിഞ്ഞു .ചന്ദനത്തിരി ചുറ്റും സുഗന്ധം പരത്തി.

കൈയിൽ പറ്റിയ എണ്ണ തലയിൽ തുടച്ചു രാധ കണ്ണനു മുമ്പിൽ കൈകൂപ്പി കണ്ണടച്ചു.

കാലം അത്ര നല്ലതല്ല കേട്ടോ.. രാധേ.. രണ്ടു പേരും ഒന്നിച്ചു ചിരിച്ചു ..ആ നേരത്ത് പതുങ്ങി വന്നൊരു ചാറ്റൽ മഴ രണ്ടാളെയും ചേർത്ത് പൊതിഞ്ഞു പിടിച്ചു ..!

●

കഥ

# വിഷം



ജസിന്ത മോറീസ്

ഓരോ പ്രഭാതം പൊട്ടിവിരിയുമ്പോഴും, ചുമരിൽ തൂക്കിയിരിക്കുന്ന, സ്നേഹാഗ്നി ജ്വാലകളാൽ കത്തിനിൽക്കുന്ന യേശുവിന്റെ തിരുഹൃദയ ചിത്രത്തിൽ നോക്കി സൂസന്ന കിടക്കയിൽ ഇരുന്നുതന്നെ പ്രാർത്ഥിച്ചു. 'ഇന്നത്തെ ദിവസം ശുഭകരമായിത്തീരട്ടെ. എല്ലാവർക്കും നല്ലതു വരുത്തേണമേ.'

ശുചി വരുത്തിയതിനുശേഷം നേരെ സ്ത്രീകളുടെ സമ്പാദ്യമായ അടുക്കളയിലേക്കു പ്രവേശിച്ചു. ആദ്യം കുടിക്കാനുള്ള വെള്ളം തിളപ്പിക്കണം. തിളപ്പിക്കാത്തതെല്ലാം മലിനമാണല്ലോ. പിന്നെ കട്ടൻ കാപ്പി തയാറാക്കണം. അതുണ്ടാക്കുന്നതു മണത്തറിഞ്ഞ മട്ടിൽ യോഹന്നാൻ ഉറക്കം ഉണരും. പിന്നെ ചുടുകാപ്പി മോന്തുന്നതിനിടയിൽ പത്രക്കാരനെ അക്ഷമയോടെ കാത്തുനിൽക്കും. എല്ലാ കാര്യത്തിനും കൃത്യനിഷ്ഠ.



ദിനപ്പത്രം ഒരു റൗണ്ട് വായിച്ചതിനുശേഷം സൂസമ്മ നട്ടുവളർത്തുന്ന ചെറു തോട്ടത്തിലൂടെ പുകയും വലിച്ചുകൊണ്ട് യോഹന്നാൻ നടക്കും. ജനലിലൂടെ അതു കണ്ട് സൂസമ്മ പിറുപിറുക്കും. 'വിഷമില്ലാത്ത കായ്ഫലങ്ങൾ എങ്ങനെയുണ്ടാകും ഇങ്ങനെ അവയ്ക്കു മീതം വിഷപ്പുക ഊതിവിട്ടാൽ.' പുകവലി ഇഷ്ടമല്ലാത്തതുകൊണ്ടു മാത്രമല്ല, ചെടികളെ മക്കളേപ്പോലെ സ്നേഹിക്കുന്ന വ്യക്തിയുമാണ്.

രണ്ടാമത്തെ റൗണ്ട് പത്രം വായിച്ചതു തൃപ്തിയാകാതെ യോഹന്നാൻ ടിവി ഓൺ ചെയ്യും. വാർത്താ ചാനലുകളാണു പ്രിയം. പല വാർത്തകളും സ്ഥിരീകരിക്കാനും ശബ്ദകോലാഹലങ്ങളോടെ വീക്ഷിക്കാനും.

അടുക്കളയിൽ പാചകം ചെയ്യുന്ന സൂസമ്മയ്ക്ക് ഇതുംകൂടിയാകുമ്പോൾ ബി.പി. പാലു തിളയ്ക്കുന്നതിനേക്കാൾ വേഗത്തിൽ തിളച്ചുപൊങ്ങും. സൂസമ്മയ്ക്കു രാഷ്ട്രീയവും ഇഷ്ടമല്ല. ടി.വി. യിലെ ചർച്ചകളിൽ അലമുറയിടുന്നവരുടെ കൂട്ടത്തിലുള്ള ഒരാളെന്ന പോലെ അടുക്കളയിൽനിന്ന് സുസമ്മയും അലമുറയിടും.

'ആൾക്കാരെ പറ്റിക്കാൻ വെള്ള ഖദറും ധരിച്ചു നടന്നുകൊള്ളും. നിക്ഷേപമൊക്കെ വിദേശത്ത്. മക്കളും കുടുംബവുമൊക്കെ അങ്ങ് അമേരിക്കയിൽ. ധരിക്കുന്ന ചെരുപ്പു

പോലും നാട്ടിൽ ഉണ്ടാക്കിയതല്ല. ഈ തോന്ന്യാസികളുടെ വാചകമടി കേട്ടില്ലെങ്കിൽ ഒരാൾക്കും ഉറക്കം വരില്ലേ !'

ടിവിയിലെ വാർത്തയും ചർച്ചയും കഴിഞ്ഞപ്പോൾ യോഹന്നാനു വിശപ്പു കയറി. അടുക്കളയിൽ പതുക്കെ ചെന്ന് ചോദിച്ചു:

'ഇന്ന് എന്താണു ബ്രേക്ക് ഫാസ്റ്റ്?'

കുട്ടിക്കാലം മുതലേ അമ്മ സ്വാദോടെ തയാറാക്കിത്തന്നിരുന്ന ചുരുളപ്പം അതേപടി പഠിച്ചെടുത്ത സൂസമ്മ, അമ്മയെക്കുറിച്ചുള്ള സ്മരണാഞ്ജലികളിൽ മുഴുകി മാസത്തിൽ ഒന്നോ രണ്ടോ തവണ ചുരുളപ്പം ഉണ്ടാക്കും. മൈദമാവ് നല്ലതുപോലെ ചുടുവെള്ളത്തിൽ കുഴച്ച് നാടൻ മുട്ടയും അൽപം ഉപ്പും കലർത്തി ചൂടായ ഇരുമ്പു ചട്ടിയിൽ പരത്തി. ഒരു വശം വെന്തുകഴിയുമ്പോൾ മറിച്ചിട്ട്, ചിരകിവച്ച നാളികേരത്തിനൊപ്പം പഞ്ചസാരയും ഏലയ്ക്കാപൊടിയും ചേർത്ത് പാതിവെന്ത അപ്പത്തിൽ ഒറ്റവരിയായി നിരത്തും. പിന്നെ അതു ചുരുട്ടിയെടുക്കാം.

ഹോ! എന്തു നല്ല മണവും സ്വാദുമാണെന്നോ. അമ്പതു വയസു കഴിഞ്ഞെങ്കിലും സൂസമ്മയ്ക്കു ചുരുളപ്പം വളരെ ഇഷ്ടമായിരുന്നു. ദൂരെ ഉദ്യോഗത്തിലുള്ള മക്കൾക്കും.

അന്നു ചുരുളപ്പം തയാറാക്കാനുള്ള തയാറെടുപ്പിലായിരുന്നു സൂസമ്മ. അപ്പോഴാണു യോഹന്നാന്റെ അടുക്കള പ്രവേശനം. എന്താണു പ്രാതൽ എന്ന ചോദ്യത്തിനു 'ചുരുളപ്പം' എന്നു മറുപടി കേട്ടതും ശബ്ദമുയർത്തി യോഹന്നാൻ ആക്രോശിച്ചു:

'പത്രമൊന്നും വായിക്കാറില്ലേ, മൈദ വിഷമാണെന്ന് അറിയില്ല? കാൻസർ ഉണ്ടാക്കും. എല്ലായിടത്തും ഇതിന്റെ ഉപയോഗം നിർത്തിയിരിക്കുകയാണ്. ഇവിടെ മാത്രം ഒരു മാറ്റവുമില്ല.'

വാ തുറന്നു വഴക്കു പറഞ്ഞപ്പോൾ തലേന്നു രാത്രി മോന്തിയ മദ്യത്തിന്റെ ഗന്ധം അടുക്കളയിൽ പരന്നു. അപ്പോഴേക്കും ഒരു പ്രസ്താവന കൂടി പുറത്തുവന്നു:

'എനിക്ക് അതു വേണ്ട, ചപ്പാത്തി മതി.'

ഇത്രയും പറഞ്ഞുകൊണ്ട് ദ്വേഷ്യത്തോടെ ഒരു സിഗരറ്റിനുകൂടി തീ പിടിപ്പിച്ചു. സിഗരറ്റ് ആഞ്ഞുവലിച്ചും അവിടമാകെ പുക പരത്തുകയും ചെയ്തുകൊണ്ട് യോഹന്നാൻ ചെടികൾക്കിടയിലേക്ക് ഇറങ്ങി. കാലുകൾ നീട്ടിവച്ചു നടന്നു.

●



കവിത





# നേർച്ചപ്പൂമ്പാറ്റ



യഹിയാ മുഹമ്മദ്

ഭൂമിയുടെ അറ്റത്തെ
കുറിച്ച് ചിന്തിച്ചപ്പോഴാണ്
അത് കബർസ്ഥാൻ ആയിരിക്കുമെന്ന
നിഗമനത്തിൽ ഞാനെത്തി ചേർന്നത്

രണ്ട് മീസാൻ കല്ലുകൾക്കിടയിൽ
അതിരു കാണിച്ച്
നമ്മളെ അടയാളപ്പെടുത്തുമ്പോൾ
മറ്റൊരു ലോകത്ത്
വേരുറപ്പിക്കാനുള്ള വ്യഗ്രതയിൽ
വിയർത്തു കുളിക്കുന്നുണ്ടാവും!

ഏകാന്തത തഴച്ചുവളരുന്ന കാടുകളിൽ
ഏത് ലിപിയിലായിരിക്കും
നമ്മൾ സംസാരിക്കുക!

പൂർവ്വികർ നടന്നു പോയ
ഇടങ്ങളിൽ
കൊത്തി വെച്ചതൊക്കെയും
മാഞ്ഞു തുടങ്ങി കാണണം
വഴിയറിയാത്ത നമ്മൾ
ഒരു കൈവിളക്കെങ്കിലും കരുതണം

ജീവിച്ച് തുടങ്ങുമ്പോഴേക്കും
പിഴുതെറിയപ്പെട്ട മരങ്ങളുടെ,
അത്രമേൽ ആഴത്തിലിറങ്ങിപ്പോയ
വേരുകളിൽ
ഇപ്പോഴും അരിച്ചരിച്ച് ഇറങ്ങുന്നുണ്ടാവും
രക്തത്തുള്ളികൾ

പറിച്ചു നടപ്പെടുന്ന
ഒട്ടുമാവുകൾക്ക്
മുരടിച്ചു പോയ
ഒരു പാട് ചില്ലകൾ കാണും


കബറാഴങ്ങളിലേക്ക്
ഇറക്കി വെക്കുന്ന മയ്യത്തിനൊപ്പം
നമ്മൾ മണ്ണിട്ടു മൂടുന്നത്
ജീവന്റെ തുടിപ്പ്
ഇപ്പോഴും നിലച്ചിട്ടില്ലാത്ത
ചിറകടിച്ചുയരാൻ വെമ്പുന്ന
ഒരു പറ്റം സ്വപ്നങ്ങളെയും കൂടിയാണ്

പതിയെപ്പതിയെ അവ ശലഭങ്ങളായ്
പുനർജനിക്കും
നമ്മൾ അവരെമറന്നു തുടങ്ങുമ്പോൾ
അവ വീടുകളെ ചുറ്റിപറ്റി
ചിറകുകളടിച്ച് അകത്തേക്കുവരും

മുറിഞ്ഞുപോയ സ്വപ്നങ്ങളാൽ
തുന്നിച്ചേർത്തത് കൊണ്ടാവണം
ശലഭങ്ങളുടെ ചിറകുകൾക്ക്
ഇത്രമേൽ ചാരുത
കൈവന്നിട്ടുണ്ടാവുക

കഥ

ദിവ്യ.സി.ആർ



# വിസ്മൃതിയിലേക്കൊരു നാൾ

'ഞാൻ എന്തിനാണീ നാട്ടിലേക്കു വന്നത്?'

'ആരെ കാണാൻ?'

അറിയില്ല. ഈ നാടും നാട്ടുകാരും അപരിചിതമാണ്. പക്ഷെ.. കവലയിൽ നിന്നും വലത്തേക്കു തിരിഞ്ഞ് കുത്തനേയുള്ള റോഡിൽ നിന്നും താഴേക്കിറങ്ങുമ്പോൾ അപരിചിതത്വം തോന്നിയില്ല. ചിരപരിചിതമായ വഴികൾ..

ദാ..നോക്കൂ.. ഈ വളവിനപ്പുറത്തെ രണ്ടാമത്തെ വീട് !

കാലം തെറ്റിയ മൂവാണ്ടൻ മാവും ജരാ

നര പോലെ പടർന്നുകയറിയ മുല്ലയുമേറെ പരിചിതം. അവിടെ താൻ തിരഞ്ഞു വന്ന ആ മനുഷ്യനുണ്ട് !

ജൻമാന്തരങ്ങൾക്കപ്പുറം ഒന്നു കാണുവാനായി ഓടിയെത്തിയതാണവൾ !

പഴകിദ്രവിച്ച് ഇളകിവീഴാറായ ആ ഇരുമ്പ് ഗേറ്റ് മെല്ലെ തൊട്ടു. നേർത്തൊരു കരച്ചിലോടെ അത് തുറന്നു നീങ്ങി. ആ ശബ്ദം മാവിൽ താമസിച്ചിരുന്ന പക്ഷികളെ തെല്ലൊന്ന് അലോസരപ്പെടുത്തി. മുല്ലവള്ളിയിൽ വിടർന്ന പൂക്കൾ തങ്ങളെ ആരോ വിളിച്ചുണർത്തിയതിൽ പരിഭവിച്ച് വീണ്ടും പകൽമയക്കത്തിലേക്ക് വഴുതി.

മുറ്റം നിറയെ മെത്ത വിരിച്ച കരിയിലകളിലൂടെ അവൾ നടന്നു. ചെറിയൊരു ഞരക്കത്തോടെ, ആകാശ നീലിമയിലേക്ക് പറന്നുയരാൻ വെമ്പൽകൊണ്ട പൂർവ്വകാലസ്മരണകൾ അയവിറക്കി കരിയിലകൾ ഞെരിഞ്ഞമർന്നു. ആ വീടിന്റെ വരാന്തയിലേക്കു കയറുമ്പോൾ ഓർമകളുടെ അസ്ത്രങ്ങൾ നൂറിരട്ടിയായി മനസ്സിലേക്ക് ഓടിയെത്തി. വാതിലിലൊന്നു തൊട്ടതേയുള്ളൂ.. അലർച്ചയോടെ തുറന്നുവന്നു.

'ആരാണ് നീ ?' എന്ന് ചോദിക്കാൻ ധൈര്യപ്പെടാതെ കടവാവലുകൾ കൂട്ടത്തോടെ പറന്നകന്നു. നടുമുറ്റം കടന്ന് വലതു ഭാഗത്തെ ആദ്യത്തെ മുറി !

അത് ഞങ്ങളുടേതായിരുന്നു. ഞാനും നീയും ഒന്നായി ചേർന്ന ശ്വാസനിശ്വാസങ്ങളുടെ താളങ്ങൾ ആ മുറിയിൽ തങ്ങി നിൽക്കുന്നതായി തോന്നി. നിറം മങ്ങിത്തുടങ്ങിയ പീലി പോലെ നരച്ച ഓർമ്മകൾക്കു പിന്നാലെ അവളുടെ മനസ്സ് വീണ്ടും സഞ്ചരിച്ചു തുടങ്ങി.

അടഞ്ഞ കണ്ണുകളിൽ തെളിഞ്ഞു തുടങ്ങിയ രൂപം അവൾക്കരുകിലെത്തി. അവന്റെ കർപ്പൂര വാസന ആ മുറിക്കുള്ളിൽ നിറയുന്നതവളറിഞ്ഞു. അതിലോലമായൊരു കാറ്റായി ആ കൈകൾ അവളെ തഴുകി. സ്വയം മറന്നൊരു അപസർപ്പകയെ പോലെയവൾ നിന്നു. തണുത്ത വിറയാർന്ന അധരങ്ങൾ നെറുകയിൽ തൊട്ടപ്പോൾ, അവൾ ഞെട്ടിയുണർന്നു..തന്റെ സ്വത്വം നഷ്ടപ്പെടുകയാണെന്നവൾക്ക് തോന്നി..

അയാളെ തള്ളിമാറ്റി ,ആധിപത്യം സ്ഥാപിച്ച ക്ഷുദ്രജീവികളെയും മാറാല തുന്നി കെട്ടിയ വാതിലുകളും പിന്നിട്ടവൾ മുറ്റത്തേക്കിറങ്ങി.

വിസ്മൃതിക്ക് വീണ്ടുമൊരു തണുത്ത നാൾ സമ്മാനിക്കുമ്പോഴേക്കും അപരിചിതമായ നാട്ടിൽ നിന്നവൾ മടക്കയാത്ര ആരംഭിച്ചിരുന്നു.

●



കഥ



– ജയന്തി അറക്കൽ



# ക്ലാരയ്ക്ക് ചെയ്യാനുണ്ടായിരുന്നത്

ചിരിയോ കരച്ചിലോ എന്ന് വേർതിരിച്ചറിയാനാവാത്ത മുഖഭാവമുള്ള പെൺകുട്ടിയുടെ ചിത്രത്തിനുതാഴെ ചൂരൽക്കസേരയിലിരുന്നു പീറ്റർ ഏങ്ങലടിച്ചു കൊണ്ടിരുന്നു. ക്ലാരയുടെ മനസ്സിൽ പ്രത്യേകിച്ച് ഒരു വികാരവുമുണ്ടായില്ല. അവൾ വെറുതെ ചുമരുംചാരി നിന്നതേയുള്ളൂ.ചുമലുകൾ മെല്ലെ കുലുക്കി കണ്ണുകൾക്കുമീതെ കൈകൾ ചേർത്തുവച്ച് പീറ്റർ ആ ഇരിപ്പ് തുടങ്ങിയിട്ട് ഏകദേശം ഒരു മണിക്കൂർ എങ്കിലും ആയിക്കാണും ക്ലാരയുടെ ഉള്ളിൽ അഭിമാനത്തിന്റേയും ആനന്ദത്തിന്റേയും ഒരു തിരതള്ളിച്ച അനുഭവപ്പെടാതിരുന്നില്ല.എന്നാലും അത് പ്രകടിപ്പിക്കാൻ അവൾ തയ്യാറായിരുന്നില്ല .കണ്ണീര് മാർബിൾ തറയിൽ പരന്നൊഴുകുമെന്ന് അവൾ ഭയപ്പെട്ടു. പിന്നെ ഒന്നും ആലോചിക്കാൻ പോയില്ല.പീറ്ററിന്റെ നെറുകെയിൽ വിരലോടിച്ച് ക്ലാരപീറ്ററിനുമുന്നിൽ മുട്ടുകുത്തിയിരുന്നു.പെട്ടെന്ന് പീറ്റർ അവളുടെ നെഞ്ചിന്റെ ഇടുക്കിലേക്ക് തല ചേർത്തുവെച്ച് പൊട്ടിപ്പൊട്ടിക്കരയാൻ തുടങ്ങി .... ഇപ്പോൾ പീറ്ററിന്റെ മുഖം ചുവന്ന റോസാപ്പൂ പോലെ... കണ്ണുകൾ വെള്ളത്തിൽ മുക്കിയെടുത്ത മയിൽ പീ

ലി തണ്ടു പോലെ....ചുണ്ടിൽ ഒരു വിതുമ്പ ലിന്റെ മുത്തുകൾ കൊഴിഞ്ഞു വീഴാറായ പോലെ നിൽക്കുന്നു: .... പുറത്ത്ഛന്നം പി ന്നം മഴ പെയ്യാൻ തുടങ്ങിയപ്പോൾ ക്ലാര പീ റ്ററിന്റെ ചുമലിലൂടെ കയ്യിട്ട് പീറ്ററിനെ ആ കമാനം അവളിലേക്ക് ചേർത്തു...

* * * * * *

പുറം വാതിലിനു വെളിയിലെ കാഴ്ചക ളിലേക്ക് കണ്ണുകൾ പായിച്ചു പപ്പയുടെ മു ന്നിൽ അവൾ നിശ്ചലം നിന്നു. പപ്പ ഇപ്പോൾ മൗനത്തിലാണ്. പപ്പയുടെ കണ്ണുകൾ അവ ളെ വീക്ഷിക്കുന്നത് ക്ലാര അറിയുന്നുണ്ട്.

' പീറ്ററിനെ എനിക്ക് വിട്ടുതരണം പപ്പാ..'

പപ്പയുടെ പല്ലുകൾ കൂട്ടിയമരുന്നതിന്റെ ഒച്ച ക്ലാര വ്യക്തമായും കേട്ടു . പീറ്ററിന്റെ പപ്പയെ അവളങ്ങനെയാണ് വിളിച്ചിരുന്നത്. പീറ്ററിനെ കണ്ടെത്തുംമുമ്പെ .

'പ്ലീസ് പപ്പാ, ഐ കാണ്ട് വിത്തൗട്ട് ഹിം.'

അങ്ങനെ പറയുമ്പോൾ അവളുടെ ഹൃ ദയമിടിപ്പ് ക്ലാര വ്യക്തമായും കേട്ടിരുന്നു. പപ്പയുടെ ചുണ്ടിൽ ഒരു വിടന്റെ പുഞ്ചിരി ഒളിച്ചു നിന്നു. അവൾക്ക് ചെറിയ ഭയം തോ ന്നാതിരുന്നില്ല. എങ്കിലും അവൾ പപ്പയുടെ അരികിലേക്ക് നടന്നു.

"ഞങ്ങൾ എവിടേക്കെങ്കിലും പൊയ് കൊള്ളാം, പപ്പയുടെ കൺമുന്നിൽ വരാത്ത ത്ര അകലെ എവിടെയെങ്കിലും. ഞങ്ങൾ പ രസ്പരം സ്നേഹിച്ചും പങ്കുവെച്ചും അവി ടെ..'

പറഞ്ഞുതുടങ്ങിയപ്പോൾ ഒരു പൈങ്കിളി നോവിലെ വരികൾപോലെയായിപോയോ എന്നവൾ സംശയിച്ചു. പപ്പയുടെ നാവിൽ നിന്നും ഒരു അശ്ലീലപദം പുറത്തേക്ക് തെ റിച്ചുവീണു. അതവളെ തെല്ലും നടുക്കിയി ല്ല. ക്ലാര അല്പംകൂടി ധൈര്യം സംഭരിച്ചു കൊണ്ട് പപ്പയുടെ നേർക്കുതിരിഞ്ഞതും പ പ്പയുടെ കൈകൾ അവളുടെ കഴുത്തിൽ മു റുകിയതും ഒരുമിച്ചായിരുന്നു. അവളുടെ ക ണ്ണുകൾ വെളിയിലേക്ക് തുറിച്ചുവരാൻ തു ടങ്ങിയപ്പോൾ അയാൾ കൈകൾ അയച്ചു പിടിച്ച് ഇംഗ്ലീഷിലും മലയാളത്തിലുമുള്ള തെറിവാക്കുകൾ ക്ലാരയുടെ കാതുകളിലേ ക്ക് കോരിനിറച്ചു. പിന്നെ കൊടുങ്കാറ്റുപോ ലെ പപ്പ മുറി വിട്ടുപോകുമ്പോൾ ക്ലാര വെ റും നിലത്ത് തളർന്നിരുന്ന് കഴുത്തിലെ വി രൽപാടിൽ തടവി നോക്കുകയായിരുന്നു.

* * * * * * * *

പീറ്ററും ക്ലാരയും മുറിയിലെ ഉഷ്ണ വും.......അവൾ പീറ്ററിന്റെ മുഖം കൈകളിൽ താങ്ങിയെടുത്ത് ഇടതുകണ്ണിൽ മെല്ലെ ചു ണ്ടുകൾ ചേർത്തു. പീറ്റർ അപ്പോഴും കര യാൻ തുടങ്ങുകയായിരുന്നു. അവൾക്കവ നോട് വല്ലാത്ത അലിവുതോന്നി. അവളവ ന്റെ വലതുകണ്ണിലും മൂക്കിൻതുമ്പത്തും ഉ മ്മവെച്ചു. കവിളുകൾ കവിളുകളിലുരസി അ വളവന്റെ ഓമനത്തമുള്ള മുഖത്തെ ലാളി ച്ചുകൊണ്ടിരുന്നു. അവനിൽ പ്രത്യക്ഷമാകു ന്ന സ്ത്രൈണതയെ , കുട്ടിത്തത്തെ അനു നിമിഷം ആട്ടി യോടിക്കുകയായിരുന്നു ക്ലാ രയുടെ ലക്ഷ്യം. അവനിലെ ഒളിച്ചിരുന്ന പൗ രുഷത്തെ ഉണർത്തുംവരെ ക്ലാരയവളുടെ പ്ര വൃത്തികൾ തുടർന്നു. പിന്നെ ക്ലാരയും അ വനും ഒരൊറ്റ വരയും ചലനവും മാത്രമാ യി...

* * * * * * * *

പപ്പയുടെ ഫോൺകോൾ വരുമ്പോൾ ക്ലാര ഫ്രിഡ്ജിൽ നിന്നും ഐസ്കഷണമെ ടുത്ത് മദ്യം നിറച്ച ഗ്ലാസ്സിലേക്ക് പകരുക യായിരുന്നു. ഗ്ലാസ്സ് ചുണ്ടിൽ ചേർത്തുവെ ച്ചു കൊണ്ടാണ് അവൾ ഫോണെടുത്തത്. പപ്പ പറഞ്ഞതു മുഴുവനും അവൾക്ക് മന സ്സിലായില്ല. എന്നാലും അവൾ എല്ലാം അം ഗീകരിക്കുകയായിരുന്നു. വീണ്ടും പപ്പ നിർ ദ്ദേശിച്ച വഴിയിലൂടെ പോവാൻ തന്നെ അ വൾ തീരുമാനിച്ചു.പപ്പയുടെ പ്രൈവറ്റ് സെ ക്രട്ടറി മാത്രമായിരുന്ന അവൾക്ക് ഈ വലി യ ഫ്ലാറ്റും സുഖ സൗകര്യങ്ങളും പപ്പ നിർ ലോഭം അനുവദിച്ചു തന്നതിന്റെ നേരായ വ സ്തുത ഏറെക്കുറെ കുഴഞ്ഞുമറിഞ്ഞതാ ണ്. അവൾക്ക് പപ്പയുടെ വാക്കുകളെ ഖ ണ്ഡിക്കുക സാധ്യമോ അസാധ്യമോ ആവു ന്നതും അവളുടെ മാത്രം ചിന്തകൾക്കുമപ്പു റവും ..... കാൻസർ ബാധിച്ച മമ്മി യുടെ വ്രണങ്ങളിൽ നിന്നും ഒലിച്ചിറങ്ങുന്ന പഴുപ്പും പ്രായത്തിനേക്കാൾ കൂടുതൽ വ ളർച്ചയെത്തിയ അനിയത്തിമാരുടെ കണ്ണീ രും ഒരുമിച്ചു തുടയ്ക്കാനുള്ള യജ്ഞത്തി ലേർപ്പെട്ട ക്ലാരക്ക് പപ്പയുടെ വെറും സെ ക്രട്ടറി സ്ഥാനത്ത് നിന്നു കൊണ്ട് മാത്രം ഇതൊക്കെ സാധ്യമാവുന്നതെങ്ങനെ .....? ജനീവക്കാരിയായ പീറ്ററിന്റെ മമ്മി പീറ്ററി ന് സമ്മാനിച്ചത് ആ നീലക്കണ്ണുകളും ചെ മ്പൻമുടിയും മാത്രം..പീറ്ററിന്റെ പപ്പയേയും പീറ്ററിനേയും ഉപേക്ഷിച്ച് മമ്മി ജനീവയിലേ ക്ക് തിരിച്ചു പോയപ്പോൾ പീറ്റർ അനാഥത്വ

ത്തിന്റെ വേദനയറിഞ്ഞു.. എന്തും സ്വന്തം മിടുക്കുകൊണ്ട് നേടിയെടുക്കുന്ന പപ്പ ക്ലാരയുടെ മമ്മിയെയും വെറുതെ വിട്ടില്ല പീറ്ററിന്റെ പപ്പയുടെ വെപ്പാട്ടിയായിരുന്ന അവളുടെ മമ്മിക്ക് കിട്ടിയ പപ്പയുടെ കാരുണ്യമാണ് ക്ലാരയുടെ ഈ സെക്രട്ടറി പദം

പപ്പ അവളെയേയും മമ്മിയുടെ പകരക്കാരിയാക്കുകയായിരുന്നു. ഇടയിൽ പീറ്ററിന്റെ അനാഥത്വം...., പീറ്ററിനെക്കാൾ അഞ്ചാറു വയസ്സു കൂടുതലുള്ള അവളെ പീറ്റർ കണ്ടെത്തുന്നതുതന്നെ പപ്പയുടെ ബംഗ്ലാവിൽ വെച്ച്.ക്ലാര അകറ്റി നിർത്തിയിട്ടും പീറ്റർ അവളെ തേടി വരി കയായിരുന്നു.പിന്നെ ക്ലാരക്കും പീറ്ററിനും മധ്യത്തിൽ പപ്പ ഒരു വില്ലനും....

* * * * * * * * *

പപ്പ വരുമ്പോൾ ക്ലാര ചുണ്ടിൽ ചായം തേയ്ക്കുകയായിരുന്നു. പപ്പ വന്ന് പിറകിലിരിക്കുന്നത് കണ്ണാടിയിൽ കണ്ടു. വളരെ സാവകാശത്തിൽ മസ്ക്കാര കണ്ണിൽ തേച്ചു പിടിപ്പിച്ച് അവൾ പപ്പയുടെ നേർക്ക് തിരിഞ്ഞു. പപ്പ അവളുടെ കവിളിൽ തട്ടി അഭിനന്ദിച്ചു.

'ഗുഡ് ഗേൾ' ... അങ്ങനെ പറഞ്ഞ് പപ്പ അവളുടെ നെഞ്ചിൽ ചൂണ്ടു വിരൽ കൊണ്ട് കുത്തി. അവൾ പപ്പയുടെ കഴുകൻ കണ്ണുകളിൽ നോക്കി ചിരിക്കാൻ ശ്രമിച്ചു.. പപ്പ ഒരു വലിയ പെട്ടി അവൾക്ക് മുന്നിൽ വെച്ചു.. പപ്പയുടെ കാറ് ഗേറ്റു കടക്കുമ്പോൾ ക്ലാര കണ്ണാടിക്കുമുന്നിൽ നിന്ന് കൂടുതൽ ചായം തേച്ച അവളുടെ മുഖം നോക്കി കാണുകയായിരുന്നു.

* * * * * * *

രാത്രി, മെഴുകുതിരികൾ കത്തിച്ചു വെച്ച് അവൾ ഉണ്ണിയേശുവിന്റെ മുമ്പിൽ മുട്ടുകുത്തി. പ്രാർത്ഥനയുടെ വരികൾ ഒന്നും ചുണ്ടിൽ വന്നില്ല. മമ്മിയുടെ വേദന നിറഞ്ഞ മുഖം മനസ്സിൽ കണ്ടു. പീറ്ററിനെ ഓർത്തു. കന്യാമറിയത്തിന്റെ കൈകളിലെ ഉണ്ണിയേശുവിന്റെ മുഖമാണ് പീറ്ററിന്റേതെന്ന് തോന്നി. മെഴുകുതിരികൾ കത്തി തീരും വരെ ക്ലാര വെളിച്ചത്തിനു നേരെ കണ്ണുകൾ തുറന്നു പിടിച്ചു.

* * * * * * *

രാവിലെ പപ്പയുടെ ചുവന്ന ബെൻസ് ഫ്ലാറ്റിനു മുന്നിൽ വന്നു നിന്നു.ക്ലാര എല്ലാം അടുക്കിപ്പെറുക്കി വെച്ചിരുന്നു. ഡ്രൈവർ ഹോണടിച്ചപ്പോൾ അവൾ മുറിയുടെ വാതിൽ പൂട്ടി. ചുവരിൽ പതിച്ച , പുഞ്ചിരിച്ചുകൊണ്ട് കരയുന്ന മുഖഭാവമുള്ള ചിത്രത്തിലെ പെൺകുട്ടിയുടെ കണ്ണുകളിൽ തുളുമ്പി നിന്ന കണ്ണുനീർ താഴേക്ക് അടർന്നു വീഴുന്നതായി അവൾക്ക് തോന്നി. അവളും ചെറുതായി ചിരിക്കാൻ ശ്രമിച്ചു. പിന്നെ കാറിൽ കയറിയിരുന്നു. പപ്പ തന്ന ആ വലിയ പെട്ടി അവൾ തന്റെ അരികിനോട് ചേർത്തു വച്ചു. അവൾക്ക് ഒന്നിനെകുറിച്ചും വേവലാതി തോന്നിയില്ല. ആ കറുത്ത പെട്ടിയിൽ അവളുടെ സ്വപ്നങ്ങളുടേയും അഹങ്കാരങ്ങളുടേയും

വിലയാണെന്നു മാത്രം ക്ലാരക്ക് അറിയാമായിരുന്നു. ഒരു പത്ത് വർഷംകൊണ്ട് സെക്രട്ടറി സ്ഥാനത്തിരുന്ന് നേടാൻ കഴിയാത്തത്ര പണം അതിലുണ്ട്. മമ്മിയുടെ വ്രണങ്ങളിൽനിന്നും ഒലിച്ചിറങ്ങുന്ന പഴുപ്പിനെ ഈ പണംകൊണ്ട് മൂടാം. മമ്മി വേദനയിലൂടെ ചിരിക്കുന്നതവൾ കണ്ടു. പിറ്റേന്ന് പീറ്റർ വന്ന് അടഞ്ഞ വാതിലിന് മുന്നിലിരുന്ന് വിങ്ങിക്കരയുന്നത് അവൾ മനസ്സിൽ കണ്ടു. പപ്പ അവനെ വലിയ വലിയ കാര്യങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തും അവന്റെ ദു:ഖം ക്രമേണ അലിഞ്ഞലിഞ്ഞ് ഇല്ലാതാകും ക്ലാര ആശ്വസിച്ചു. അവൾക്കരികിലുള്ള വലിയ പെട്ടിയെകുറിച്ചു മാത്രം ചിന്തിക്കാൻശ്രമിച്ചു കൊണ്ട് ക്ലാര കണ്ണുകളടച്ചു. ശരിതെറ്റുകളുടെ തുലനങ്ങൾ ഇപ്പോൾ അവളെ ആകുലപ്പെടുത്തുന്നില്ല. അവൾക്കിപ്പോൾ ശരികളേയുള്ളൂ. തന്റേതുമാത്രമായ ശരികൾ. വണ്ടി നീങ്ങിതുടങ്ങിയപ്പോൾ ക്ലാര അവൾക്കരികിലെ കറുത്ത പെട്ടിയിൽ അള്ളി പിടിച്ചുകൊണ്ട് ഇടയ്ക്കിടെ നെറ്റിയിൽ കുരിശ് വരച്ച് ദൈവത്തോട് പ്രാർത്ഥിച്ചു കൊണ്ടിരുന്നു.....


കഥ

# പുരോഹിതൻ



കാരൂർ സോമൻ

മുറിക്കുള്ളിലെ ബെൽ നിശ്ശബ്ദമായി ഞരങ്ങി. മാത്യുവിന്റെ ഭാര്യ മോറിയ ചൂടുള്ള നെഞ്ചത്ത് നിന്നും മുഖം മാറ്റി കണ്ണുകൾ ഇറുക്കിയടച്ച് കമ്പിളി പുതപ്പിനുള്ളിലെ മൂന്നു വയസ്സുള്ള മകളെ കെട്ടിപ്പിടിച്ച് ഒരു പൂച്ചയെപ്പോലെ ചുരുണ്ടുകൂടി കിടന്നു. ബെൽ വീണ്ടും ഗർജിച്ചു. മാത്യു ഗാഢനിദ്ര വിട്ടുണർന്നു. അരണ്ട വെളിച്ചത്തിൽ ക്ലോക്കിലേക്കു നോക്കി. അഞ്ചുമണി കഴിഞ്ഞു. ആരാണീ നേരത്ത്. ഉറക്കം തെളിയാതെ എഴുന്നേറ്റുചെന്ന് കതകുതുറന്നു. വീശിയടിക്കുന്ന ശീതകാറ്റിൽ പള്ളിവികാരി ബിനുബാബു ചവിട്ടുപടിയിൽ തുറന്ന കണ്ണുകളുമായി കുറ്റിയടിച്ചതുപോലെ വിറകൊണ്ടു നിന്നു. മഞ്ഞുതുള്ളികൾ ഇറ്റിറ്റു വീഴുന്നു. നിറ പുഞ്ചിരിയോടെ ഗുഡ്മോണിംഗ് മാത്യു. താഴ്ന്ന ശബ്ദത്തിലതു മാത്യു വരവുവെച്ചു. അകത്തേക്ക് ക്ഷണിച്ചിരുത്തി കതകടച്ചു. ചൂഴ്ന്നിറങ്ങുന്ന തണുപ്പിൽ നിന്ന് ചൂടുള്ള മുറിയിലെത്തിയ സംതൃപ്തി. പട്ടക്കാരന്റെ മുഖത്ത് സന്തോഷം നിഴലിച്ചു. പട്ടക്കാരൻ ആശയോടും മാത്യു ആശങ്കയോടും പരസ്പരം നോക്കിയിരുന്നു.




ഇത്ര രാവിലെ ഇദ്ദേഹം എന്തിനു വന്നു? എന്തെങ്കിലും പറയാനുണ്ടെങ്കിൽ ഫോണിൽ പറയാമല്ലോ? മറ്റുള്ളവരുടെ ഉറക്കമണയ്ക്കാൻ മനുഷ്യർ ഉണർന്നിരിക്കുന്നു. ഉള്ളിൽ പിറുപിറുത്തുവെങ്കിലും ഒന്നും പറഞ്ഞില്ല. ശത്രുവായാലും വീട്ടിൽ വരുന്നവരെ സ്വീകരിക്കുന്നതിന് പകരം അധിക്ഷേപിക്കുന്നത് ആണിന് അലങ്കാരമല്ല. തലച്ചോറിൽ പലതും മിന്നിതെളിയുന്നുണ്ട്. ഈ വീടിന്റെ തലച്ചോർ ഗാഢനിദ്രയിലാണ്. തലച്ചോർ പറയാതെ ശരീരം എന്ത് ചെയ്യാനാണ്. ശരീരം ഉണർന്നു വന്നു പട്ടക്കാരനെ സ്വീകരിച്ചിരുത്തി. അവൾ ഉറങ്ങുമ്പോളും ഡ്യൂട്ടിയിലായിരിക്കുമ്പോളും അത്യാവശ്യ തീരുമാനങ്ങളെടുക്കാൻ അനുമതി തന്നിട്ടുണ്ട്. ഭർത്താവു

ഭാര്യക്കൊപ്പം ഉണ്ണാനും ഉറങ്ങാനുമുള്ളവനല്ല. ഉചിതമായ തീരുമാനങ്ങളെടുക്കാൻ കരുത്തുള്ളവനാകണം. അവൾ പറയുന്നത് ശരിയാണ്. ഈ കൊച്ചുവെളുപ്പാൻ കാലത്ത് പട്ടക്കാരൻ മുറിക്കുള്ളിലായതു മാത്യുവിനെ വല്ലാതെ അലട്ടി. മോറിയ ഉണരല്ലേയെന്നായിരുന്നു പ്രാർത്ഥന. അവൾ കണ്ടാൽ ദേഷ്യപ്പെടാതിരിക്കില്ല. എന്ത് പറഞ്ഞാണ് ഇറക്കി വിടേണ്ടത്.



വീടിനുള്ളിലായിപ്പോയില്ലേ പുറത്താക്കാൻ എന്തെങ്കിലും വഴി കണ്ടെത്തണം. ആണത്വം ആർജ്ജിച്ചേ പറ്റു. എന്തു പറഞ്ഞാണ് പുറത്താക്കേണ്ടത്? അനാവശ്യമായി പുറത്താക്കിയാൽ എന്റെ ശവം തെമ്മാടിക്കുഴിയിലടക്കാൻ അവർ മടിക്കില്ല. അതിന് അമേരിക്കയിൽ പള്ളിയോടുചേർന്ന് സെമിത്തേരികൾ ഇല്ലല്ലോ. മൈലുകളായി കിടക്കുന്ന ശവപറമ്പുകളല്ലേ! മഹാന്മാരായ ജോൺ.എഫ്.കെന്നടിയും, മാർട്ടിൻലൂഥർ കിംഗും അവിടുത്തെ അന്തേവാസികളല്ലേ? തെമ്മാടിക്കുഴിയും പള്ളിയിൽ നിന്ന് പുറത്താക്കലുമൊക്കെ കേരളത്തിലേ നടക്കു.

എന്തിനാണ് വന്നതെന്ന് ചോദിച്ചാലോ? അത് വേണ്ട. വടികൊടുത്തടി വാങ്ങരുതെന്ന് പലപ്പോഴും മോറീന പറഞ്ഞിട്ടുണ്ട്. എല്ലാ മാസവും പള്ളി വിവിതം അവൾ ബാങ്കിൽ അടയ്ക്കുന്നുണ്ട്. പള്ളിയിൽ പോകുമ്പോഴെല്ലാം കുമ്പസാര കൂട്ടിലിരുന്ന് പാപങ്ങൾ ഏറ്റുപറഞ്ഞ് പാപ പരിഹാരത്തിനായി ഏതാനം തുള്ളി അപ്പവും വീഞ്ഞും അകത്താക്കുകയും ചെയ്യുന്നുണ്ട്. പാപം ചെയ്യാൻ മനുഷ്യരും പാപം ഏറ്റുപറഞ്ഞാൽ പരിഹാരത്തിന് പള്ളിയും കാലത്തിന്റെ ഓരോ കോലങ്ങൾ!. ചെറുപ്പത്തിൽ അപ്പനും അമ്മയും പറഞ്ഞതാണ് എടാ മോനെ മാത്യു നീയൊരു പട്ടക്കാരനാകാൻ നോക്ക്. രാഷ്ട്രീയം പ്രസംഗിക്കുന്നോരു മന്ത്രി വരെയാകുന്നില്ലേ? ഇതുപോലെ ശരീരം അനങ്ങാത്ത മറ്റൊരു തൊഴില് ഈ മണ്ണിലുണ്ടോ? നിന്റെ അമ്മാവൻ ബിഷപ്പ് പറഞ്ഞത് നിന്നെ ഒരു ബിഷപ്പാക്കിയേ അന്ത്യശാസം വലിക്കുമെന്നാണ്. ഇന്നദ്ദേഹം അത്യാസന്ന നിലയിലെന്ന് ഓർത്തിരുന്നു. എന്തുകൊണ്ടോ യേശുവിന്റെ പേരിൽ സ്വന്തക്കാരെ സമ്പന്നരാക്കാൻ മനസ്സ് വന്നില്ല. തന്റെ കുടുംബത്തെ കരകയറ്റിയത് അമ്മാവനാന്നറിയാം. ആ സ്ഥാനം ഏറ്റെടുത്താൽ ബന്ധു

ക്കൾ രക്ഷപ്പെടില്ലേ? അമ്മാവനും വീട്ടുകാരും അറിയാതെ ബോംബെക്കു ട്രെയിൻ കയറി. ചെറിയ ചെറിയ ജോലികളുമായി ആറേഴു വർഷങ്ങൾ പോയതറിഞ്ഞില്ല.

അമ്മാവന്റെ ഇറ്റലി, അമേരിക്കൻ യാത്രയിൽ അനന്തിരവന് ഒരു നേഴ്സിനെ കണ്ടെത്തി. എല്ലാവർക്കും ഒരേ നിർബന്ധം അവളെ വിവാഹം കഴിക്കണം. ആദ്യം എതിർപ്പ് പ്രകടിപ്പിച്ചു. പെണ്ണെന്നു പറഞ്ഞാൽ ചക്കയും മാങ്ങയുമല്ല. ഒരു നല്ല വഴി വന്നപ്പോൾ അവന്റെ കുറെ തട്ടാമുട്ടി ചോദ്യങ്ങൾ. ഇവൻ നന്നാകില്ലെന്ന് അമ്മാവൻ വിധിയെഴുതി.

ഒടുവിൽ വിവാഹത്തിന് സമ്മതം മൂളി. പണ്ടെങ്ങോ മനസ്സിലുദിച്ച ഒരു മോഹമായിരുന്നു ബ്രിട്ടനിലോ, അമേരിക്കയിലോ പോകണമെന്ന്. ഇന്നതു പൂവണിഞ്ഞിരിക്കുന്നു. വിവാഹത്തിന് മുമ്പ് മനസ്സിനെ അലട്ടിയിരുന്ന ഒരു ചോദ്യമുണ്ടായിരുന്നു. എത്രയെത്ര മലയാളി യുവാക്കൾ അമേരിക്കയിൽ പാർക്കുന്നു. പിന്നെയെന്തിനാണ് യുവാക്കളെ തേടി ഇവർ ഇന്ത്യയിൽ വരുന്നത്? ഇന്ത്യക്കാരോടിത്ര മതിപ്പുതോന്നാൻ കാരണമെന്താണ്? അവിടെയെല്ലാം പരസ്യമായി നടക്കുമ്പോൾ ഇവിടെയെല്ലാം രഹസ്യമാണ്. അതവർക്കറിയില്ല അതാകാം കാരണം. ആദ്യ രാത്രിതന്നെ മോറിയ ഒരു കന്യകയല്ലെന്ന് മനസ്സിലാക്കി. അനുഭവമുള്ളതുകൊണ്ടല്ലേ അത് മനസ്സിലാക്കാൻ കഴിഞ്ഞത്. വിവാഹം കഴിക്കാമെന്ന പേരിൽ ഒരു പാവം പെണ്ണിന്റെ കന്യകാത്വം താനും ബോംബയിൽ വെച്ച് നശിപ്പിച്ചവനല്ലേ?. ഇവൾക്കും അങ്ങനെ സംഭവിച്ചതാകാമെന്ന് ആശ്വസിക്കാനെ പറ്റു. അതല്ലെങ്കിൽ സ്നേഹിച്ച പെണ്ണിനെ വഞ്ചിച്ച് ബോംബയിൽ നിന്നും ഒളിച്ചോടിയതിന്റെ ശിക്ഷയാകാം.

അമേരിക്കയിൽ വന്നതോടെ വരണ്ട ചുണ്ടുകൾ നനഞ്ഞു. സിരകളിൽ വിസ്ക്കിയും വീഞ്ഞും തുളച്ചുകയറി. മുറി മീശ കൊമ്പൻ മീശയായി. മെലിഞ്ഞ ശരീരം മിനുങ്ങിവെളുത്തു. നിലാവിൽ നൃത്തം ചവിട്ടുന്ന മരക്കൊമ്പിലെ ഇലകളെപ്പോലെ മനസ്സും ശരീരവും ആനന്ദത്തിലാറാടി. ആനയും ആടുംപോലെയുള്ള രണ്ട് സംസ്ക്കാരങ്ങൾ പട്ടുമെത്തയിൽ ആനന്ദത്തിലാറാടി. ആദ്യത്തെ മാസം തന്നെ ഡ്രൈവിംഗ് പഠിച്ചു. ജോലിക്കുള്ള ശ്രമങ്ങൾ തുടങ്ങി. മോറിയ ഗർഭിണിയായപ്പോൾ ആ മോഹം പൊലിഞ്ഞു. കാരണം മറ്റൊന്നുമല്ല കുഞ്ഞു ജനിച്ചാൽ ആരാണ് നോക്കാൻ!. കുഞ്ഞിനെ ക്രമ്പിൽ ഏല്പിച്ചാൽ നല്ലൊരു തുക മാസം തോറും കൊടുക്കേണ്ടി വരില്ലേ?


ഒടുവിൽ ഭാര്യയുടെ ഡ്രൈവറായി. അതത്ര അന്തസുകുറഞ്ഞ പണിയൊന്നുമല്ല. വ്യാപര പ്രമുഖയായിരുന്ന ഖദീജ ബിൻത് ഖുവൈലിദു മുഹമ്മദ് നബിയുടെ ഭാര്യയും അദ്ദേഹം ജോലിക്കാരനുമായിരുന്നില്ലേ?. വീഞ്ഞു കുടിച്ചു കഴിയുമ്പോൾ അവൾ പറയാറുണ്ട് മാത്യൂവിന് ഇവിടെ എന്തിന്റെ കുറവാണ്? ഒരാണിന് ആവശ്യമുള്ളതൊക്കെ ഞാൻ തരുന്നില്ലേ? ജീവിതം സന്തോഷിക്കാനും ചിലവിടാനമുള്ളതാണ് അല്ലാതെ കേരളക്കാരെപ്പോലെ തലമുറകൾക്കു സമ്പാദിച്ചുകൂട്ടാനുള്ളതല്ല. എല്ലാ മാസവും നല്ലൊരു തുക വീടിനായി പോകുന്നത് അറിയാമല്ലോ. പിന്നെ നാട്ടുകാരും വീട്ടുകാരും ഓരോ ആവശ്യങ്ങൾക്കായി ചോദിച്ചുകൊണ്ടിരിക്കും. മഞ്ഞിലും മരുഭൂമിയിലും കഷ്ടപ്പെടുന്നവരുടെ കാര്യം അവർ തിരക്കാറുണ്ടോ? അവരെക്കൊണ്ട് വിദേശമലയാളികൾക്കുള്ള നേട്ടം എന്താണ്? ഒറ്റ ലക്ഷ്യമേ അവർക്കുള്ളു. പണം സമ്പാദിക്കുക. ഇവിടെ കുറച്ചാളുകൾ പേരിനും പ്രശസ്തിക്കും വേണ്ടി സംഘടനകളുണ്ടാക്കി മന്ത്രിമാരെ വരുത്തുന്നു, പണം കൊടുത്തും എഴുത്തുകാരാകുന്നു. ഡോളർ പത്രക്കാർക്ക് കൊടുത്താൽ എന്തിന്റെയെങ്കിലും പേരിൽ നമ്മുടെ ഫോട്ടോയും പത്രത്തിലടിച്ചുവരും.

മോറീനായെ അതിനൊന്നും കിട്ടില്ല. രാപ്പകൽ കഷ്ടപ്പെടുന്ന കാശ് കണ്ടതിനൊക്കെ ചിലവിടാനുള്ളതല്ല. മകൾക്ക് മൂന്നു വയസ്സായി. താൻ മെലിഞ്ഞെങ്കിലും പ്രസവത്തോടെ അവളുടെ ശരീരം കൊഴുത്തു തടിച്ചു. വീഞ്ഞിന്റെ വീര്യം കൂടുംതോറും വാക്കുകൾക്ക് മൂർച്ചകൂടി. ആ തുറിച്ചുള്ള നോട്ടത്തിൽ കൊമ്പൻ മീശ മുറി മീശയായി. ഒരിക്കൽ തലോടിയ കൈകൾകൊണ്ടവൾ കരണത്തടിച്ചു. തിരിച്ചടിച്ചാൽ ഒന്നുങ്കിൽ ജയിൽ അല്ലെങ്കിൽ വീടിനുപുറത്ത്. അന്നവൾ ചോദിച്ചു. തിരച്ചു തല്ലണോ?. ഇതു കേരളമല്ല. അമേരിക്കയാണ്. അടികിട്ടാനുള്ള കാരണം പഴയ കാമുകബന്ധത്തെ ഒന്നയവിറക്കിയതാണ്.

കലി പൂണ്ടവൾ കരണത്ത് ഒന്നങ്ങുതന്നു. വിസ്ക്കിചേട്ടൻ അകത്തുചെന്നാൽ പിള്ളാരുടെ സ്വഭാവമല്ലേ. അടി എപ്പോൾ കിട്ടിയെന്ന് ചോദിച്ചാൽ മതി. വിസ്ക്കിയാണ് കുടുംബകലഹക്കാരനെന്ന് കണ്ട് അവൾ കു

പ്പിയുടെ എണ്ണം കുറച്ചു. ഇതൊക്കെ മറ്റുള്ളവരറിഞ്ഞാൽ നാണക്കേട് അവളെക്കാൾ എനിക്കല്ലേ? ആരോടും പറയാതെ എല്ലാം ഹൃദയത്തിന്റെ രഹസ്യയറകളിൽ താഴിട്ടു പൂട്ടുകയാണ് പതിവ്. സ്വന്തം പല്ല് എന്തിന് കുത്തി മണപ്പിക്കണം. അവളുടെ തലോടലും തല്ലും ചൂടുള്ള സ്പർശനങ്ങൾ മാത്രം. മനസ്സുമടുത്തുവെങ്കിലും അഭിമാനത്തോടെ നെഞ്ചുവിരിച്ചു നടക്കുന്നു. മലയാളികളുടെ മാനം മറ്റാരും അറിയാറില്ലല്ലോ!

പട്ടക്കാരൻ താടിരോമങ്ങളെ തടവികൊണ്ട് കസേരയിൽ ഒന്നിളകിയിരുന്നു. മനസ്സിലൂടാടി സഞ്ചരിച്ച ചിന്തകൾ ഓടിയകന്നു. നീണ്ട നിശബ്ദതയ്ക്കു വിരാമമിട്ടുകൊണ്ട് പുരോഹിതൻ പറഞ്ഞു. "ഞാൻ നാട്ടിലേക്ക് ട്രാൻസറായ വിവരം അറിഞ്ഞു കാണുമല്ലോ? രാവിലെ പത്തുമണിക്കാണ് ഫ്ളൈറ്റ്. പള്ളിയിൽ കണ്ടില്ല. യാത്ര പറയാൻ വന്നതാണ്.". മാത്യൂവിന് ആ പറഞ്ഞതിന്റെ പൊരുൾ മനസ്സിലായി. യാത്ര പറഞ്ഞിറങ്ങാൻ വന്നതല്ല. കവർ കിട്ടിയില്ലെന്ന് പറയാൻ വന്നതാണ്. പള്ളിയിൽ നിന്നെത്തിയ ഡോളർ ഇടാനുള്ള കവർ മേശപ്പുറത്തിരുന്ന് രണ്ടുപേരേയും ഇടംകണ്ണിട്ട് നോക്കുന്നുണ്ട്. മാത്യു അതു കണ്ടതായി ഭാവിച്ചില്ല. കേരളത്തിൽ നിന്നെത്തുന്ന പട്ടക്കാർ മടങ്ങിപോകാൻ മടിയുള്ളവരാണ്. മടങ്ങിപോകുമ്പോൾ മടിശ്ശീല വീർപ്പിക്കാനും അവർ മടിക്കാറില്ല. ഇടവകയിലെ പാവങ്ങളെ സഹായിക്കാതെ സ്വന്തമായും ബന്ധുജനങ്ങളെയും സമ്പന്നരാക്കുന്ന സഭയുടെ സംവിധാനം! അലങ്കാരമാർന്ന വീടുകളും വിലകൂടിയ കാറുകളും സമ്പത്തിൽ കാണുമ്പോൾ ആർത്തിപൂണ്ട പുരൊഹിതന്മാർ പാശ്ചാത്യ രാജ്യങ്ങളിലേക്ക് പറക്കാൻ വെമ്പൽ കൊള്ളുന്നു. യേശുവിനെ വില്പന ചരക്കാക്കി പണത്തിനായി പരുന്തിനെ പോലെ പറക്കുന്നവർ! ഇങ്ങനെ എത്രയെത്ര മതങ്ങൾ എത്രയെത്ര ദൈവങ്ങളെ കശ്ശാപ്പു ചെയ്യുന്നു.! തൊഴിൽ രഹിതരായ യുവാക്കൾ പട്ടത്വം ഒരു തൊഴിലാക്കിയ കാലം! മാത്യൂവിന്റെ ഉള്ളം പുകഞ്ഞു. പത്ത് മണിക്ക് ഫ്ളയിറ്റാണ് എയർപോർട്ടിലെത്തണമെങ്കിൽ മൂന്നു മണിക്കൂർ യാത്ര ചെയ്യണം. ന്യൂയോർക്കിലെ പാലത്തിൽ കുരുങ്ങിയാൽ നാലുമണിക്കൂർ വേണ്ടിവരും. ഒരു കട്ടൻ കാപ്പികൊടുക്കാൻ പോലും മനസ്സ് മടിച്ചു. നാട്ടിലെ രാഷ്ട്രീയക്കാരെപ്പോലെ പണം പിരിക്കാൻ വന്നിരിക്കുന്നു. ഭാര്യ ഉണരുന്നതിന് മുന്നേ പട്ടക്കാരനെ പുറത്താക്കണം. ആണത്വം ആർജിച്ചേ പറ്റു. മാത്യുവിന്റെ വാക്കുകൾ കാതുകളിലെത്തി. " അവൾ ഉറങ്ങുകയാണ്. ലേറ്റ് ഡ്യൂട്ടിയായിരുന്നു. ഉണർന്നാലെ പണം ലഭിക്കൂ." പട്ടക്കാരന്റെ കണ്ണുകളുടെ തിളക്കം നഷ്ടപ്പെട്ടു. വേണ്ട ഉറങ്ങുന്നവരെ ഉണർത്തണ്ട. ഉറങ്ങട്ടെ! പ്രാർത്ഥിക്കാനുള്ള നേരമില്ല. ഫ്ളയിറ്റ് പത്തുമണിക്കാണ്. ഞാനിറങ്ങുന്നു. പട്ടക്കാരന്റെ കാർ പുകമഞ്ഞിൽ മാഞ്ഞുപോയി. പള്ളിക്കാരുടെ മുന്നിൽ ഓന്തിനെപ്പോലെ നിറം മാറിയാൽ കാശും കാപ്പിയും കിട്ടും. അതുപോലെയാണോ പത്തും പന്ത്രണ്ടും മണിക്കൂർ ജോലി ചെയ്യുന്നവരുടെ കാര്യം! മാത്യു തുറിച്ചു നോക്കി. ഒരു പട്ടക്കാരനാകാൻ കഴിയാഞ്ഞത് മഹാഭാഗ്യം. മനസ്സും മാനവും തണുപ്പിൽ മരവിച്ചിരുന്നു.



കവിത

# തിരികെ പറക്കാം



അജിത രാജേഷ്

കടലേഴുമിരമ്പുന്ന ചിന്തകൾ
കരൾ കൊണ്ടവൾ നീ.–..
ചരിത്രത്തിന്റെ തിരകൾക്കൊപ്പം
കരയ്ക്കടിഞ്ഞ ചിപ്പിയിൽ
കനവിന്റെ ഒരുതരി
കനലു പോലെ കാത്തുവെച്ചവൾ നീ...

കണ്ണീർ മുത്തുകൾ ഒഴുകി വീണ  നനഞ്ഞ
കവിൾ കാണാത്തവർ
'യത്ര നാര്യ സ്തു പൂജ്യന്തേ ' എന്ന്
സ്തുതി പാടുന്ന കാപട്യത്തി ന്റെ
വെള്ളോട്ടു മണികളിൽ
ആത്മരോഷം അലിയിച്ചവൾ' "... നീ.
നിനവിലെപ്പൊഴോ നിഴൽ
വീണ കുറ്റത്തിന്ന്
തലയറുക്കാൻ മടിക്കാത്ത
ഭൃഗു രാമ പരമ്പരക്ക്
വീരമാതാവാകുന്നവൾ...

ആര്യതേജസ്സിന്റെ
അഭികാമ്യമായ
കാലടിച്ചവിട്ടിന് വേണ്ടി
കാട്ടുകല്ലായി കിടന്നവൾ
മൗനനൊമ്പരങ്ങളിൽ
ഗന്ധകം നിറച്ച മനസ്സറയിൽ
അഗ്നിപ്രപഞ്ചം
കിനാവു കാണുന്നവൾ.. –
ചരിത്രത്തിന്റെ ചിലപ്പതികാരത്തിൽ
ചിതറിത്തെറിച്ച ചിലമ്പിനകത്തെ
സിംഹ പ്രതിഷേധം നീ

നാട്ടുകഥയിലെ നാൽക്കവലയിൽ
തീക്കുഴി കീറി സ്വയമെരിഞ്ഞവർ നീ
ഒരു ജന്മം കൂടി കടം നേടി
അറിവുകൊണ്ടാണധികാരത്തിന്റെ
സഭാ വിളക്കൂതി ക്കെടുത്തവൾ...

സീതയായ്, താരയായ്
ദമയന്തിയും ശംബുക പത്നിയുമായി
പുതിയ പുരാണങ്ങളിലും
ശിലാ പ്രതിമകളാകുന്നവൾ ....

കരിപിടിച്ച അടുക്കള
ച്ചുമരുകളുടെ
നാലതിരിനുള്ളിൽ
അടുപ്പിലെ കനലു പോലെ
എരിഞ്ഞു തീരാൻ
ഇനിയുമെത്ര നാൾ....

കണ്ണീരിൽ കനൽ കെടാതെ
നെഞ്ചുരുക്കം മറന്ന്
ചിന്തയാൽ തീപ്പടർന്ന്
ഇനി ആത്മബോധത്തിന്റെ
ജപമാലയണിയാം

ഇരുളാഴങ്ങളിലെവിടെയോ
മിഴി തുറക്കുന്നുണ്ടൊരു ദീപം
നെഞ്ചിൽ കുത്തി
നിറുത്താനൊരു തീപ്പന്തമായി
പുതുയുഗപ്പാതയിലേക്കുണരാം
പുലർകാലമലയിലേക്ക്
തിരികെപ്പറക്കാം.....



# ഹർഷ

കഥ



റസിയ പയ്യോളി

**ക**ച്ചേരിപ്പടി സഹകരണബാങ്കിൽ തകർപ്പൻപാർട്ടിക്കിടയിൽഹർഷയുടെഫോണിൽ നിർത്താതെ ബെല്ലടിഞ്ഞു

മനം കുളിർപ്പിക്കുന്ന വയലാർ സംഗീതം ഒഴുകുന്നതിനിടയിൽ തന്റെ ഫോണിന്റെ വളരെ കുഞ്ഞു ശബ്ദം കേട്ട്ചുമരോട് ചേർത്ത് അട്ടിയിട്ട കാർട്ടൂണിനു മുകളിൽ നിന്ന് പരക്കം പായുന്ന ഫോണെടുത്ത് നോക്കുമ്പോൾ 7മിസ്ഡ് കോൾ ഈശ്വരാ...അവൾ കിതച്ചു അമ്മയാ ഓഫീസ് മുറിയിലേക്കിറങ്ങിഉടനെതിരിച്ചു വിളിച്ചു. അപ്പഴേക്കും സഹജോലിക്കാരൻ സുർജിയും അടുത്തെത്തി.

എന്താ ഹർഷാ? അമ്മയാ സുർജി

എന്താ അമ്മേ?

ആ ചോദ്യത്തോടൊപ്പം വ്യാകുലതകൾ ...

മറുതലക്കലിൽ നിന്നും അമ്മ പ്രശ്നമൊന്നുമില്ല മോള് വൈകുന്നത് കൊണ്ട് പേടിച്ചിട്ട് വിളിച്ചതാ വേഗം വീടെത്ത് മണി അഞ്ചര കഴിഞ്ഞു.

അമ്മേ ഞാൻ പെട്ടെന്നെത്താം

സുർജിക്കും തിരക്കായി.

ഹർഷയും സുർജിയും ബാങ്കിലെ തുല്ല്യ പോസ്റ്റിലുള്ള ജോലിക്കാരാണ്.

താഴേക്കിറങ്ങാനായി സ്റ്റെപ്പിലെത്തിയപ്പോൾ ഹായ് നല്ല മണം എവിടുന്നാ ഹർഷാ ഈ സെന്റ് കിട്ടിയത്? വാസ്തവത്തിൽ അതിന്റെ ഗന്ധം മനുഷ്യനെ മയക്കും.അമ്മ ജോലി ചെയ്യുന്ന ഫ്ലോർമില്ലിന്റെ ഉടമ യൂസുഫ്ക്ക വന്നപ്പോൾ കൊടുത്തതാ അദ്ദേഹത്തിന് അത്തറ് കമ്പനിയിലാ ജോലി. വലതു കൈ കൊണ്ട് വായ പൊത്തി അവൾ ചിരിച്ചു. മഷിയെഴുതിയ കണ്ണുകളാലെയുള്ള ആ ചിരി നല്ല രസായിരുന്നു! എന്തായാലും സെന്റ് കലക്കി യൂസുഫ്ക്ക ഇത് പുരട്ടി പുറത്തേക്ക് പോയാൽ തരുണീമണികൾ വല്ലാണ്ട് ശല്യം ചെയ്യും.അവൾ പൊട്ടി ചിരിച്ചു മീശയുടെ ഒററം പിടിച്ച് സുർജിയും .. അത്രയ്ക്ക് കൊതിപ്പിച്ച മണം.

അരികിലേക്കൊന്ന് ചേർന്ന് നിൽക്കൂ എന്ന് പറയണമെന്ന് പോലും തോന്നിപ്പിച്ച മണം.അവർക്കിടയിൽ അങ്ങനെ പറയാൻ കഴിയില്ല. കാരണം അത്രയ്ക്ക് നല്ല സൗഹൃദം.

ഹർഷാ നല്ല രസായിരുന്നു. രമ്യയുടെപിറന്നാൾപാർട്ടി അല്ലേ?

അയ്യോ എന്ത് പറയാനാ. കൂട്ടുകാർക്കിടയിലെ രസം വല്ലാത്തൊരു അനുഭൂതിയാ സമ്മാനിക്കുക.അമ്മ വിളിച്ചത് കൊണ്ടാ ഇറങ്ങിയത് അല്ലെങ്കിൽ അൽപം കൂടി നിൽക്കാമായിരുന്നു!

പിന്നേ സൗഹൃദം എന്ന് വെച്ചാൽ അതൊരു ആനന്ദം പെയ്തിറങ്ങുന്നലോകം തന്നെയല്ലെ ! കൂട്ടുകാർക്കൊപ്പമെത്തുമ്പോഴാണ് ആ

ക്ലാസ് മുറിയും അനാഥമായി കിടക്കുന്ന ബെഞ്ചും ഡസ്ക്കും നോട് ബുക്കുകളും മഷിക്കുപ്പിയും കൗമാരോത്സവവും അങ്ങനെ പലതും മനസിലേക്ക് വരിക അതല്ലെ കൂട്ടുകാരെ പലരും ശ്വാസത്തിൽ പേറി നടക്കുന്നത്.അത് തന്നോടുള്ള സ്നേഹം പറഞ്ഞ് ഫലിപ്പിച്ചത് കൂടിയാണെന്ന് ഹർഷയ്ക്ക് മനസിലായി. ഉള്ളിലെ സ്നേഹകടൽ മറച്ചുവെക്കാനാവാതെ സുർജി ...ഏത് വിഷമഘട്ടങ്ങളിലും ഒന്ന് വിളിച്ചാൽ എല്ലാം ഇട്ടെറിഞ്ഞ് ഓടിയെത്തുന്ന ചങ്കാണവർ ആ ക്യാൻവാസ് അത്ര മികച്ചത്.

ഹർഷാ നീ എപ്പഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്ത് കൊണ്ടാ ബാങ്കിൽ ഇത്രയും നല്ല ഒരുമയും സന്തോഷവും നമ്മളനുഭവിക്കുന്നതെന്ന്? സുർജീവീട്ടിലില്ലാത്ത എന്തൊ അവിടെയുണ്ട് അതെ അത് തന്നെയാ സത്യം. മാത്രമല്ല തൊഴിലാളികളിൽ സ്വാർഥതയിൽ മുങ്ങി അന്യാധീനപ്പെട്ടു പോകുന്ന സ്നേഹ ബന്ധങ്ങൾ കണ്ണി ചേർക്കപ്പെടുന്നു അല്ലേ ? ഹർഷാചങ്ങാതികൂട്ടങ്ങൾക്ക്എങ്ങനെഉടഞ്ഞ ഹൃദയത്തേയും തുന്നിച്ചേർക്കാൻ കഴിയുന്നു. ബാങ്കിനുള്ളിൽ നമ്മളറിയാതെ സ്നേഹത്തിന്റെ സൗഹൃദത്തന്റെ കരുതലിന്റെ ഒരു ലോകം തന്നെ രൂപം കൊള്ളുന്നു.ഇന്നത്തെ പാർട്ടിയും ആട്ടവും പാട്ടും കൂത്തും മനസിലേക്ക് വന്നപ്പോൾ അവൾ നിറവാർന്ന് ചിരിച്ചു കൊണ്ട് ഏസിയുടെ കുളുകുളുക്ക്ണ തണുപ്പിൽ എല്ലാം മറന്നിരുന്ന കൗമാരക്കാരാവുകയായിരുന്നു നമ്മൾ അല്ലേ?

അതിന്റെയൊക്കെ കാരണക്കാരൻ ബാങ്കിന്റെ ശില്പി വാര്യർ സാർ തന്നെയാണു് അവർക്ക്പറയാൻ അങ്ങനെ പലതും! അവരുടെ മുഖത്ത് സ്നേഹോഷ്മളമായ മന്ദഹാസം...

ഒരേ റൂട്ടിലേക്ക് പോകുന്നവരായത് കൊണ്ട് ഹർഷ സുർജിയുടെകാറിൽഒന്നിച്ചാണ് യാത്ര. അലവി റാവുത്തറുടെ കടയുടെ മുന്നിൽ നേരം 8 AM ആകുമ്പോഴേക്ക് ഭാഗ്യലക്ഷ്മി എന്ന് പേരിട്ട സുർജിയുടെ കാറിനടുത്ത് 5 മാസമായി അവളെത്തുന്നു.

മൗനമൊ ഏകാന്തതയൊ ഇല്ലാത്ത ലോകത്ത് അവർ വളരെ ഹാപ്പിയാണ്.

സുർജീനേരം അൽപം വൈകി അമ്മ പെട്ടെന്നെത്താനും പറഞ്ഞിരിക്കുന്നു ഇത്തിരി സ്പീഡാക്കിയാൽ കൊള്ളാം ഹർഷാ റോഡിൽ ഭയങ്കരതിരക്കുണ്ടല്ലൊ നമുക്ക് പാലം വഴി പോയാലൊ?

കുറച്ച് ചുറ്റണം അത്രയെ ഉള്ളൂ എന്താ ?

അല്പം മുന്നോട്ട് ചെന്നാൽ ലിങ്ക് റോഡെത്തി അവിടെ നിന്ന് വാഴച്ചാലെത്തിയാൽ നിന്റെ റോഡിലേക്ക് കടക്കാമല്ലൊ ഹർഷാ എന്ത് പറയുന്നു?

ആയ്ക്കോട്ടെ അൽപം സമയമെടക്കും അല്ലേ?അതിനെന്താനമുക്ക് തമാശ പറഞ്ഞ് ചിരിച്ചുല്ലസിച്ചങ്ങ് പോകാമല്ലൊ. ചിരിച്ചാൽ മതി ഉല്ലസിക്കണ്ട

എന്നാലുംപെട്ടെന്ന് വീടെത്തണം അമ്മ വിഷമിക്കും ആ സ്നേഹത്തിന്റെ നീർച്ചാലിലല്ലെ എല്ലാം കിടക്കുന്നത്. അമ്മയ്ക്കടുത്തെത്താൻ അവൾക്ക് ധൃതിയായി!

വിഷമിക്കണ്ടാന്ന് പറയൂ. അതിലൊന്നും അമ്മ അടങ്ങില്ല പെൺമക്കൾ എന്നും അമ്മമാർക്ക് ആധിയാ. ഇപ്പഴത്തെ കാലം അങ്ങനെയല്ലെ ഏയ് നമ്മളെ ഇവിടെ അങ്ങനെ പേടിക്കാനൊന്നുമില്ല. അത് പറഞ്ഞിട്ട് കാര്യമില്ല. പൂർ



ണാർഥത്തിൽ അമ്മയെനിയ്ക്ക് നങ്കൂരവും തുറമുഖവും ഒക്കെയാണ് അപ്പൊ വല്ലഭേട്ടൻ?

ഞാൻ അമ്മയുടെ വിഷയാ പറഞ്ഞത്. മുഖമിരുണ്ടു. മാതാപിതാക്കളെ മുമ്പിൽ എന്നും അനുസരണയുള്ളവളായിരിക്കണം ഞാൻ അങ്ങനെ ജീവിക്കാനാ ആ ഗ്രഹിക്കുന്നത് ! സുർജി ഒന്നു തല കുലുക്കിയതേ ഉള്ളൂ...

പുൽമേടുകൾക്ക് നടുവിലെകള്ള് ഷാപ്പ് കഴിഞ്ഞാൽ റോഡിന്റെ ഇരുവശങ്ങളിലും പരന്ന് കിടക്കുന്ന വയലാ ആകെ വിജനം രൂപലാവണ്യം കൊണ്ട് ഏതൊരാണിനെയും പിടിച്ച് നിർത്തുന്ന ഹർഷയാണല്ലൊ പിൻസീറ്റിലിരിക്കുന്ന ഹർഷയെ ഇടക്കിടെ നോക്കി കൊണ്ടിരുന്നു. അതെന്താണെന്നറിയില്ല.

അത്തർ മണം ആയിരിക്കുമോ?

അമ്മ വിഷമിച്ചിരിക്കുന്നു എല്ലാംകൂടി അവൾക്ക് ബേജാറ് സംസാരത്തിനിടയിൽ കാറിന്റെ വേഗത കുറഞ്ഞു.എന്തിനാ സ്പീഡ് കുറച്ചത് ?

ഏയ് ഒന്നൂല്ല്യ.

പിന്നെ ചിരി യാത്രയ്ക്ക് പറ്റിയ സ്ഥലം മനസ് എങ്ങോട്ടൊക്കെയോ കൂട്ടികൊണ്ടു പോകുന്നു പതിവില്ലാത്ത കുളിർ ഹർഷാനമുക്കിനി ഈ വഴിയാക്കാം യാത്ര അല്ലേ?

സുർജി ശെരിയാ ലൊക്കേഷൻ അത്തരത്തിലാണല്ലോ എനിയ്ക്കും ഇഷ്ടായി ഈ വഴി.എന്നാലും സൂക്ഷിക്കണം ആൾ സഞ്ചാരം വളരെ കുറഞ്ഞിടം എന്തായാലും ഞാനിനി ഈ വഴിയില്ല.സ്വയരക്ഷയ്ക്കും അല്ലാതെയും കൂർമ്മബുദ്ദിയാ അവൾക്ക്!

അതൊക്കെ വിട് വണ്ടി സ്പീഡാക്ക്.

അവൾക്കുള്ളിൽ അമ്മ മാത്രം

സുർജി പറഞ്ഞതിന് നല്ല മറുപടി കൊടുക്കാതിരുന്നതും വണ്ടിയ്ക്ക് വേഗം കൂട്ടാൻ പറഞ്ഞതും സുർജിയ്ക്ക് പിടിച്ചില്ല. എന്തിനാ ഇങ്ങനെവേവലാതിപ്പെടുന്നത്? എനിയ്ക്കും ഒരു കുടുംബമുണ്ട് .ഞാൻ എന്റെ ജീവിതം ചങ്ങാതികൂട്ടങ്ങൾക്ക് നടുവിലിട്ടതാ .

എന്നാൽ ഞാൻ അങ്ങനെയല്ല.പുറത്തിറങ്ങിയാൽ കുടുംബത്തെ ഓർത്ത് പോകും. വിശ്വമോഹന ഹോട്ടലിലെ പാചകപുരയിൽ എന്നെ പോറ്റാൻ അമ്മ കൊണ്ട തീച്ചൂട് അതൊക്കെ വർഷം പറഞ്ഞിരുന്നാലും തീരില്ല.

ഹർഷാ കൂടുതൽ ' ചിന്തയുംടെൻഷനും പാടില്ല!

പിന്നല്ലാതെ അത് എന്നും ചാരി നിൽക്കാൻ കെട്ടുറപ്പുള്ള ഭിത്തിയല്ലെ എല്ലാ പുറം കാഴ്ചകളും കഴിഞ്ഞ് അവസാനം ചേക്കേറാനുള്ള സുരക്ഷിതമായചില്ല. ഓർത്തില്ലെങ്കിലും ഓടിവരുന്ന മാന്ത്രിക കാഴ്ച. എന്തൊക്കെ പറഞ്ഞാലും കൂട്ടുകാർ തന്നെയാണ് എന്റെ ലോകം.ഇന്നത്തെ പാർട്ടി തന്നെ നോക്ക് ഉത്സവ മൂഡിലല്ലെ നമ്മൾ.തന്നോടൊട്ടി നിൽക്കാൻ ലക്ഷ്യം വെച്ച് നെഞ്ചിലേക്കിടുകയാണ്.അതൊക്കെ ശെരി പക്ഷെ വല്ലഭേട്ടനെ മക്കളെ അമ്മയെയൊക്കെവല്ലാതെ സ്നേഹിക്കുന്നുണ്ട് ഞാൻ മറുപടിയായി ഒരു മൂളൽ മാത്രം.വല്ലഭൻ, അമ്മ, കുട്ടികൾ, വീട് ഈ പറച്ചിലുകളൊന്നും സുർജിയ്ക്ക് ഇഷ്ടപ്പെട്ടില്ല സുർജി കരുതിയത് കൂട്ടുകാർ മാത്രമുള്ള ലോകമാണ് ഹർഷയ്ക്കെന്നാ.

സൈഡിലെ കൂറ്റൻ മതിലിൽ പടർന്ന്കിടക്കുന്ന വള്ളിനോക്കി സുർജി പറഞ്ഞു.അതെ പിടിച്ചു നിൽക്കാൻ ബലമുള്ള ഒരു ഭിത്തി വേണം അതായത് മോഹിച്ചൊരു പെണ്ണ് ഹർഷയെ തിരിഞ്ഞു നോക്കി കെമിസ്ടിയോടെ ചിരിച്ചു. ഒന്നു സൂക്ഷിച്ചു നോക്കിയാൽആ ചിരി ഹർഷയോട് എന്തൊക്കെയൊ പറയുന്നുണ്ട്–

ആഹാ എന്താ ഒരു കള്ള ചിരി ഹർഷ തോളിൽ ബാഗ് കൊണ്ട് തട്ടി.എന്തൊ ദുരുദ്ദേശം തുടങ്ങിയിരിക്കുന്നു എന്നാൽ ഹർഷയ്ക്കത് ഒട്ടും മനസിലായില്ല.

ചിമ്മിയും പൂട്ടിയും സുർജിയുടെ കണ്ണുകൾ... ഒരു കള്ളകാമുകനെ പോലെ. വലിച്ചെടുത്ത അത്തർ മണം കണ്ണുകളിൽ പ്രണയ ചിത്രങ്ങൾ വരച്ചിട്ടിരിക്കുന്നു.

ഏയ് ഒന്നൂല്ല്യടാ.

പിന്നെ ഒന്നുണ്ട് !

എന്ത്?

അതിന് മറുപടി പറഞ്ഞില്ല.

വീട്ടിലെത്തിയാൽ വല്ലഭേട്ടൻ കുട്ടികൾ ജോലികൾ പലതുണ്ട് പെട്ടെന്ന് വീടെത്തണം

ഒരു പ്യൂണായിട്ട് ഇങ്ങനെ വല്ല1അട കാരനും ആയിരുന്നെങ്കിൽ എന്തായിരിക്കും നിന്റെ തിരക്ക് ഇങ്ങനെ സ്നേഹമുള്ളൊരു പങ്കാളിയെ ഞാനും കൊതിച്ചു പോകുന്നു !

ഹർഷ പൊട്ടി ചിരിച്ചു. ദേ ഇങ്ങോട്ട് നോക്ക് സുർജിയുടെ തോളിൽ തട്ടിയിട്ട്.പങ്കാളിയുടെ ബിരുധത്തിനനുസരിച്ച് സ്നേഹമൂട്ടുന്നവളല്ല പെണ്ണ്.എത്ര വലിയ കുറച്ചിലുകൾ ഉള്ളവനാണെങ്കിലുംഅവനായ് സ്നേഹകൊട്ടാരം പണിയും.മറ്റൊന്ന് പറഞ്ഞാൽ കുടുംബത്തിന്റെ കെട്ടുറപ്പ് ബലപ്പെട്ട് തന്നെ നിലനിർത്തണം കാരണം അത് ലോകം വേറെയാ കൂട്ടുകെട്ടിൽ നിന്നും മറ്റും ഒറ്റപ്പെടുമ്പോൾ ഇരു കൈയും നീട്ടി നമ്മെ സ്വീകരിക്കുന്നിടം. ശെരിയാ പെണ്ണിന്റെ സ്നേഹമെന്ന് വെച്ചാൽ അതൊരു വല്ലാത്ത നിർവൃതി കൊള്ളിക്കുന്ന ലോകമാ അ

തു കൊണ്ടാ വല്ലഭേട്ടൻകണ്ണും നട്ടിരിക്കുന്നത്. അപ്പൊ പാർവ്വതിയും ഒരു ഭാഗ്യം ചെയ്ത പെണ്ണാല്ലേ കെട്ട് കഴിഞ്ഞാൽ ഈ ജീവിതവും പുഷ്പിക്കും...

തലകുലുക്കി ചിരിച്ചു അതൊരു പരാജിതന്റെ ചിരിയായിരുന്നു.

ഊതത്തറിന്റെ മണം അതിലൂറി കിടക്കുന്ന നിന്റെ വിയർപ്പിന്റെ ഗന്ധവും ചേരുമ്പോൾ ഹായ്നല്ല രസം തിന്നാൻ തോന്നുന്ന കൊതി അതാണെന്നെ മസ്ത് പിടിപ്പിക്കുന്നത്.സുർജി മനപൂർവ്വം വിഷയം മാറ്റുന്നു.

സുസജ്ജമായ കുടുംബമാണ് എനിയ്ക്ക് മുന്നിലുള്ളത് അത്കൊണ്ട് രസിക്കണ്ട. അതിനൊക്കെ എന്റെ വല്ലഭേട്ടനുണ്ട്. എന്നാൽ നിന്റെ സജ്ജീകരണങ്ങൾ ഒരു ദിവസം ഞാൻ പൊളിയ്ക്കും സുർജി തന്റെ തടിച്ചമീശ കറുത്ത ചുണ്ടുകൾ കൊണ്ട്കടിച്ചു പിടിച്ചു പിറകോട്ട് നോക്കി ചിരിച്ചു

ഈ ഫലിതങ്ങളൊക്കെ കേട്ട് ചിരിക്കാൻ ഒരു കേൾവിക്കാരിയെ കിട്ടിയതെന്തായാലും നന്നായി അവർ ഇത്തരം തമാശകൾ പറയാറുണ്ടെങ്കിലും ഇന്നത്തെ തമാശയിൽ സുർജി എന്തൊ കാര്യമായ വലവീശുകയാണ് . സുർജി കാതുകൾക്കിമ്പമാർന്ന തമാശയുടെ രസക്കൂട്ടുകളുടെ നിർമ്മാണത്തിൽ അൽപ നേരം മൗനത്തിൽ...

എന്തിനാ എന്റെ നെഞ്ചിന്റെ ഇടനാഴിയിലൊരു റോസാചെടി നട്ടത്? ബോറടിക്കുമ്പോൾ മണത്ത് നോക്കാൻ ആണോ? സമർഥനായ ഒരു കാമുകന്റെ സാഹിത്യത്തിൽ ലേപനം ചെയ്ത പദപ്രയോഗം !

അതെ!

അതിനല്ലെ ഞാനീ പെടാപാട് പെടുന്നത് അതിനെന്തിനാ സുർജീ പെടാപാട്? മറുപടി പറഞ്ഞില്ല.

സത്യത്തിൽ ഹർഷ നിഷ്കളങ്കമായൊരു മറുപടിപറഞ്ഞതായിരുന്നു.അവർ അങ്ങനെ തമാശകൾ വരമ്പില്ലാതെപറയാറുണ്ട്. കാരണം ഏത് ഉറക്കം തൂങ്ങിയേയും ഉണർത്താൻ അവരുടെരസക്കൂട്ടുകൾക്ക് കഴിയും.എങ്ങനെ തമാശ പറഞ്ഞാലും പരിതി നിശ്ചയിക്കപ്പെട്ട സൗഹൃദം തന്നെയാണവരുടേത് ഇതുവരേയും!എന്നാൽ ഇന്നത്തെ സുർജിയ്ക്ക് എന്തൊമാറ്റം സംഭവിച്ചിട്ടുണ്ട്.

എന്ത് ചോദ്യത്തിനും ഉടനെ മറുപടി കൊടുക്കുന്ന ശീലം അവൾക്കുണ്ട്. തമാശയാണെങ്കിൽ ചോദ്യകർത്താവ് പെട്ടെത് തന്നെ.

ആ ശീലത്തിന്റെഭാഗമാണെന്ന് കരുതിയാൽ മതി. ആ നല്ല കൂട്ടുകാർ അങ്ങനെയാണ്.

നിനക്കിന്ന് പാർട്ടിയും കഴിഞ്ഞ് നിന്റെ കിളി പോയൊ സുർജി? ഒരു കിളിയും പോയിട്ടില്ല.

മാവിൻ ചില്ലകളിൽ സുർജിയുടെ കണ്ണുകൾ വട്ടമിട്ട് പറന്നു

പെട്ടെന്ന് വണ്ടി നിന്നു.തൊട്ടപ്പുറത്ത് ഉമ്മറത്ത് പലകയിൽ കത്തിച്ചു വെച്ച സന്ധ്യാ വിളക്കിന് വല്ലാത്ത തിളക്കം മുന്നിലിരുന്ന് നാമം ജപിക്കുന്ന കുഞ്ഞുകുട്ടിയെ നോക്കി നിന്നു പോയി അവർ.റോഡിന്റെ ഇടത് ഭാഗത്ത് ഒരു പീടികയോട് ചേർന്ന് ഇല കാണാതെ മാങ്ങയുള്ള ഒരു കൂറ്റൺ മാവ് ഉടനെ സുർജി എത്ര മാമ്പഴങ്ങളാ പഴുത്ത് കിടക്കുന്നത് വിശക്കുന്നവന്റെ മുമ്പിൽ എത്തിയിരുന്നെങ്കിൽ.സുർജീ തമാശ വിട് !

അയ്യോ സമയം ആറരയായി വേഗം വീടെത്തണം കുട്ടികൾ വന്ന് എന്നെ തിരയുന്നുണ്ടാകും.ചെന്നിട്ട് ഒത്തിരി ജോലിയുണ്ട് റോഡിന്റെ അപ്പുറത്ത് നീർച്ചാൽ ഇപ്പുറത്ത് ചവോക്ക് തോട്ടം വിജനമായതിനാൽ ഒന്ന് സംസാരിക്കണമെന്ന് തോന്നി വീടെത്താൻ അത്ര ദൂരമല്ലേയുള്ളൂ.

അതുകൊണ്ട് നിർത്തിയതാ ഹർഷയ്ക്കിത് ഒട്ടും പിടിച്ചില്ല. സുർജീ വണ്ടിയെടുക്ക് ആൾ സഞ്ചാരമില്ലാത്ത വഴിയിലൂടെയുള്ള യാത്ര പാടില്ലായിരുന്നു എന്നൊരു തോന്നൽ അവൾക്ക് എന്തിനായിരിക്കും അലോസരപ്പെടുത്തും വിധം ഇടക്കിടെ ഇവനെന്നെ തിരിഞ്ഞു നോക്കുന്നത്.ഇങ്ങനെ ആയിരുന്നില്ലല്ലൊ!

ഒരു അര മണിക്കൂർനമുക്ക് സംസാരിക്കാം എന്നിട്ട് പോകാം.

ഇതെന്തിന് ?

നമ്മൾ ഇത്രയും നേരം സംസാരിച്ചില്ലെ.സുർജിയുടെ ഭാവങ്ങളും നോട്ടങ്ങളും അവൾക്ക് തീരെ പിടിച്ചില്ല. ഇനിയുംപ്രത്യേകം എന്ത് പറയാൻ നമ്മൾ എന്നും പറയുന്നതല്ലെ പാർട്ടിയിൽ പറഞ്ഞ് തകർത്ത് വരുന്ന വരവല്ലേ അവൾ മുഖം കുടഞ്ഞു കാരണം പെട്ടെന്ന് വീടെത്താനുള്ള ആവശ്യം സുർജിക്കറിയാം എന്നിട്ടും നിസംഗത അമ്മയേയും വല്ലഭേട്ടനേയും ഓർത്തു പോയി അവൾ. ഹർഷയുടെ പ്രതികരണത്തിൽ വെറുപ്പ് വന്നെങ്കിലും മനപൂർവ്വം മിണ്ടിയില്ല കൃത്യമായിചിരിച്ചു.

നീ എന്തിനാ ഹർഷാ എപ്പോഴുംപിറക് സീറ്റിലിരിക്കുന്നത്?

പിന്നെമുൻ സീറ്റിലിരിക്കാനൊ ?

നല്ല കഥ അത് പറ്റില്ല. നമ്മളിലെകൂട്ടുകാർ ഒരാണുംഒരു പെണ്ണുമാണ് സൗഹൃദത്തിനുമുമ്പിൽ വലിയൊരകലംഎപ്പോഴും വേണം അയ്യെട പൂതി കൊള്ളാം

ഹർഷ ചിരിച്ചു.സുർജി നല്ല സുഹൃത്താണെ

ന്നാണ് അവൾ അതു വരേയും ധരിച്ചിരുന്നത്. അവസരോചിതമായ തമാശകൾ കൊണ്ട് രസിപ്പിക്കുന്ന ഹർഷ കാര്യം പറച്ചിലിലും മിടുക്കിയാണ് ഹർഷയുടെ വാക്കുകൾ ദഹിച്ചില്ല.തന്നിലെ വിശുദ്ധി പത്തരമാറ്റിൻ തിളക്കത്തോടെ കാത്ത് സൂക്ഷിക്കാൻ അവൾ രൂപപ്പെടുത്തി വെച്ച മതിൽ കെട്ട് തുറന്നു കാണുകയായിരുന്നു സുർജി!

ഹർഷയുടെഅതുവരെയില്ലാത്ത ഒരു പുതിയ മുഖം കാണുകയായിരുന്നു സുർജി ഉൾകൊള്ളാനായില്ല.

കാരണം സീറ്റ് വിഷയം പറയുമ്പോൾ സുർജിയുടെ കണ്ണുകളിൽ അനുരാഗത്തിൻ കരിക്കിൻ വെള്ളം പുഴകണക്കെ ഒഴുകുന്നുണ്ടായിരുന്നു അവൾ ഭയന്നു.നീ ഇന്ന് സോഫയിൽ ദേവന്റെടുത്താണല്ലൊ ഇരുന്നത് അത് പിന്നെ ഒരു പാർട്ടിയിലല്ലെ  എന്നിരുന്നാലും സ്വകാര്യതയിൽ പാടില്ല.യാഥാർഥ്യത്തിന്റെ പിൻബലമുള്ള ജീവിത സരണിയിലൂടെയാണ് തന്റെ യാത്ര എന്നവൾ ബോധിപ്പിക്കുകയാണ്.

വിരസമായി തുടങ്ങിയ യാത്രയിൽ മുഖം നിറം മങ്ങി തുടങ്ങി.

അതെന്താ അങ്ങനെ പറഞ്ഞത്?...

വണ്ടി ഓട്ടം തുടങ്ങി.

അങ്ങനെ പറയണം അതങ്ങനയാ! ഒരേ സീറ്റിലിരുന്നാൽ എന്താ സംഭവിക്കാൻ പോകുന്നത്? അടുത്തിരുന്നാൽ പലതും തോന്നും പിന്നെ സ്വസ്ഥത പോകും  സുർജി എന്റെ നല്ല കൂട്ടുകാരനാ എന്നും. വല്ലഭേട്ടനെ കിനാവ് കണ്ട് ജീവിക്കുകയാ ഞാൻ.

ആ പ്രതികരണം പിടിച്ചില്ല

സുർജിയുടെ മനസിലെ വെറുപ്പിന് അഗ്നി ചിറകുകൾ മുളച്ചുതുടങ്ങി എന്നിട്ടും ഹർഷയെ വരുതിയിലാക്കാൻ  അഭിനയിച്ചു..ഹർഷാനമുക്കൊരു ടൂർ പോകണം അതെഅത് മേനേജർ എല്ലാവരോടുമായി സംസാരിച്ചിട്ടുണ്ട്.. ആ ടൂറല്ല നമുക്ക് 2 പേർക്കും മാത്രം.ദേ നോക്ക് സുർജി നീ എന്തൊക്കെയൊ ലക്ഷ്യം വെച്ചാണ് ഇന്ന് സംസാരിച്ച തൊക്കെയും ആ കൊതിയൊക്കെ ഇപ്പതന്നെ മണ്ണിട്ട് മൂടിക്കൊ നീ വിചാരിച്ച ആളല്ല ഞാൻ.ഗോൾഡൻ കളർ വിരലുകൾ സുർജിയ്ക്ക് നേരെ നീണ്ടു

സുർജിയുടെ ലക്ഷ്യങ്ങൾ മറ്റു പലതുമാണെന്ന് ബോധ്യപ്പെട്ടപ്പോൾ അമ്മയുടേതാണ് ഏറ്റവും സുരക്ഷിതമായ കരുതൽ അവൾ ഓർത്തെടുത്തു.

അമ്മയെ വിളിക്കാൻ തന്റെ മടിയിലിരിക്കുന്ന ബാഗിൽ നിന്ന് ഫോണെടുക്കാൻ നോക്കുന്നതിനിടയിൽ താനിരിക്കുന്ന സീറ്റ് താഴ്ത്തി പിറകോട്ട് തള്ളിസുർജി ഒറ്റപിടുത്തം അയ്യോ എന്താ ഇത്?

അവന്റെ രതി സാഹസത്തിൽ അവൾ ഒന്നും തിരിയാതെ കുലുങ്ങി. എടാ റാസ്ക്കൾ അവൾ അലറി ഒപ്പംപേടിച്ചു വിറച്ചു. തന്റെ ദാഹം മാറ്റാൻ അവൻ ശക്തമായി നേരിട്ടെങ്കിലും പിടിവലിയിൽ അവൾ സിറ്റിലേക്ക് ചുരുണ്ടു. അയ്യോ എന്നെ വിട് ഉള്ള ശക്തിയാലെ അവൾ തള്ളി നിലവിളിക്കാൻ ഭയന്നു.മാറ്റാൻ ശ്രമിച്ചെങ്കിലും  ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ അവൾക്ക് ശ്വാസം വീണു മറ്റൊരു പുരുഷൻ ഒരിക്കലും കാണരുതെന്ന് തന്നോടു തന്നെ സത്യം ചെയ്ത വല്ലഭേട്ടനായി സൂക്ഷിച്ചു വെച്ച ദേഹത്ത് ചേക്കേറി മലിനമാക്കിയത് സഹിക്കാനാവാതെ പൊട്ടിത്തെറിച്ചു ഭ്രാന്തിയെ പോലെ അവൾ!

എടാ റാസ്ക്കൾനീ ഇതിനായിരുന്നൊ എന്റെ പിറകെ കൂടിയത്? അയ്യോ

എനിയ്ക്കിത് വിശ്വസിക്കാനാവുന്നില്ല

എന്താ തെമ്മാടി നിനക്ക്.?

വല്ലഭേട്ടന്റെ മാത്രം ഗന്ധമുള്ള മാറിടങ്ങളെ സാരിത്തലപ്പ് കൊണ്ട് വീണ്ടും ഭദ്രമായി പൊതിഞ്ഞുവെച്ചു. അവൾ ഒരു ഭ്രാന്തിയെ പോലെ പിറുപിറുത്തു.പുകയുന്ന ചുണ്ടുകളും മാറിടങ്ങളും കർച്ചീഫ്കൊണ്ട് തുടച്ചു കൊണ്ടിരുന്നു. കാറിന്റെ സൈഡിലെഗ്ലാസിൽ കവിളിൽ നിന്നൊഴുകുന്നചോര കണ്ടവളുടെ നിയന്ത്രണം വിട്ടു.

അയ്യോ കൃഷ്ണാ ...

'ഒരു പുരുഷനെന്നാൽ ഇത്രയേഉള്ളൂ അല്ലേ?

സഹിക്കാനും വിശ്വസിക്കാനും കഴിയാതെ അതായിരുന്നു അവളുടെ ആദ്യത്തെ ചോദ്യം!' 5മാസം ഏറെ മുഗ്ദമായി സമരസപ്പെട്ട സൗഹൃദകൂട് പൊട്ടിതരിപ്പണമായി...

സ്വഅനുഭൂതിക്കായി എല്ലാഉരുക്ക് മുള്ള് വേലിയും അവൻനിഷ്ക്കരുണം പറിച്ചെറിയും. അന്യപുരുഷനുമൊത്തുള്ള ഈയാത്ര ശെരിയല്ല മോളെ അത് അപകടത്തിൽ ചെന്നെത്തും അമ്മയും അലവി റാവുത്തറും പറഞ്ഞ വാക്കുകൾ അക്ഷരാർഥത്തിൽ തെളിഞ്ഞു.

കളിയും ചിരിയുമായി നെഞ്ച് പകുത്ത് കൊടുത്ത കൂട്ടുകാർ ഏറ്റവുംവലിയ ശത്രുക്കളായി.

പരിഹാസ ചുവയോടെ.....

ഒന്ന് തൊട്ട് പോയാൽ എന്താണ് സംഭവിക്കുക?

എന്നാൽ കേട്ടോ പലതും സംഭവിക്കും വല്ലഭേട്ടനായി പൊതിഞ്ഞുവെച്ചതാ ഒരുത്തനേയും തൊടാൻ ഞാനനുവദിക്കില്ല റാസ്ക്കൾ. ഇതൊക്കെയും കേട്ട് കലിയിളകിയ സുർജി.നീ എന്നെ റാസ്കൾ എന്ന് വിളിച്ചു അല്ലേ? അത്

ഒരു മറുപടിയും ക്കെടുക്കാനില്ലാതെ പറഞ്ഞെന്ന് മാത്രം മറ്റു ചോദ്യങ്ങൾക്കൊന്നും മറുപടി പറഞ്ഞില്ല.. ജീവനു തുല്യം സ്നേഹിച്ച കൂട്ടുകാരന്റെ ആകസ്മിക മാറ്റവും അതിക്രമങ്ങളും അവളെ അത്ഭുതപ്പെടുത്തി അവൾ ഭയന്നു ഇവിടെ റോഡിലൂടെ അത്യാവശ്യം പോകുന്നവാഹനങ്ങളല്ലാതെ അടുത്തൊന്നും കടകളൊ കാൽനടയാത്രക്കാരൊ ഇല്ലായിരുന്നു പുറത്തേക്കിറങ്ങി സുർജി ഡോർ ലോക്ക് ചെയ്തു.

നിന്റെ ഉള്ളിൽ ഇത്ര മോശപ്പെട്ടൊരാൾ ഉണ്ടായിരുന്നെങ്കിൽ എന്നോ ഈ കൂട്ട് ഞാൻ ഒഴിവാക്കുമായിരുന്നു.ഒരു പ്രശ്നങ്ങളും ഉണ്ടാക്കാതെ എന്നെ ഇറക്കി വിട്ടൊ ഇല്ലേൽ നീനാറും വക്കിടിഞ്ഞു പോയ വരമ്പിൽ കടന്നു ചാടാനുള്ള വലിയ പ്രതിസന്ധിയ്ക്ക് മുന്നിൽ ഹർഷ ഉരുകി തീരുന്നു. മറുപടിയായിസുർജിയുടെ പരിഹാസത്തിന്റെ മൂളലായിരുന്നു എനിയ്ക്ക് ഒന്നും സംഭവിക്കില്ല.പിന്നെ വന്നത് ഹർഷയുടെ ഭയാനകമായ നിലവിളിയായിരുന്നു.

ഇറങ്ങിക്കൊ പെട്ടെന്ന് വണ്ടി നിർത്തി. ഇവിടെ ഒരു വണ്ടിയും കിട്ടില്ല.എന്നെ ഹൈവേയിൽ ഇറക്കിയാൽ മതി. അതവന് നന്നായറിയാം.മറ്റൊരാൾ അറിയാതെ വീട്ടിലെത്താനുള്ള ചിന്തയിലായിരുന്നു അവൾ. നിന്റെയൊക്കെ ഉള്ളിലെ കണ്ടാമൃഗം എത്ര പെട്ടെന്നാ പുറത്തെക്ക് ചാടിയത്.

പിന്നി കീറിയ ബ്ലൗസും ഒലിച്ചിറങ്ങുന്ന ചോരയും കണ്ട് സഹിക്കാനായില്ല! വല്ലഭേട്ടന്റെ മണം അന്തരീക്ഷമാകെ പടർന്നു.

തെമ്മാടി ഇതിനാ എന്റെപിറകെ കൂടിയത് അല്ലേ? സുർജിയെ അത്ര നമ്പരുത് സൂക്ഷിക്കണം സഹ ജോലിക്കാരി ദൃശ്യ പറഞ്ഞത് ഓർമ്മ വന്നു. എന്ത് കൊണ്ടാ ഈശ്വരാ എനിയ്ക്ക് മനസിലാക്കാൻ കഴിയാതെ പോയത്. തൂങ്ങി കിടക്കുന്ന സാരി അരയിൽ തിരുകുന്നതിനിടയിൽ വണ്ടി നിർത്തി.

ആഞ്ഞു തല്ലി മൂക്കിനേറ്റ തല്ലിൽ ഒഴുകുന്ന ചോരയുംതകർന്ന മനസുമായവൾ സുർജി സ്റ്റിയറിങ്ങിനു താഴെസൂക്ഷിച്ച സുരക്ഷാ ചങ്ങലയെടുക്കുന്നതിനിടയിൽ എന്തെങ്കിലും ആവട്ടെ എന്ന് കരുതി ഇറങ്ങി പ്രാണരക്ഷാർത്ഥം വേനലിന്റെ ചൂട് മാറാത്ത റോഡ്ചാടി കടന്ന് ചപ്പലില്ലാത്ത കാലുമായിഓടി പിറകേ ചങ്ങലയും വീശി സുർജിയും നേരം അപ്പഴേക്കും ഇരുട്ടായി ഇരുട്ടിനെ വരവേൽക്കാനുള്ള സന്ധ്യാവിളക്കുകൾ നിരന്നിരിക്കുന്നു. ഒപ്പം കൂടണഞ്ഞ പക്ഷികളുടെ കുറുകൽ ഈ ഓട്ടത്തിൽകൈയറപ്പില്ലാതെ എന്തും ചെയ്യും.പരിസരം മറന്ന ഓട്ടമായിരുന്നു സുർജിയുടേത് എവിടെയെങ്കിലും കയറി അഭയം തേടുകയായിരുന്നു ഹർഷയുടെ ലക്ഷ്യംഓരോ ചുവടിലും ഭയാനകമായ നിലവിളിയായിരുന്നു. സുർജിയുടെ രൂപവും സിംഹഗർജ്ജനവുംകണ്ട് പേടിച്ച് പിൻമാറുന്ന ജനങ്ങൾക്ക് ഒരു വിധത്തിലും അടുത്തേക്ക് ചെല്ലാനായില്ല.കൊന്ന് തിന്നാനുള്ള പകയുമായി കുതിരശക്തിയിൽ പിറകേ സുർജി. ഹൈവേയിലേക്ക് കയറിബസ്റ്റാന്റ് കടന്ന് പിന്നെയുള്ളത് പെട്ടിക്കടയാ അവിടയും പഴുതില്ലാതായപ്പോൾ ഹർഷനേരെ പോയത് കാർത്തിക ഹോട്ടലിനുള്ളിലേക്ക്. ഹോട്ടൽ മുതലാളിയും കാഴ്ചക്കാരും ശക്തമായി തടഞ്ഞെങ്കിലും പ്രതിഷേധം വിലവെക്കാതെ ചങ്ങല വീശിസുർജി പാചകപുരയിലെത്തിയ ഹർഷയെ ചങ്ങലയിൽ ആഞ്ഞു തല്ലി ഒരു മനുഷ്യന് തടയാനാകുന്നില്ല അത്ര കുതിരശക്തി നിർത്താതെയുള്ളഹർഷയുടെ ആർത്ത നിലവിളി തുടർന്നു രക്ഷയില്ലാതായപ്പോൾ ഹോട്ടലിനു പിറകിലൂടെ ഇറങ്ങി തൊട്ടടുത്ത വർഷോപ്പിലേക്ക് കയറിയെങ്കിലും അവിടെ നിന്നും ഓടി വീണ്ടും ഹോട്ടലിന്റെ പിന്നിലെത്തി അവൾ. തടഞ്ഞിട്ട് തല്ലി വീഴ്ത്തി പാചകപുരയിലെ തൊഴിലാളികളുടെ കൂട്ടനിലവിളി ഉയരുകയായിരുന്നു.എന്നെ രക്ഷിയ്ക്കണേ മർമ്മം നോക്കാതെയുള്ള തല്ലിൽ പിടയുന്ന ജീവനുവേണ്ടി അവൾ യാചിച്ചു.പിന്നെ ആനാവ് തളർന്നുതുടങ്ങിവീണ ഇരയെ കാൽചുവട്ടിൽ കിട്ടിയ അരിശം തീർക്കാനുള്ള തിരക്കിൽ സുർജിയുടെ മുഖം കണ്ടാൽ പേടിപ്പെടുത്തും അവന്റെ രൂപം കണ്ട് അടുത്തേക്ക് വരാൻ ആരും തയ്യാറായില്ല.

'കരൾ പറിച്ചെടുത്ത് ഇതാ കരളെന്ന് പറഞ്ഞ് കൈവെള്ളയിൽ വെച്ചു കൊടുത്ത കൂട്ടുകാരന്റെ നിഷ്ഠൂര ചെയ്തിയിൽ പിടയുകയാണവൾ'

മൊബൈലിൽ ഷൂട്ട് തകൃതിയായി നടന്നു കൊണ്ടിരുന്നു.പിടയുന്ന കരളുമായി അടുത്തേക്കേടിയവരെ ചങ്ങല വീശി വിരട്ടി .

ഹർഷയുടെ മികച്ച കൂട്ടുകാരനായ സുർജി എന്തിനാ ഇത് ചെയ്തത്? ബാങ്കിനു മുന്നിലെ പെട്ടികടയിലെ വത്സേട്ടൻ അന്തം വിട്ടുകൊണ്ട് ചോദിച്ചു.അദ്ദേഹത്തിന് സ്വന്തംകണ്ണുകളെ വിശ്വസിക്കാനായില്ല..രണ്ടറ്റവും പിടിയുള്ള ചങ്ങലകൊണ്ട് അടിയിൽ ചിതറി തെറിച്ച മാംസ കഷണങ്ങൾ ആരെയും പിടപ്പിക്കും.പിന്നെ അവൾ നിലവിളിച്ചില്ല തീരാറായ കുഞ്ഞു ശ്വാസത്തിൽ തളർന്നു പോയ നാവിനെ പാട് പെട്ട് വലിച്ചെടുത്ത് അന്ന് 'വല്ലഭേട്ടന്റെ ചിതാഭസ്മം നോക്കി ഞാൻ പറഞ്ഞതാ'എന്റെ ജീവിതത്തിൽ ഇനി ഒരാണില്ല. വല്ലഭേട്ടാ... അപ്പഴേക്കും ആ ശ്വാസം നിലച്ചിരുന്നു.

●

# ദേശീയ സ്വാതന്ത്ര്യസമ്പാദനത്തിന്റെ ചരിത്രവും വർത്തമാനവും

(10-ാം പേജ് തുടർച്ച)

ബ്രിട്ടീഷുക്കാരിൽ നിന്നു മാത്രം സ്വാതന്ത്ര്യം പോരാ ജന്മിത്തത്തിൽ നിന്നു അതിനെ താങ്ങി നിർത്തുന്ന ജാതീയമായ ഉച്ചനീചത്വങ്ങളിൽ നിന്നും കൂടി സ്വാതന്ത്ര്യം വേണമെന്നാണ് ബഹുഭൂരിപക്ഷവും ആഗ്രഹിച്ചത്. ജാതീയമായ മർദനത്തിന്റെ അസഹ്യത കൊണ്ടാണ് കുമാരനാശാൻ തിയ്യക്കുട്ടിയുടെ വിചാരം എന്ന കവിതയിൽ 'എന്തിനയേ സ്വരാജ്യം' എന്നു ചോദിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സഞ്ചാരഗതികളെക്കുറിച്ച് പിടികിട്ടുന്നതിന് ഒ. എൻ. വി. 'പോക്കു വെയിൽ മണ്ണിലെഴുതിയത്' എന്ന ആത്മകഥയിൽ കലാലയ മുത്തശ്ശി എന്ന ഭാഗത്ത് എഴുതിയത് ശ്രദ്ധേയം തന്നെ. 'യൂണിവേഴ്സിറ്റി കോളേജ് സമരമുഖരിതമായിരുന്നു. ക്വിറ്റിന്ത്യാ ദിനത്തിലും ഗാന്ധി ജയന്തി നാളിലും മറ്റും മാവിന്മേൽ ദേശീയ പതാക ഉയർത്തി വിദ്യാർത്ഥികൾ കൂട്ടം ചേർന്ന് 'ഝണ്ടാ ഊംചാ രഹേ ഹമാരാ' എന്ന പതാക ഗാനം പാടും. ഒരു ക്വിറ്റ് ഇന്ത്യാ ദിനത്തിന് പഠിപ്പു മുടക്കുണ്ടായി. അന്ന് ക്ലാസിൽ നിന്നിറങ്ങാതെ പിൻബങ്ങളിൽ ഉടുമ്പിലെപ്പോലെ പിടിച്ചിരുന്ന ഒരു വിദ്യാർത്ഥി. വർഷങ്ങൾക്കു ശേഷം ഞാൻ അവിടെ അദ്ധ്യാപകനായി കോളേജിനു മുമ്പിൽ ബസ് കാത്തു നിൽക്കുമ്പോൾ കൊടിവച്ച കാറിൽ മലർന്നു കിടന്നു എന്നെ നോക്കി ചിരിച്ചു കൈവീശിപ്പോയ ചിത്രം എന്റെ മനസ്സിലുണ്ട്.' സ്വാതന്ത്ര്യം അതിന്റെ യഥാർത്ഥ അവകാശികളേക്കു എത്തിച്ചേർന്നില്ല എന്നതല്ലേ വസ്തുത. ഗാന്ധിജിയുടെ പൊടുന്നനെയുള്ള നിഷ്കാസനം ഉണ്ടാക്കിയ ദുരന്തമാണോയിത്. എന്തായാലും സ്വാതന്ത്ര്യത്തിന്റെ നിറം കെടുത്തി ഇന്ത്യാവിഭജനം.



ആ നിഷ്കാസനെത്തെപ്പറ്റി ഒ. എൻ. വി. തുടർന്ന് എഴുതിയിട്ടുണ്ട്. നിഷ്ക്രൂരമായ നിഷ്കാസനം ആയിരുന്നു ഗാന്ധിജിയുടേത്. കൊന്നുതള്ളൽതന്നെ. മഹാത്മാഗാന്ധിയെ വെടിവെച്ചുകൊന്നു എന്നുകേട്ട എല്ലാവരും തിരുവനന്തപുരത്തെ റസിഡൻസി മൈതാനത്തേക്ക് പോകുന്നു. ഒ. എൻ. വി. ആ സന്ദേശം ഇങ്ങനെ കുറിക്കുന്നു. 'എന്തു ചെയ്യണമെന്നറിയാതെ ആളുകൾ റസിഡൻസി മൈതാനത്തേക്കു നീങ്ങുന്നു. കൂട്ടത്തിൽ ഞങ്ങളും. ചിലർ കറുത്ത ബാഡ്ജുകൾ വിതരണം ചെയ്യുന്നു. അതിനിടെ തമ്പാനൂരേക്കുള്ള വഴിയരികിൽ ഒരു വലിയ അഡ്വക്കേറ്റിന്റെ കൂറ്റൻ ഗേറ്റ് പാതി തുറന്നുവെച്ച് രണ്ടു യുവാക്കൾ വഴിപോക്കർക്ക് ലഡ്ഡു വിതരണം ചെയ്യുന്നു. സമ്പന്നമായ ആ ബ്രാഹ്മണ കുടുംബത്തിൽ വല്ല വിശേഷവുമുണ്ടാകാം. അതിന്റെ പേരിലാവാം ഈ മധുരം വിതരണം ചെയ്യുന്നതെന്നേ ആദ്യം കരുതിയുള്ളൂ. 'അരുത്. ഗാന്ധിജിയെ ആരോ വെടിവെച്ച് കൊന്നു.... അറിഞ്ഞില്ലേ?' അപ്പോൾ വിതരണക്കാരിലൊരാൾ പറഞ്ഞു. 'അതിന്റെ പേരിലാണിത്'.

ഇന്നെന്താണ് സ്ഥിതി? അയുക്തികത ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രമായി ദേശീയ നവോത്ഥാന ചിന്തകളെ കീഴടക്കി കൊണ്ടി

രിക്കുന്ന കാലമാണിത്. ദേശീയതയുടെ പേരിൽ വർഗ്ഗീയ ഫാസിസ്റ്റുകൾ കൃത്രിമ വികാരങ്ങൾ സൃഷ്ടിക്കുമ്പോൾ നഷ്ടപ്പെടുന്നത് ജനതയുടെ ധാർമ്മിക വിചാരങ്ങളാണ്. സങ്കുചിത ദേശീയ ബോധത്തെ ആളിക്കത്തിക്കാൻ ആണ് ഭരണാധികാരികൾ യത്നിക്കുന്നത്. സംസ്കാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടും വളരെ സങ്കുചിതമാക്കിയിരിക്കുന്നു. പാഠപുസ്തകങ്ങളിൽ ഗാന്ധിയേയും നെഹ്റുവിനേയും നീക്കം ചെയ്യൽ വലിയ കലാപരിപാടിയാണ്. ദേശീയ സ്വാന്ത്ര്യസമര ചരിത്രം വികൃതമാക്കി അവതരിപ്പിക്കുക, മതനിരപേക്ഷത എന്ന ആശയത്തെപാടേ ഒഴിവാക്കുക, വിദ്വേഷപൂരിതമായ കഥകൾ അതായത് നുണക്കഥകൾ അവതരിപ്പിക്കുക എന്നിങ്ങനെ ചെയ്യാൻ തുടങ്ങിയിട്ട് ഏതാണ്ട് രണ്ടു ദശകമായി. ആദ്യമാദ്യം ചില സംസ്ഥാനങ്ങളിൽ പരീക്ഷിച്ചത് ദേശീയമായ തലത്തിലേക്ക് വ്യാപിച്ചു കഴിഞ്ഞു.

ശാസ്ത്രബോധം വളർത്തേണ്ടതിനു പകരം ഐതിഹ്യസമാനമായ അസംബന്ധങ്ങളിൽ രമിക്കുകയാണ് മോഡി സർക്കാർ. ദേശീയ ശാസ്ത്ര കോൺഗ്രസിൽ പോലും ഇത്തരത്തിലുള്ള പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നു. നിറം പിടിപ്പിച്ച പശുക്കഥകൾ, ചാണകവിജ്ഞാനഘോഷണങ്ങൾ എല്ലാം ഇന്ത്യൻ ജനതയെ ലോകത്തിനു മുമ്പിൽ പരിഹാസവിധേയമാക്കിയിരിക്കുന്നു, ചുരുക്കത്തിൽ നെഹ്റു മോഡലിലെ ഗുണവശങ്ങളെല്ലാം കൈയൊഴിയുകയും നിഷേധാത്മകവശങ്ങളെയെല്ലാം സ്വീകരിക്കുകയും ചെയ്യുകയാണിന്ന്.

പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുന്നു. ഇന്ത്യൻ വ്യവസായികൾക്ക് നല്കിവന്ന സംരക്ഷണം ഇല്ലാതാക്കി. ബഹുരാഷ്ട്രഭീമന്മാരായ വ്യവസായസംരംഭകർക്കാണ് സംരക്ഷണം. കേന്ദ്രസർക്കാരിന്റെ പൊതുകടം വളരെ വർദ്ധിച്ചിരിക്കുന്നു. മുന്നൊരുക്കമില്ലാതെ നടപ്പിലാക്കിയ ജി. എസ്. ടി. യും 2016 നവംബറിലെ നോട്ട് നിരോധനവും ഉണ്ടാക്കിയ ദുരിതങ്ങൾ സമ്പദ് വ്യവസ്ഥയുടെ അടിത്തറതന്നെ ദുർബലപ്പെടുത്തുന്നതിലാണ് വന്നെത്തി നിൽക്കുന്നത്. അഴിമതിയും ധൂർത്തും കിട്ടാക്കടവും പെരുകുന്നു.

ഏറ്റവും വലിയ ഭീഷണി ഭരണഘടന അവർ അട്ടിമറിക്കാൻ നടത്തുന്ന നീക്കങ്ങളാണ്. അതിന്റെ ഭാഗമാണ് 2019 ഡിസംബർ എട്ടിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ പൗരത്വ ഭേദഗതി നിയമം. അതിനെ തുടർന്നുണ്ടായ പ്രക്ഷോഭങ്ങൾ, സുപ്രീം കോടതിക്കുമേൽ നടത്തുന്ന സമ്മർദ്ദതന്ത്രങ്ങൾ എല്ലാം ഇന്ത്യൻ ജനാധിപത്യസംവിധാനത്തെ ദുർബലമാക്കിയിരിക്കുന്നു. കാശ്മീരിൽ കേന്ദ്ര സർക്കാർ നടത്തിവരുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്ക് കയ്യും കണക്കുമില്ല. സർക്കാർ നയങ്ങൾക്കെതിരായി എടുക്കുന്ന നിലപാടുകളെയും പ്രതിരോധങ്ങളെയും വർഗീയമായി നേരിടുന്നതിനും രാജ്യദ്രോഹപരമായി ചിത്രീകരിക്കുന്നതിനും നുണപ്രചാരണം സൃഷ്ടിക്കുന്നതിലും അറപ്പില്ല. മുഖ്യധാരാ മാധ്യമങ്ങളിൽ ഒട്ടുമുക്കാലും അതേറ്റുപാടുന്നു.

സാമൂഹ്യവും സാമ്പത്തികവുമായ തുല്യതയാണ് ജനാധിപത്യത്തിന്റെ അന്തസത്ത. സ്വതന്ത്രമായ അഭിപ്രായപ്രകടനങ്ങളോട് അത്യന്തം ഭീകരമായ അസഹിഷ്ണുത പുലർത്തുന്നവരുടെ കൈകളിൽ ജനാധിപത്യം എത്തിയാൽ എന്താണ് സ്ഥിതി? തുല്യത എന്ന വിചിന്തന പ്രക്രിയ തന്നെ നിരസിക്കപ്പെടും എന്നതാണ് വസ്തുത. അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ വെടിഞ്ഞും നിലകൊള്ളാൻ സന്നദ്ധരായ ഭരണാധികാരികൾ ഉണ്ടാകുമ്പോഴേ തുല്യത എന്ന ആശയത്തിന് കുറ്റമറ്റ ആസൂത്രണനിർവഹണം ഉണ്ടാകൂ. എന്നാൽ ഇന്നത്തെ ഇന്ത്യയിൽ അതൊന്നുമല്ല സംഭവിക്കുന്നത്. വർഗീയഫാസിസത്തിലൂടെ നവലിബറൽ അജണ്ട നടപ്പിലാക്കുകയാണ് അവരുടെ കർമ്മപരിപാടി. അധികാരം തിന്മയുടെ ആവിഷ്കാരമായ മാറുന്നതിന്റെ ഇരകളാണ് ഇന്ത്യയിലെ മതനിരപേക്ഷവാദികളും ജനാധിപത്യ വിശ്വാസികളും. വർഗീയവിദ്വേഷത്തിൽ നിന്നുയരുന്ന നുണപ്രചാരണങ്ങൾക്ക് സർക്കാർവാണികൾ പിന്തുണയേകുന്നു. മതവിശ്വാസത്തെ മതാന്ധതയാക്കി മാറ്റി വർഗീയ രാഷ്ട്രീയക്കളി നടത്തി ശത്രുക്കളെ വകവരുത്തുന്നു. ബുദ്ധിപരമായ സത്യസന്ധത ഒരിക്കലും പാലിക്കാൻ കഴിയാത്തവരാണ് വർഗീയ ഫാസിസ്റ്റുകൾ. അവരുടെ മുൻകൈയിൽ എല്ലാ സാമ്രാജ്യത്വ അജണ്ടകളും സുരക്ഷിതമായി നിർവഹിക്കപ്പെടുന്നു എന്നതാണ് വസ്തുത. ഈ വസ്തുത തിരിച്ചറിഞ്ഞുള്ള പ്രതിരോധപ്രവർത്തനങ്ങൾക്ക് ആരു മുൻകൈ എടുക്കും? വളരെ നിരാശാജനകമാണ് ഇന്ത്യൻ രാഷ്ട്രീയത്തിലെ പ്രതിപക്ഷ സാന്നിധ്യം.

●